


# കുടുംബജ്യോതി 2026

SINCE 1982 ▷▷ ജൂൺ ▷▷പുസ്തകം 44 ▷▷ലക്കം 6

ചങ്ങനാശേരി അതിരൂപതാ കുടുംബ പ്രസിദ്ധീകരണം


ഈ ലക്കത്തിൽ

## ഒറ്റമരംകൊണ്ട് കാട് തീർത്തവൾ

★★★

## ജെൻ സി – യും ക്രിസ്തുവിന്റെ ലീഡർഷിപ്പും

★★★

## ഒറ്റച്ചിറകിലെ അഗ്നിശോഭ

★★★

## ചിരിയും ചിന്തയും നിറച്ച് വാഴ – 2

# content | ഉള്ളടക്കം

**ചീഫ് എഡിറ്റർ**
ഫാ. ജോണിക്കുട്ടി തറക്കുന്നേൽ
ഫോൺ: 8606612262

**മാനേജിംഗ് എഡിറ്റർ**
ഡോ. ജോസഫ് പാറയ്ക്കൽ

**സർക്കുലേഷൻ മാനേജർ**
ജോസി ജോസഫ് ആലഞ്ചേരി
ഫോൺ: 8921677078

**പത്രാധിപസമിതി**
മാർ തോമസ് തറയിൽ

**ആശയം, രൂപകല്പന.**
കിളിക്കൂട്, ആലപ്പുഴ

**അക്ഷരവിന്യാസം.**
മനോജ് വർഗീസ്

**മുദ്രണം.** സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്, ചങ്ങനാശേരി
ഫോൺ: 0481 2410101



Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.

ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

അഭിപ്രായങ്ങളും രചനകളും അയക്കാനുള്ള വിലാസം
chiefeditor.kj@gmail.com
9633008272


| | | |
|---|---|---|
| വില (ഒറ്റപ്രതി) | - | ₹ 25 |
| ഒരുവർഷത്തേക്ക് | - | ₹ 250 |
| തപാലിൽ ലഭിക്കാൻ | - | ₹ 300 |

To subscribe Kudumbajyothi
Whatsapp 'sub' to 9633008272
www.kudumbajyothis.com
kudumbajyothi1982@gmail.com
Like Kudumbajyothi@/ kudumbajyothi



**06** ഒറ്റമരംകൊണ്ട് കാട് തീർത്തവൾ
സ്റ്റാഫ് റിപ്പോർട്ടർ



**12** ജെൻ സി-യും ക്രിസ്തുവിന്റെ ലീഡർഷിപ്പും
കമഡോർ വർഗീസ് മാത്യു

**18** സീറോമലബാർ പ്രവാസത്തിന്റെ ആത്മീയ പരിണാമം
ഫാ. ടോം ഓലിക്കരോട്ട്

**23** ഒറ്റച്ചിറകിലെ അഗ്നിശോഭ
മരീറ്റ എം. വടക്കേക്കളം



**27** കുടുംബമേ, നീ എന്താകുന്നുവോ അതായിത്തീരുക!
ഫാ. ജോസ് ആലഞ്ചേരി

**31** പൊയ്മുഖം
ജോസിമ ജോസഫ്



**34** പഴഞ്ചൻ v/s ന്യൂജെൻ: മാറിയ കാലത്തെ മുത്തശ്ശിക്കഥകൾ
കുട്ടിച്ചായൻ



**38** ചിരിയും ചിന്തയും നിറച്ച് വാഴ-2
ഫാ. മിന്റോ മൂന്നുപറയിൽ

## സ്ഥിരംപംക്തികൾ

**04** പുമുഖം: ആദം, നീ എവിടെയാണ്?

**42** തിരിവെട്ടം: വേലയും കൂലിയും

**45** പുതിയനിയമത്തിലെ കുടുംബദർശനം: കുടുംബത്തിൽ പെണ്ണിന്റെ പദവി

**50** പുറംവാതിൽ: അലസന് അപ്പം ആഹരിക്കാമോ?

കുടുംബജ്യോതി | ചങ്ങനാശേരി അതിരൂപതാ കുടുംബ പ്രസിദ്ധീകരണം
പുസ്തകം 44 ലക്കം 06

**'ആദം, നീ എവിടെയാണ്?',**
**'കായേൻ, നിന്റെ സഹോദരൻ എവിടെയാണ്?'**
ഉത്പത്തി പുസ്തകത്തിലെ ചോദ്യങ്ങൾ
2026-ലും ഉത്തരം തേടിയിറങ്ങുന്നു.



# ആദം, നീ എവിടെയാണ്?



ജോസ് ആൻഡ്രൂസ്

**മു**ഖ്യമന്ത്രി വി.ഡി. സതീശൻ എഴുതിയ പുസ്തകമാണ് "ആദം നീ എവിടെ ആകുന്നു?". അദ്ദേഹം കേരളത്തിന്റെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പായിരുന്നു പുസ്തകത്തിന്റെ പ്രകാശനം. ബൈബിളിനെ അടിസ്ഥാനമാക്കി വിവിധ വേദികളിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങളുടെ സമാഹാരമാണത്. പഴയ നിയമത്തിലെ ഉത്പത്തി പുസ്തകം മൂന്നാം അധ്യായത്തിൽ നിന്നാണ് ഈ തലക്കെട്ട് എടുത്തിരിക്കുന്നത് - ആദിമനുഷ്യനായ ആദം കേട്ട ആദ്യത്തെ ചോദ്യം! മുഖ്യമന്ത്രിയുടെ പുസ്തകത്തിൽ പറയുന്നത് എന്തുതന്നെയായാലും, ആദത്തോടു മാത്രമല്ല, ചരിത്രത്തിന്റെ ഏത് ഘട്ടത്തിലും ജീവിക്കുന്ന ഓരോ മനുഷ്യനോടുമുള്ളതാണ് ആ ചോദ്യം.

സംഭവം നടന്നത് ഒരു വൈകുന്നേരമായിരുന്നു. അന്ന് ഏദൻതോട്ടത്തിൽ ഉലാത്തുന്ന ദൈവത്തിന്റെ ശബ്ദം ആദവും ഹവ്വയും കേട്ടു. പെട്ടെന്നവർ മരങ്ങളുടെ പിന്നിലൊളിച്ചു. അങ്ങനെ ഒളിച്ചിരിക്കാൻ ആദത്തിനും ഹവ്വയ്ക്കും തോന്നിയത് ആദ്യമായിട്ടാണ്. അപ്പോഴാണ് ദൈവത്തിന്റെ ആ ചോദ്യം മുഴങ്ങിയത്: "ആദം, നീ എവിടെയാണ്?" "അങ്ങയുടെ ശബ്ദം കേട്ടു, എന്നാൽ ഞാൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്," എന്നായിരുന്നു അവന്റെ മറുപടി. ദൈവം ചോദിച്ചു, "നിന്നോടാരു പറഞ്ഞു, നീ നഗ്നനാണെന്ന്? തിന്നരുതെന്നു ഞാൻ കൽപിച്ച വൃക്ഷത്തിന്റെ പഴം നീ തിന്നോ?"

തുടർന്ന് ആദം ഹവ്വയെയും, ഹവ്വ തന്നെ പ്രേരിപ്പിച്ച സർപ്പത്തെയും പഴിചാരി. അവരെ ശിക്ഷിക്കുന്ന ആ സംഭാഷണത്തിന്റെ ഒടുവിൽ ദൈവം അവരോടു പറയുന്നു: "നീ പൊടിയാണ്, പൊടിയിലേക്ക് തന്നെ നീ മടങ്ങും." തെറ്റു ചെയ്തപ്പോഴാണ് അവർ നാണത്താലും കുറ്റബോധത്താലും ഒളിച്ചത്. ദൈവം ഈ ചോദ്യം ചോദിച്ചത് ആദത്തിന്റെ ഒളിവിടം അറിയാഞ്ഞിട്ടല്ല; മറിച്ച്, സ്വന്തം തിന്മകളെ ദൈവത്തിനു മുന്നിൽനിന്ന് ഒളിച്ചുവെക്കാൻ മനുഷ്യന് ഒരിക്കലും കഴിയില്ലെന്ന സൂചനയാണ് ഈ ചോദ്യത്തിലുള്ളത്.

ഉത്പത്തി പുസ്തകം നാലാം അധ്യായത്തിലേക്ക് നീളുമ്പോൾ കഥ കൂടുതൽ ഭീതിദമാകുന്നു. ആദത്തിന്റെ മക്കളായ കായേനും ആബേലും - ഒരാൾ കൃഷിക്കാരനും മറ്റേയാൾ ആട്ടിടയനും. ദൈവത്തിന് മികച്ചത് കാഴ്ചവെച്ച ആബേലിൽ ദൈവം പ്രസാദിച്ചപ്പോൾ, ഇതിൽ കോപാകുലനായ കായേൻ സ്വന്തം അനുജനെ വയലിലേക്കു കൂട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തി. അവിടെയും ദൈവം ചോദ്യവുമായി എത്തി: "കായേൻ, നിന്റെ സഹോദരൻ എവിടെയാണ്?" "എനിക്കറിയില്ല, ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ?" എന്നായിരുന്നു കായേന്റെ മറുപടി.

ഈ രണ്ടു ചോദ്യങ്ങളുടെ ഉത്തരം പറയേണ്ട ബാധ്യത ആദത്തിനും കായേനും കൊടുത്തിട്ടു ബൈബിൾ വായിച്ചടയ്ക്കുന്ന മനുഷ്യർ അവരെപ്പോലെ ഒളിച്ചുനടക്കുകയാണ്. പക്ഷേ, കായേനോടുള്ള ദൈവത്തിന്റെ മറുപടി അനീതി ചെയ്യുന്നവർക്കുള്ള മുന്നറിയിപ്പാണ്: "നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചു കരയുന്നു. നിന്റെ കൈയിൽനിന്നു നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വായ്പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും."

പ്രമുഖ എഴുത്തുകാരൻ ഡോ. എം.എൻ. കാരശ്ശേരി 'കായേൻ, നിന്റെ സഹോദരൻ എവിടെ?' എന്ന തലക്കെട്ടിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട്. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും അസഹിഷ്ണുതയുടെയും പേരിൽ സഹപൗരന്മാരെ കൊന്നുതള്ളുന്ന ആധുനിക കാലത്തെ കായേന്മാരെക്കുറിച്ചാണ് അദ്ദേഹം അതിൽ പ്രതിപാദിക്കുന്നത്.

രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ചു പറഞ്ഞ് അവസാനിപ്പിക്കാനാകില്ല. വീടുകളിലെ കൊലപാതകങ്ങളുടെ വാർത്തകളില്ലാത്ത ദിവസമില്ലെന്നായി. മക്കൾ മാതാപിതാക്കളെയും, മാതാപിതാക്കൾ മക്കളെയും, ഭർത്താവ് ഭാര്യയെയും, ഭാര്യ ഭർത്താവിനെയും, സഹോദരങ്ങൾ പരസ്പരവും ഇല്ലാതാക്കുന്നു. ഈ ക്രൂരതകൾക്കിടയിൽ 'കൊല്ലപ്പെട്ട മനുഷ്യരൊക്കെ എവിടെ?' എന്ന ചോദ്യം ബാക്കിയാവുന്നു. ആബേൽ വധത്തിന്റെ സന്ദേശം കൊലപാതകികൾക്കുള്ള മുന്നറിയിപ്പ് മാത്രമല്ല, 'നീ നിന്റെ സഹോദരന്റെ കാവൽക്കാരനാണ്' എന്ന സാഹോദര്യത്തിന്റെ അടിസ്ഥാന പ്രമാണം കൂടിയാണ്.

'ആദം നീ എവിടെയാണ്' എന്ന ചോദ്യം ഉത്പത്തിപ്പുസ്തകത്തിൽ നിന്നെടുത്ത് നമ്മുടെ സ്വന്തം വീട്ടിലേക്കു വച്ചാൽ, "നീ എവിടെയാണെന്ന് എനിക്കറിയാം" എന്ന ദൈവത്തിന്റെ തൊട്ടടുത്തുനിന്നുള്ള പറച്ചിലായി മാറും. മക്കളുടെ കണ്ണീരു വീഴുന്നിടത്ത് മാതാപിതാക്കളോടും, അവഗണിക്കപ്പെടുന്ന മാതാപിതാക്കളുള്ളിടത്ത് മക്കളോടും ബൈബിൾ ഒരു വിചാരണയ്ക്കെന്നപോലെ ഈ ചോദ്യവുമായെത്തും. ഉത്തരവാദിത്തങ്ങൾ മറന്ന് ജീവിക്കുന്ന ദമ്പതികളുടെ യൗവനത്തിന്റെ രാപ്പകലുകളിലോ ജീവിതസായാഹ്നങ്ങളിലോ ഈ ചോദ്യം വന്നു പതിക്കാം: "നീ എവിടെയായിരുന്നു?"

വിശപ്പടക്കാൻ അപ്പം മോഷ്ടിച്ചവനെ വെറുതെ വിട്ട്, അവനെ മോഷ്ടാവാക്കിയ സാഹചര്യത്തിനു കാരണക്കാരായ ബേക്കറിക്കാരനും പോലീസിനും തനിക്കും പിഴയിട്ട ഒരു ന്യായാധിപനെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. മനുഷ്യൻ സഹജീവിയുടെ കാവൽക്കാരനാണെന്നാണ് ആ ന്യായാധിപൻ പറയാൻ ശ്രമിച്ചത്. അട്ടപ്പാടിയിലെ മധു വിശപ്പടക്കാൻ ഇത്തിരി അരിയും മുളകുമെടുത്തതിന് കെട്ടിയിട്ടു തല്ലിക്കൊന്നവരെ നാം ദുഃഖംകൊണ്ടു ശപിച്ചിരുന്നു. പക്ഷേ, ഒന്നാലോചിച്ചാൽ നമ്മുടെ പണം, സ്നേഹം, സാമീപ്യം, സമയം എന്നിവ നൽകി തുണയ്ക്കേണ്ടിയിരുന്ന പലയിടത്തുനിന്നും നാം മുങ്ങിക്കളഞ്ഞിട്ടുണ്ട്. ചിലപ്പോൾ അറിയാതെയാകാം, എങ്കിലും ആ പഴയ ചോദ്യം നമുക്ക് നേരെയും ഉയരുന്നുണ്ട്: "നീ എവിടെയാണ്?"

ആശാ വർക്കർമാർ തുച്ഛമായ വേതന വർധനവിനുവേണ്ടി സമരം ചെയ്തപ്പോൾ, അതിനെ പരിഹാസംകൊണ്ടു മൂടിയവർ "സർക്കാർ എവിടെയാണ്" എന്ന ചോദ്യത്തെ അവഗണിക്കുകയായിരുന്നു. എന്നാൽ, "ഞങ്ങൾ ഇവിടെയുണ്ട്" എന്ന് ജനങ്ങളോട് മറുപടി പറയാൻ പുതിയ സർക്കാരിനു ചെറിയ തോതിലെങ്കിലും സാധിച്ചിട്ടുണ്ട് എന്നത് ആശ്വാസകരമാണ്.

രാഷ്ട്രീയക്കാർ, മതനേതാക്കൾ, സ്ഥാപന ഉടമകൾ, കുടുംബാംഗങ്ങൾ... ആർക്കും ഈ ചോദ്യത്തിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ല. "നീ എവിടെയാണ്?" എന്ന ചോദ്യം നമ്മുടെ നിഴൽപോലെ പിന്നാലെയുണ്ട്. ദൈവം എന്താണ് ഉദ്ദേശിച്ചതെന്ന് നമുക്കറിയാം; ഒരു കുമ്പസാരത്തിലെന്നപോലെ സ്വന്തം തെറ്റുകൾ മനസ്സാക്ഷിയോട് ഏറ്റുപറഞ്ഞ് തിരുത്താൻ നമുക്കിനിയും സമയമുണ്ട്. ○





കവർ സ്റ്റോറി

# ഒറ്റമരം കൊണ്ട് കാട് തീർത്തവൾ

സ്റ്റാഫ് റിപ്പോർട്ടർ

**കാ**ടില്ലാത്ത ആലപ്പുഴയിൽ, തീരദേശത്തിന്റെ മണൽമണ്ണിൽ ഒറ്റയ്ക്ക് ഒരു വനം രൂപപ്പെടുത്തിയ കൊല്ലക്കയിൽ ദേവകിയമ്മയെ തങ്ങളുടെ സ്വകാര്യ അഹങ്കാരമായിട്ടാണ് ആലപ്പുഴക്കാർ കാണുന്നത്. തൊണ്ണൂറ്റിരണ്ടാം വയസ്സിൽ ഈ അമ്മയെ തേടിയെത്തിയ ഈ വർഷത്തെ പത്മശ്രീ പുരസ്കാരം, പ്രകൃതിക്കുവേണ്ടി സമർപ്പിച്ച ഒരു ജീവിതത്തിനുള്ള രാജ്യത്തിന്റെ പ്രണാമമാണ്. നിശബ്ദ സേവനം നടത്തുന്നവരെ ആദരിക്കുന്ന 'അൺസങ് ഹീറോസ്' (Unsung Heroes) വിഭാഗത്തിലാണ് ദേവകിയമ്മയ്ക്ക് ഈ ബഹുമതി ലഭിച്ചത്. ലോക പരിസ്ഥിതിദിനം (ജൂൺ 5) ആചരിക്കുന്ന ഈ വേളയിൽ, പ്രകൃതി സംരക്ഷണത്തിന്റെ ജീവിക്കുന്ന മാതൃകയായ ദേവകിയമ്മയെയും അവർ നട്ടുവളർത്തിയ 'തപോവനം' എന്ന ഹരിതവിസ്മയത്തെയും അടുത്തറിയാം.

'ഒരു വിത്തിൽ നിന്ന് ഒരു വൻമരം ജനിക്കുന്നു; ഒരു മനുഷ്യന്റെ നിശ്ചയദാർഢ്യത്തിൽ നിന്ന് ഒരു കാട് തന്നെ പിറവിയെടുക്കുന്നു.'

## പ്രകൃതിയിലേക്ക് നീണ്ട ആദ്യത്തെ പച്ചപ്പ്

നാലു പതിറ്റാണ്ടു മുമ്പ് തന്റെ വീട്ടുമുറ്റത്ത് ആദ്യമായി ഒരു മരം നടുമ്പോൾ ദേവകിയമ്മ ഒരിക്കലും വിചാരിച്ചിരുന്നില്ല, പതിറ്റാണ്ടുകൾക്കപ്പുറം അത് മൂവായിരത്തിലധികം വൃക്ഷങ്ങൾ നിറഞ്ഞ ഒരു വലിയ കാടായി മാറുമെന്ന്. പ്രകൃതിശാസ്ത്രത്തിലോ പരിസ്ഥിതി പഠനത്തിലോ യാതൊരുവിധ ഔപചാരിക ബിരുദങ്ങളും ഇല്ലാത്ത ഒരു സാധാരണ വീട്ടമ്മയുടെ ഉള്ളിലെ പ്രകൃതിസ്നേഹം എങ്ങനെയൊരു വനമായി പരിണമിച്ചു എന്നത് അത്ഭുതകരമായ ഒരു കഥയാണ്.



കായലുകളും പാടശേഖരങ്ങളും നിറഞ്ഞ ആലപ്പുഴയുടെ തീരപ്രദേശങ്ങളിൽ വനാന്തരീക്ഷം സൃഷ്ടിക്കുക എന്നത് അസാധ്യമെന്നാണ്







പലരും കരുതിയിരുന്നത്. എന്നാൽ, ദേവകിയമ്മയുടെ സകല ധാരണകളെയും നാട്ടുകാരുടെ സംശയങ്ങളെയും അതിലംഘിച്ചുകൊണ്ട് ആ മരങ്ങൾ വളർന്നു പന്തലിക്കുന്നതിനാണ് പിന്നീട് മുതുകുളം എന്ന ഗ്രാമം സാക്ഷ്യം വഹിച്ചത്. ഒരു സാധാരണ കർഷകസ്ത്രീയിൽനിന്ന് പ്രകൃതിയുടെ കാവലാളായ പരിസ്ഥിതിപ്രവർത്തക എന്ന നിലയിലേക്കുള്ള ദേവകിയമ്മയുടെ വളർച്ച കഠിനാധ്വാനത്തിന്റെയും പ്രത്യാശയുടെയും പച്ചപ്പുള്ള ഏടാണ്.

## വേരുകൾ വളർന്ന വഴി: കുട്ടിക്കാലത്തെ ഹരിതപാഠങ്ങൾ

1934-ൽ ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽപ്പെട്ട മുതുകുളം ഗ്രാമത്തിലാണ് ദേവകിയമ്മ ജനിച്ചത്. കൃഷിയോട് ആഴത്തിൽ ആഭിമുഖ്യമുള്ള ഒരു വലിയ കുടുംബത്തിലായിരുന്നു അവരുടെ കുട്ടിക്കാലം. മുത്തശ്ശൻ നൽകിയ ഹരിത പാഠങ്ങളാണ് ചെറുപ്പത്തിലേ അവരുടെ മനസ്സിൽ ചെടികളോടും മരങ്ങളോടുമുള്ള സ്നേഹം നട്ടുപിടിപ്പിച്ചത്. "അക്കാലത്ത്

ഞങ്ങൾക്കാവശ്യമുള്ളതെല്ലാം ഞങ്ങൾ ഞങ്ങളുടെ പറമ്പുകളിൽത്തന്നെ വിളയിച്ചിരുന്നു. എല്ലാത്തരം ഔഷധച്ചെടികളും ഞങ്ങളുടെ കൈയെത്തും ദൂരത്ത് ഉണ്ടായിരുന്നു," എന്ന് ദേവകിയമ്മ പഴയകാലം ഓർത്തെടുക്കുന്നു.

പിന്നീട് അധ്യാപകനായ എം.കെ. ഗോപാലകൃഷ്ണപിള്ളയുമായുള്ള വിവാഹശേഷവും കൃഷിയോടുള്ള ഈ ആഭിമുഖ്യം അവർ കൈവിട്ടില്ല. തങ്ങളുടെ കുടുംബവകയായ പാടശേഖരങ്ങളിൽ നെല്ലും മറ്റ് പയറുവർഗ്ഗങ്ങളും വിളയിക്കാൻ അവർ എപ്പോഴും മുന്നിൽ നിന്നു. തെങ്ങ്, എള്ള്, കിഴങ്ങുവർഗങ്ങൾ എന്നിവയെല്ലാം അവരുടെ മേൽനോട്ടത്തിൽ സമൃദ്ധമായി വളർന്നു. എന്നാൽ, വിധി മറ്റൊന്നായിരുന്നു അവർക്കായി കരുതിവെച്ചിരുന്നത്. ഒരു വലിയ അപകടത്തിന്റെ രൂപത്തിലാണ് ദേവകിയമ്മയുടെ ജീവിതത്തിന്റെ ദിശ മാറിയത്.

## അപകടം മാറ്റിമറിച്ച ജീവിതം: കനലിൽ വിരിഞ്ഞ പച്ചപ്പ്

1980-കളുടെ തുടക്കത്തിലാണ് ദേവകിയമ്മയുടെ ജീവിതത്തെയാകെ ഉലച്ചുകളഞ്ഞ ആ കരിനിഴൽ വീഴുന്നത്. അപ്രതീക്ഷിതമായി ഉണ്ടായ ഒരു ഗുരുതരമായ റോഡപകടം അവരുടെ കാലുകളുടെ ചലനശേഷിയെ ബാധിച്ചു. ഒരു കർഷകസ്ത്രീയെ സംബന്ധിച്ചിടത്തോളം മണ്ണിലിറങ്ങാൻ കഴിയാത്ത അവസ്ഥ ആലോചിക്കാൻപോലും കഴിയാത്ത ഒന്നായിരുന്നു. താൻ ഏറെ സ്നേഹിച്ച പാടങ്ങളിലേക്കും പറമ്പുകളിലേക്കും ഇറങ്ങാനാകാതെ അവർ വീടിനുള്ളിലേക്ക് ചുരുങ്ങി.

"എല്ലാം അവസാനിച്ചു എന്ന് കരുതിയ നാളുകളായിരുന്നു അത്. ശരീരം തളർന്നപ്പോൾ മനസും ഒപ്പം തളർന്നുപോയി," എന്ന് ദേവകിയമ്മ ആ കറുത്ത നാളുകളെ ഓർക്കുന്നു.

ഏതാണ്ട് മൂന്നു വർഷത്തോളം കിടക്കയിൽത്തന്നെ ആയിരുന്നു അവരുടെ ജീവിതം. കടുത്ത മാനസിക വിഷമത്തിലൂടെ കടന്നുപോയ ആ നാളുകളിൽനിന്നുള്ള തിരിച്ചുവരവ് എളുപ്പമായിരുന്നില്ല. എന്നാൽ, മനക്കരുത്തുകൊണ്ട് അവർ ആ പ്രതിസന്ധിയെ മറികടക്കാൻ തീരുമാനിച്ചു. ഒരു ചെറിയ താങ്ങോടെ പതിയെ നടന്നുതുടങ്ങിയപ്പോൾ, അവരെ കാത്തിരുന്നത് വീടിനു മുന്നിലെ വലിയ പറമ്പായിരുന്നു. ശരീരത്തിന്റെ ചലനശേഷി വീണ്ടെടുക്കാനും മനസ്സിന് സന്തോഷം കണ്ടെ



ത്താനുമായി അവർ മണ്ണിലേക്ക് വീണ്ടും കൈകൾ നീട്ടി. അതിന്റെ ആദ്യപടിയായിരുന്നു ഒരു ചെറിയ മരത്തൈ നടീൽ.

ആദ്യത്തെ തൈ മണ്ണിൽ കുഴിച്ചിട്ട് അതിന് വെള്ളമൊഴിച്ചപ്പോൾ അവരുടെ ഉള്ളിലുണ്ടായ ആനന്ദവും സംതൃപ്തിയും വാക്കുകൾക്കതീതമായിരുന്നു. രോഗശയ്യയിൽനിന്ന് പ്രകൃതിയുടെ മടിത്തട്ടിലേക്കുള്ള ആ മടങ്ങിവരവ് അവർക്ക് പുത്തൻ ജീവൻ നൽകി. ദിവസവും ഒരു മരമെങ്കിലും നടുക എന്നതായിരുന്നു തുടക്കത്തിൽ അവർ സ്വയം എടുത്ത തീരുമാനം. ശാരീരിക ബുദ്ധിമുട്ടുകൾ മറന്ന്, ഓരോ ദിവസവും അവർ ഒരു പുതിയ തൈയ്ക്ക് മണ്ണിൽ ജന്മം നൽകി. അത് ക്രമേണ അവരുടെ ദിനചര്യയുടെയും പ്രാണന്റെയും ഭാഗമായി മാറുകയായിരുന്നു.

## തപോവനം: നെൽപ്പാടത്തുനിന്ന് വനത്തിലേക്ക്

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിലെ മുതുകുളം ഗ്രാമത്തിലാണ് ഇന്ന് കാണുന്ന ഈ ഹരിത വിസ്മയം സ്ഥിതി ചെയ്യുന്നത്. ദേവകിയമ്മയുടെ ഭർത്താവിന്റെ കുടുംബവകയായ അഞ്ചേക്കർ സ്ഥലത്താണ് 'തപോവനം' പച്ചക്കുട നിവർത്തി നിൽക്കുന്നത്. ഒരു കാലത്ത് ഈ പ്രദേശം കാടായിരുന്നില്ല; മറിച്ച്, ഈ കുടുംബത്തിന്റെ കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന ഇടമായിരുന്നു. കൊയ്തെടുക്കുന്ന നെല്ല് മെതിക്കാനും, ഉണക്കാനും, വൈക്കോൽ സൂക്ഷിക്കാനുമെല്ലാം ഉപയോഗിച്ചിരുന്ന ഒരു വലിയ പറമ്പായിരുന്നു ഇത്.

തീരദേശ മേഖലയായതുകൊണ്ടുതന്നെ മണൽ നിറഞ്ഞതായിരുന്നു ഇവിടുത്തെ മണ്ണ്. കടുത്ത വേനലിൽ ചുട്ടുപഴുക്കുന്ന ഈ മണൽമണ്ണിൽ ഒരു വനം വളർത്തുക എന്നത് അത്യന്തം ശ്രമകരമായ ജോലിയായിരുന്നു. എന്നാൽ ദേവകിയമ്മ പിന്മാറിയില്ല. പരമ്പരാഗതമായ അറിവുക



ഒരു വീട്ടമ്മയുടെ നിശബ്ദമായ
തപസ്സിന്റെ ഫലമായി ആ അഞ്ചേക്കർ
മണൽപ്പുറം പതിയെപ്പതിയെ
പച്ചപ്പിലേക്ക് വഴിമാറി.



ൾ ഉപയോഗിച്ച് അവർ മണ്ണിനെ പാകപ്പെടുത്തി. കരിയിലകളും ചാണകവും അടുക്കളയിലെ ജൈവമാലിന്യങ്ങളും ചേർത്ത് അവർ മണൽമണ്ണിന് ജീവൻ നൽകി.

താൻ നട്ട ഓരോ തൈയ്ക്കും അമ്മ സ്വന്തം കൈകൊണ്ട് വെള്ളമൊഴിച്ചു. കിണറ്റിൽ നിന്ന് വെള്ളം കോരിയെടുക്കാൻ ശാരീരികമായി ബുദ്ധിമുട്ടിയപ്പോഴും, അവർ മടുപ്പു കാണിച്ചില്ല. രാവിലെയും വൈകുന്നേരവും ചെടികളുടെ അരികിലേക്ക് അവർ നടന്നുചെന്നു. ചെടികളോട് സംസാരിച്ചും അവയുടെ വളർച്ച നോക്കിക്കണ്ടും അവർ സമയം ചെലവഴിച്ചു. അങ്ങനെ ഒരു വീട്ടമ്മയുടെ നിശബ്ദമായ തപസ്സിന്റെ ഫലമായി ആ അഞ്ചേക്കർ മണൽപ്പുറം പതിയെപ്പതിയെ പച്ചപ്പിലേക്ക് വഴിമാറി.

## തണലായി നിന്ന പ്രിയപ്പെട്ടവർ

ഈ വലിയ ഹരിതവിപ്ലവത്തിനു പിന്നിൽ ദേവകിയമ്മയുടെ മാത്രം അധ്വാനമായിരുന്നില്ല, അവരുടെ കുടുംബത്തിന്റെ പൂർണ്ണമായ പിന്തുണയും ഉണ്ടായിരുന്നു. അധ്യാപകനായ ഭർത്താവ് എം.കെ. ഗോപാലകൃഷ്ണപിള്ള അവരുടെ ഈ ആഗ്രഹത്തിന് എല്ലാവിധ പ്രോത്സാഹനവും നൽകി കൂടെനിന്നു. അമ്മയുടെ ഈ പ്രകൃതി സ്നേഹം കണ്ട മക്കളും സഹോദരങ്ങളും തൈകൾ ശേഖരിക്കുന്നതിൽ പങ്കാളികളായി.

അക്കാലത്ത് ദൂരദേശങ്ങളിൽ പോകുന്ന ബന്ധുക്കളോടും സുഹൃത്തുക്കളോടും ദേവകിയമ്മ ഒന്നു മാത്രമേ ആവശ്യപ്പെട്ടിരുന്നുള്ളൂ: "വരുമ്പോൾ എനിക്കു നടാൻ നല്ല ഏതെങ്കിലും ഒരു മരത്തിന്റെ

തൈ കൊണ്ടുവരണം." അങ്ങനെ ദൂരദേശങ്ങളിൽ നിന്നും വനങ്ങളിൽ നിന്നും അപൂർവമായ മരങ്ങളുടെ തൈകൾ ഈ തപോവനത്തിലേക്ക് ഒഴുകിയെത്തി. അമ്മയ്ക്ക് നടാൻ മണ്ണൊരുക്കിയും, ദൂരെനിന്ന് തൈകൾ എത്തിച്ചും മക്കളും പേരക്കുട്ടികളും ഒപ്പം നിന്നതോടെ, ദേവകിയമ്മ നട്ട ഒറ്റമരങ്ങൾ ഒരു വലിയ വനമായി പരിണമിക്കുകയായിരുന്നു.

## ജൈവവൈവിധ്യത്തിന്റെ ഹരിതകലവറ

ഇന്ന് മൂവായിരത്തിലധികം വ്യത്യസ്തയിനം മരങ്ങളും സസ്യങ്ങളും നിറഞ്ഞ ജൈവവൈവിധ്യങ്ങളുടെ വലിയൊരു ഭൂമികയാണ് തപോവനം. കനത്ത വേനലിലും ഈ വനത്തിനുള്ളിൽ കയറിയാൽ വല്ലാത്തൊരു തണുപ്പാണ് അനുഭവപ്പെടുക. തീരദേശത്തെ ചുട്ടുപഴുത്ത മണൽക്കാറ്റിൽ നിന്ന് ഈ അഞ്ചേക്കർ പ്രദേശം മാത്രം എങ്ങനെ തണുത്തുറഞ്ഞിരിക്കുന്നു എന്നത് പ്രകൃതിയുടെ വലിയൊരു അത്ഭുതമാണ്.

തേക്ക്, മഹാഗണി, ഈട്ടി, മരുത് തുടങ്ങിയ വൻവൃക്ഷങ്ങൾ കാടിന് കാവൽക്കാരെപ്പോലെ പന്തലിച്ചു നിൽക്കുന്നു. ഇവയ്ക്കിടയിലാണ് പുരാണപ്രസിദ്ധവും അപൂർവവുമായ സസ്യങ്ങൾ വളരുന്നത്. ഇലകളുടെ മധ്യത്തിൽ കൃഷ്ണന്റെ രൂപം ദർശിക്കാമെന്ന് വിശ്വസിക്കപ്പെടുന്ന 'കൃഷ്ണനാൽ', നീലപ്പൂക്കൾ വിരിയുന്ന 'കായമ്പു' എന്നിവ തപോവനത്തിന്റെ പ്രധാന ആകർഷണങ്ങളാണ്. ഇതുകൂടാതെ ലക്ഷ്മിതരു, അങ്കോലം, കരിങ്ങാലി, അശോകം, കാട്ടുവെളുത്തുള്ളി തുടങ്ങി നൂറിലധികം ഇനത്തിൽപ്പെട്ട ഔഷധസസ്യങ്ങളും ഇവിടെ സംരക്ഷിക്കപ്പെടുന്നുണ്ട്. അന്യംനിന്നു പോകുന്ന പല നാട്ടുചെടികളുടെയും അവസാന അഭയകേന്ദ്രം കൂടിയാണ് ഇന്ന് ഈ തപോവനം.

മരങ്ങൾ മാത്രമല്ല, കാടിന്റെ സാന്നിധ്യം ഇവിടെ ഒരു പുതിയ ആവാസവ്യവസ്ഥയ്ക്കുതന്നെ ജന്മം നൽകിയിട്ടുണ്ട്. പലതരത്തിലുള്ള അപൂർവ പക്ഷികളുടെയും ചെറുജീവികളുടെയും പ്രധാന സങ്കേതമാണിന്ന് ഈ പ്രദേശം. തിളങ്ങുന്ന പച്ചപ്പും നീണ്ട വാലുകളുമുള്ള 'പാരഡൈസ് ഫ്ലൈകാച്ചർ' (നാകമോഹൻ), അപൂർവമായി മാത്രം കാണാറുള്ള 'മരതകപ്രാവുകൾ', പലവർണ്ണങ്ങളിലുള്ള പൂമ്പാറ്റകൾ, വിവിധയിനം പാമ്പുകൾ, കീരികൾ എന്നിവയെല്ലാം ഈ വനത്തിനുള്ളിൽ സ്വസ്ഥമായി ജീവിക്കുന്നു. നഗരവൽക്കരണത്തിന്റെ ഭാഗമായി പക്ഷികൾക്ക് താവളമില്ലാതാകുന്ന ഈ കാലഘട്ടത്തിൽ, മുതുകുളത്തെ ഈ കാട് പ്രകൃതിയുടെ വലിയൊരു അനുഗ്രഹമാണ്.



## അംഗീകാരങ്ങളുടെ ഹരിതമുദ്രകൾ

പ്രതീക്ഷകളോ ലാഭേച്ഛയോ ഇല്ലാതെ ദേവകിയമ്മ ചെയ്ത ഈ നിശബ്ദ സേവനത്തെ രാജ്യം ഒടുവിൽ പരമോന്നത ബഹുമതികൾ നൽകി ആദരിക്കുകയായിരുന്നു. തൊണ്ണൂറ്റിരണ്ടാം വയസ്സിൽ അവരെ തേടിയെത്തിയ 'പത്മശ്രീ' പുരസ്കാരം ഇതിൽ ഏറ്റവും ഒടുവിലത്തേതാണ്. സമൂഹത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടും ജനശ്രദ്ധയിൽപ്പെടാതെ പോയവരെ ആദരിക്കുന്ന 'അൺസങ് ഹീറോസ്' വിഭാഗത്തിലാണ് ദേവകിയമ്മയ്ക്ക് ഈ ബഹുമതി ലഭിച്ചത്.

പത്മശ്രീ കൂടാതെ നിരവധി പ്രമുഖ അവാർഡുകൾ ഇതിനോടകം ദേവകിയമ്മയെ തേടിയെത്തിയിട്ടുണ്ട്:

- **നാരിശക്തി പുരസ്കാരം:** വനിതകൾക്കായി



രാജ്യം നൽകുന്ന ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതിയായ നാരിശക്തി പുരസ്കാരം രാഷ്ട്രപതിയിൽ നിന്നും ദേവകിയമ്മ ഏറ്റുവാങ്ങിയിട്ടുണ്ട്.

- **ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര അവാർഡ്:** പരിസ്ഥിതി-വനവൽക്കരണ മേഖലകളിൽ നൽകുന്ന മികച്ച സംഭാവനകൾക്കായി കേന്ദ്രസർക്കാർ നൽകുന്ന അവാർഡാണിത്.

- **വനമിത്ര അവാർഡ്:** പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളെ മുൻനിർത്തി കേരള സർക്കാർ നൽകിയ വലിയൊരു അംഗീകാരമായിരുന്നു ഇത്.

- **ഭൂമിമിത്ര പുരസ്കാരം:** പരിസ്ഥിതി സൗഹൃദപരമായ ജീവിതശൈലിയും കാട് നിർമ്മാണവും കണക്കിലെടുത്ത് നൽകിയ പുരസ്കാരം.

ഇത്രയേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടും ഒട്ടും ഗർവില്ലാതെ, തികച്ചും ലളിതമായി ജീവിക്കുന്ന ദേവകിയമ്മയോട് അവാർഡുകളെക്കുറിച്ച് ചോദിച്ചാൽ പ്രായത്തിന്റേതായ ചെറുപുഞ്ചിരിയോടെ അമ്മ പറയും: "കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും അവാർഡുകൾ വലിയ കാര്യമാണ്. പക്ഷേ, എനിക്ക് ഏറ്റവും വലിയ അവാർഡ് ഞാൻ നട്ട ഈ മരങ്ങൾ തരുന്ന തണലും, ഒപ്പം ശ്വസിക്കാൻ കിട്ടുന്ന ഈ ശുദ്ധവായുവുമാണ്."

പരിസ്ഥിതിദിനാഘോഷത്തെ കേവലം ചടങ്ങുകളിൽ മാത്രമായി ഒതുക്കാതിരിക്കുക. ദേവകിയമ്മയെപ്പോലെ ദിവസവും മരം നടാനുള്ള സാധ്യതകൾ നമുക്കില്ലെങ്കിലും ജീവിതത്തിൽ ഒരു മരം എങ്കിലും നടുമെന്ന് ഈ പരിസ്ഥിതിദിനാചരണ വേളയിൽ നമുക്കു പ്രതിജ്ഞയെടുക്കാം. ○


## വിവാഹ ഒരുക്ക ധ്യാനം

| | | | | |
|---|---|---|---|---|
| 2026 JUNE | - | 20, 21, 22 (Zion) | - | Booking going on |
| | - | 29, 30, July 1 (Zion) | - | Booking going on |
| 2026 JULY | - | 06, 07, 08 (Zion) | - | Booking going on |
| | - | 27, 28, 29 (Zion) | - | Booking going on |
| 2026 AUGUST | - | 08, 09, 10 (Zion) | - | Booking going on |
| | - | 15, 16, 17 (Zion) | - | Booking going on |
| | - | 31, Sept. 01, 02 (Zion) | - | Booking going on |

*അന്വേഷണങ്ങൾക്ക്*

**ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി**

ഫോൺ - **0481 2424476** സമയം – **11 am to 5 pm**


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി ചാഞ്ഞോടി**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി ചാഞ്ഞോടി**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർഥന

പരിശുദ്ധാത്മാവായ ദൈവമേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കാനും മറക്കാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എനിക്കുായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ, വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്ത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊ് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു... (നിയോഗം പറയുക). ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

*ജെസ്സി കുരുവിള, കളരിക്കൽ*

**കാഴ്ചപ്പാട്**



# ജെൻ സി-യും ക്രിസ്തുവിന്റെ ലീഡർഷിപ്പും


**കമഡോർ വർഗീസ് മാത്യു**
**ഇന്ത്യൻ നാവികസേനാ കമാൻഡിങ് ഓഫീസർ**


**140-ാം ചങ്ങനാശ്ശേരി അതിരൂപതാദിന സമ്മേളനത്തിൽ മുഖ്യപ്രഭാഷണത്തിന്റെ ചുരുക്കരൂപം**



കണ്ടാൽ വലിയ ലുക്കൊന്നുമില്ലെങ്കിലും ഞാൻ ഈ നാട്ടുകാരനാണ് കേട്ടോ! ചമ്പക്കുളം ഫൊറോനയിലെ കണ്ടങ്കരി സെന്റ് ജോസഫ് ഇടവകയിൽ ജനിച്ചുവളർന്ന്, സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് ഭാരതത്തിന്റെ കാവലായി നിയോഗിക്കപ്പെട്ട ഒരു സാധാരണ കുട്ടനാടുകാരൻ. കുട്ടനാട്ടിലെ കട്ടയും കലക്കവെള്ളവും കട്ടൻ കാപ്പിയും തന്ന ആത്മധൈര്യമാണ് എന്റെ ഇന്ധനം. പണ്ട് കുട്ടനാട്ടിൽ പ്രളയം വന്നപ്പോൾ ഇവിടുത്തെ ജനങ്ങളെ മുഴുവൻ നെഞ്ചോടു ചേർത്ത് രക്ഷിച്ച ചരിത്രമുണ്ട് ചങ്ങനാശേരിക്ക്. അതിനുള്ള നന്ദിസൂചകമായിട്ടാണ് എന്റെ കുടുംബം ഈ മണ്ണുമായി ഇത്രമേൽ ബന്ധപ്പെട്ടിരിക്കുന്നത്. ചുരുക്കത്തിൽ ഞാൻ നിങ്ങളിൽ ഒരാളാണ്.

വേദിയിലിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരും അച്ചന്മാരും അതിരൂപതയുടെ പ്രൗഢമായ ചരിത്രത്തെയും വലിയ നേട്ടങ്ങളെയുംകുറിച്ച് വളരെ ഗംഭീരമായി സംസാരിച്ചുകഴിഞ്ഞു. ഇവിടെ സംസാരിക്കാൻ എനിക്കുള്ള യോഗ്യത എന്താണെന്ന് ഞാൻ ആലോചിച്ചു. ഏതാണ്ട് 140 വർഷങ്ങൾക്കു മുമ്പ് ഈ അതിരൂപത സ്ഥാപിക്കാൻ വേണ്ടി രാപ്പകൽ അധ്വാനിച്ച കറുകക്കളം ഗീവർഗീസ് കത്തനാരുടെ അഞ്ചാം തലമുറക്കാരനാണ് ഞാൻ.

പിന്നെ ഒന്നുണ്ട്; കൈവിരിച്ച് കൊന്തചൊല്ലിയിരുന്ന ഒരപ്പനും, മുട്ടുകുത്തി നിന്നുമാത്രം സന്ധ്യാപ്രാർഥന നടത്തിയിരുന്ന ഒരമ്മയും, എന്നെ എപ്പോഴും അൾത്താരയോട് ചേർത്തുപിടിച്ച കുറെ നല്ല വികാരിമാരുമാണ് എന്നെ ഇന്ന് ഇവിടെ എത്തിച്ചത്.



### ബോഡി ഡ്രെയിൻ എന്ന പുതിയ പ്രതിസന്ധി

നമ്മുടെ അതിരൂപതയുടെ 140-ാം വാർഷികം ആഘോഷിക്കുമ്പോൾ ഈ മഹാസദസ്സിലേക്ക് നോക്കിയാൽ ഒരു കാര്യം വ്യക്തമാകും; ഇവിടെ നരച്ച തലമുടികളാണ് ഏറെയും. ചിലതൊക്കെ ഡൈ ചെയ്തതാണെങ്കിലും! എന്നാൽ, ഒരു 150-ഓ 200-ഓ വർഷങ്ങൾക്കപ്പുറം ഈ അതിരൂപതാദിനം ആഘോഷിക്കാൻ ഈ മണ്ണിൽ യഥാർഥത്തിൽ ആരുണ്ടാകും? ഇന്ന് സഭ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി നമ്മുടെ വരുംതലമുറയായ 'Gen Z' അല്ലെങ്കിൽ മില്ലേനിയലുകൾ ഇവിടെ അവശേഷിക്കുമോ എന്നുള്ളതാണ്.

പണ്ടൊക്കെ നമ്മുടെ നാട്ടിൽ 'ബ്രെയിൻ ഡ്രെയിൻ' (Brain Drain) ആയിരുന്നു സംഭവിച്ചിരുന്നത്. കുട്ടികളുടെ ബുദ്ധിയും പ്രാവീണ്യവും പുറംനാടുകളിലേക്ക് പോവുകയും, അവർ അവിടെ ജോലി ചെയ്ത് നാട്ടിലേക്ക് പണമയക്കുകയും ചെയ്തിരുന്നു. അത് നമ്മുടെ സമുദായത്തിനും വലിയൊരു ശാക്തീകരണമായിരുന്നു. എന്നാൽ ഇന്ന് നടക്കുന്നത് 'ബോഡി ഡ്രെയിൻ' (Body Drain) ആണ്. ഇവർ പോവുകയാണ്. മനസ്സും അവിടെയായി, ബുദ്ധിയും അവിടെയായി. പൈസയും തിരിച്ചു വരുന്നില്ല, മനുഷ്യരും തിരിച്ചു വരുന്നില്ല. അതുകൊണ്ടാണ് വിദേശങ്ങളിൽ, മെൽബണിലും യുകെയിലും അമേരിക്കയിലും മറ്റും, പുതിയ രൂപതകൾ സ്ഥാപിക്കാൻ സഭ ഇന്ന് നിർബന്ധിതയാകുന്നത്.

### സഭയുടെ യഥാർത്ഥ 'ഫൈറ്റിംഗ് യൂണിറ്റുകൾ'

പട്ടാളത്തിലെയും സഭയിലെയും നേതൃത്വ ഘടനകൾക്ക് പരസ്പര പൂരകങ്ങളായ ചില സമാനതകളുണ്ട്. മിലിട്ടറിയിൽ ഒരു 'ബറ്റാലിയൻ' എന്നാൽ ഏതാണ്ട് 900 മുതൽ 1000 വരെയുള്ള ആളുകൾ ചേരുന്ന അടിസ്ഥാന പോരാട്ട ഘടകമാണ്. മൂന്ന് ബറ്റാലിയനുകൾ ചേർന്ന് ഒരു ബ്രിഗേഡും, മൂന്നോ നാലോ ബ്രിഗേഡുകൾ ചേർന്ന് പതിനയ്യായിരത്തോളം വരുന്ന ഒരു ഡിവിഷനും രൂപപ്പെടുന്നു. ഇവയെല്ലാം ചേർന്ന് ഒന്നര ലക്ഷത്തോളം സൈനികരുള്ള ഒരു 'കമാൻഡ്' ആയി മാറുന്നു. നമ്മുടെ രൂപതകൾക്കും ഏതാണ്ട് ഇതേ ഘടനയാണ്. വ്യക്തികൾക്ക് നേതൃത്വം കൊടുക്കുന്ന കുടുംബനാഥൻ. കുടുംബങ്ങളാണ് അടിസ്ഥാന ഘടകങ്ങൾ. പല കുടുംബങ്ങൾ ചേരുന്ന കുടുംബക്കൂട്ടായ്മകൾ, പിന്നെ ഇടവകകൾ, ഫൊറോന, രൂപത, അതിരൂപത.

യുദ്ധത്തിൽ നമ്മൾ സ്വീകരിക്കുന്ന ഒരു സുപ്രധാന തന്ത്രമുണ്ട്. സാമ്പത്തിക പ്രതിസന്ധിയോ ഇന്ധനക്ഷാമമോ വരുമ്പോൾ നമ്മൾ ചെലവുകൾ ചുരുക്കുന്നത് സപ്പോർട്ട് സ്റ്റാഫുകളിലാണ്, അല്ലാതെ യഥാർഥത്തിൽ യുദ്ധം ചെയ്യുന്ന 'ഫൈറ്റിംഗ് യൂണിറ്റുകളിൽ' അല്ല. സഭയുടെ പശ്ചാത്തലത്തിലേക്ക് ഇതിനെ പറിച്ചുനട്ടാൽ, സഭയുടെ യഥാർഥ ഫൈറ്റിംഗ് യൂണിറ്റുകൾ എന്നത് നമ്മുടെ വലിയ സ്കൂളുകളോ കോളേജുകളോ ധ്യാനകേന്ദ്രങ്ങളോ അല്ല; മറിച്ച് നമ്മുടെ കുടുംബങ്ങളും ഇടവകകളും മാത്രമാണ്; അവയെ ശക്തിപ്പെടുത്തണം.

### ക്രിസ്തുവിന്റെ നേതൃത്വശൈലി

കുടുംബവും ഇടവകയും ആത്മീയമായി ശക്തമാകാതെ സഭയുടെ ബാഹ്യമായ സ്ഥാപനങ്ങൾ മാത്രം ശക്തിപ്പെടുത്തിയാൽ പുതിയ തലമുറയെ നമുക്കു ലഭിക്കില്ല. ക്രിസ്തുവിന്റെ നേതൃത്വശൈലി വളരെ ലളിതമായിരുന്നു – "ഞാൻ ചെയ്തതുപോലെ നിങ്ങളും ചെയ്യുവിൻ". ക്രിസ്തു താൻ സ്വന്തം ജീവിതത്തിൽ പ്രവർത്തിക്കാത്ത ഒരു കാര്യവും ശിഷ്യന്മാരോട് ആവശ്യപ്പെട്ടിട്ടില്ല. ഈശോ ആവശ്യപ്പെട്ട ലീഡർഷിപ്പ് ഒരുകാര്യം മാത്രമാണ് – be an example!

എന്നാൽ ഇന്ന് പള്ളിയിൽ പോകാൻ മകനോട് ഫോണിലൂടെ ആവശ്യപ്പെടുന്ന അപ്പൻ ചിലപ്പോൾ പള്ളിയിൽ പോകുന്നുണ്ടാകില്ല. മകളോട് കുമ്പസാരിക്കാൻ പറയുന്ന അമ്മ ചിലപ്പോൾ വർഷങ്ങളായി കുമ്പസാരിച്ചിട്ടുണ്ടാകില്ല. നമ്മൾ ജീവിതംകൊണ്ട് മാതൃകയാകാതിരുന്നാൽ ഒരിക്കലും ക്രിസ്തുവിന്റെ ശിഷ്യരാകില്ല. പുതിയ തലമുറ നമ്മെ ഒരിക്കലും ഒരു നേതാവായി അംഗീകരിക്കില്ല.

## ട്രാഫിക് ക്യാമറയല്ല നമ്മുടെ ദൈവം

ജെൻ സി-യുടെ ദൈവസങ്കല്പവും സഭയോടുള്ള സമീപനവും നമ്മൾ ഗൗരവമായി പഠിക്കേണ്ടതുണ്ട്. ആകാശത്തിരിക്കുന്ന, മനുഷ്യന്റെ തെറ്റുകൾ കണ്ടുപിടിക്കാൻ കാത്തിരിക്കുന്ന ഒരു ദൈവത്തെയാണ് നമ്മൾ പലപ്പോഴും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നത്. ആ കുട്ടികളെ സംബന്ധിച്ചിടത്തോളം ഈ ദൈവം റോഡിൽ സ്ഥാപിച്ചിരിക്കുന്ന എഐ ക്യാമറ പോലെയാണ്; ഹെൽമറ്റ് ഇല്ലെങ്കിലോ വേഗത കൂടിയാലോ, അത് കണ്ടെത്തി ഫൈൻ അടിക്കാൻ കാത്തിരിക്കുന്ന ഒരു സംവിധാനം! അല്ലെങ്കിൽ ദൈവം നമ്മുടെ മധ്യേ ഉണ്ട് എന്നു കേൾക്കുമ്പോൾ, ക്ലാസ് മുറികളിൽ അങ്ങോട്ടോ ഇങ്ങോട്ടോ നോക്കാൻ അനുവദിക്കാത്ത, ടോയ്‌ലറ്റിൽ പോകാൻപോലും അനുവാദം തരാത്ത കർക്കശക്കാരായ അധ്യാപകരെപ്പോലെയാണ് നമ്മുടെ ദൈവം എന്നാണവർക്കു തോന്നുന്നത്.



ഗ്രീക്കിൽ നിന്നും ഹീബ്രുവിൽ നിന്നും ലാറ്റിനിലേക്കും ഇംഗ്ലീഷിലേക്കും തുടർന്ന് മലയാളത്തിലേക്കും വന്ന തർജമകളിൽ സംഭവിച്ച ആശയപരമായ വ്യത്യാസങ്ങൾ മൂലമാണ് ഈ അകൽച്ചയുണ്ടായത്. ബൈബിൾ യഥാർഥത്തിൽ പഠിപ്പിക്കുന്നത് ഭയപ്പെടുത്തുന്ന ഒരു ദൈവത്തെയല്ല, മറിച്ച് 'നമ്മുടെ കൂടെയുള്ള' ദൈവത്തെയാണ്. ഒരു കുഞ്ഞ് അമ്മയുടെ കൂടെയായിരിക്കുമ്പോൾ അതിന് അനുഭവപ്പെടുന്ന സുരക്ഷിതത്വവും ആശ്രയത്വവുമാണ് ദൈവാനുഭവം. തെറ്റുകൾ കണ്ടുപിടിക്കുന്ന ജഡ്ജിയായല്ല, തങ്ങളുടെ കൂടെനടക്കുന്ന ഒരു കൂട്ടുകാരനായി ദൈവത്തെ പരിചയപ്പെടുത്തിയാൽ മാത്രമേ 'ജെൻ സി' സഭയിൽ നിലനിൽക്കൂ.

അതുപോലെതന്നെ, ക്രിസ്തുവിന്റെ ലീഡർഷിപ്പ് ഇന്നത്തെ കോർപ്പറേറ്റുകളുടെ 'മാനേജ്മെന്റ് രീതികൾ' പോലെയല്ല. നമ്മൾ ഇന്നു പറയുന്ന "മീൻ കൊടുക്കാതെ ചൂണ്ടയിടാൻ പഠിപ്പിക്കുക" എന്നതൊക്കെ മാനേജ്മെന്റ് തത്വങ്ങളാണ്. എന്നാൽ കുരിശിലെ ക്രിസ്തുവിന്റെ ലീഡർഷിപ്പ് പങ്കുവെച്ച് സ്വയം ഇല്ലാതാകുന്ന ശൈലിയാണ് - "Give your half!" രണ്ടുള്ളവൻ ഒന്നില്ലാത്തവനു കൊടുക്കണം. ഇല്ലായ്മയിൽനിന്നു കൊടുക്കുകയും സ്വയം ഇല്ലാതാകുകയും ചെയ്യുന്ന ലീഡർഷിപ്പാണ് കുരിശിലുള്ളത്. 'ജെൻ സി'ക്ക് വിഭവങ്ങൾ കൈകാര്യം ചെയ്യുന്ന മാനേജർമാരെയല്ല ആവശ്യം; മറിച്ച്, ഉള്ളതുകൊടുത്ത് ഇല്ലാതാകാൻ മടിയില്ലാത്ത ക്രിസ്തുവിന്റെ യഥാർഥ സാക്ഷികളെയാണ്.

## ഔട്ട് ഓഫ് ദി ബോക്സ് പാരമ്പര്യങ്ങൾ

എന്റെ ഓർമ്മയിൽ കണ്ടങ്കരി ഇടവകയിൽ 1978 മുതൽ 1987 വരെ ശുശ്രൂഷ ചെയ്ത പത്തിപറമ്പിൽ അച്ചന്റെ ഒരു ശൈലി



യുണ്ട്. തികച്ചും 'ഔട്ട് ഓഫ് ദി ബോക്സ്' ലീഡർഷിപ്പ്! ഞാൻ മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ എന്നെ അൾത്താരയിലേക്ക് പിടിച്ചുകയറ്റിയത് അദ്ദേഹമാണ്. പള്ളിയുടെ ദൂരെയുള്ള പാടങ്ങളെല്ലാം വിറ്റ്, പള്ളിയോട് ചേർന്നുകിടന്ന വലിയ സ്ഥലം ഒന്നിച്ച് വിലയ്ക്കുവാങ്ങി ആ പാടത്തിന് 'പള്ളിപ്പാടം' എന്ന് പേരിട്ടു. 1983-ൽ പള്ളിയിൽ ആദ്യമായി ഒരു ടെലിഫോൺ കണക്ഷൻ കൊണ്ടുവന്നു. 1984-ൽ ഇന്ദിരാഗാന്ധി മരിച്ച വർഷം പള്ളിയിൽ ആദ്യമായി കോളാമ്പി മൈക്കുകൾ മാറ്റി നല്ലൊരു മ്യൂസിക് സിസ്റ്റം സ്ഥാപിച്ചു. ഒരു സാധാരണ കാർഷിക കമ്മ്യൂണിറ്റിയെ ചെറിയ സമ്പാദ്യങ്ങൾ കൂട്ടിവെച്ച് വലിയൊരു ആസ്തിയിലേക്ക് നയിച്ച ദീർഘവീക്ഷണമായിരുന്നു അത്.

സഭാഭരണത്തിൽ അല്മായരും സ്ത്രീകളും ഇടപെടുന്നത് വലിയ തെറ്റായി കാണുന്നവരുണ്ട്. എന്നാൽ, സഭയുടെ ചരിത്രത്തിൽ ഭരണപരമായ കാര്യങ്ങളിൽ ശക്തമായി ഇടപെട്ട അനേകരിൽ പ്രധാനപ്പെട്ട ഒരു വ്യക്തിയാണ് വിശുദ്ധ കാതറിൻ ഓഫ് സിയന്ന (St. Catherine of Siena). സഭയുടെ മുപ്പത്തിയെട്ടോളം വരുന്ന വലിയ 'ഡോക്ടേഴ്സ് ഓഫ് ദി ചർച്ചിൽ' ഉൾപ്പെടുന്ന നാല് സ്ത്രീകളിൽ ഒരാളാണവർ. അന്നത്തെ മാർപാപ്പ റോമിൽ നിന്നും അവിഞ്ഞോണിലേക്ക് മാറിപ്പോയപ്പോൾ, തന്റെ ശക്തമായ ദൈവിക പ്രബോധനങ്ങളിലൂടെയും കത്തുകളിലൂടെയും മാർപാപ്പയെ റോമിലേക്ക് തിരികെ വിളിപ്പിച്ച് പേപ്പസിയുടെ ചരിത്രം മാറ്റിയെഴുതിയവളാണവർ. അഡ്മിനിസ്ട്രേഷനിൽ ഇടപെടുന്നത് ലീഡർഷിപ്പിന്റെ ഭാഗമാണ്; ഒരു വികാരിയും ഒരു അപ്പനും അമ്മയും സഭയിൽ അങ്ങനെതന്നെ ഇടപെടണം. അപ്പോൾ മാത്രമേ നമ്മുടെ 'ജെൻ സി'ക്ക് ഈ നാട്ടിൽ നിൽക്കാനുള്ള സാധ്യതകൾ ഉണ്ടാവുകയുള്ളു.

### ലേറ്റ് ആയാലും ലേറ്റസ്റ്റ് ആകാം

സൈനിക ജീവിതത്തിൽ കൃത്യനിഷ്ഠ ജീവവായുവാണ്. ഈ സമയകൃത്യതയുടെ പേരിലാണ് നമ്മൾ നമ്മുടെ കുട്ടികളെ എപ്പോഴും കുറ്റപ്പെടുത്തുന്നതും. എലിസബത്തിനെ ശുശ്രൂഷിക്കാൻ തിടുക്കത്തിൽ യാത്രചെയ്ത മറിയത്തെ വചനത്തിൽ നമുക്കു കാണാം. എന്നാൽ, ക്രിസ്തുവിന്റെ സമയക്രമം പലപ്പോഴും ലൗകികമായ കൃത്യതയ്ക്കപ്പുറമായിരുന്നു. ലാസറിന് സുഖമില്ലെന്നറിഞ്ഞിട്ടും ക്രിസ്തു ഉടനെ പുറപ്പെട്ടില്ല, നാലാം ദിവസമാണ് അവിടെയെത്തിയത്. ജനക്കൂട്ടത്തിന്റെ തിരക്കിനു മധ്യേ നടക്കുമ്പോൾ രക്തസ്രാവക്കാരിയായ സ്ത്രീ വന്ന് അവന്റെ വസ്ത്രത്തിൽ തൊട്ടപ്പോൾ ക്രിസ്തു അവിടെ നിന്നു സംസാരിച്ചു, സമയം ഒരല്പം വൈകിപ്പിച്ചു. സക്കേവൂസിനെ കാണാൻ മരച്ചുവട്ടിൽ എത്തിയപ്പോൾ അന്നത്തെ ഡിന്നർ പ്ലാൻ പോലും പൂർണ്ണമായി മാറ്റി അവന്റെ വീട്ടിലേക്കു പോയി. ഒരുപക്ഷെ ശിഷ്യന്മാർക്ക് വല്ലാതെ ദേഷ്യം വന്നിട്ടുണ്ടാകും!

'ജെൻ സി'യുടെ ഭാഷയിൽ പറഞ്ഞാൽ "കുട്ടികൾ ലേറ്റ് ആയാലും, അവർ ലേറ്റസ്റ്റ് ആയി വന്നാൽ മതി". കുട്ടികൾ ഒരല്പം വൈകിയാലും അവരെ വരച്ചവരയിൽ നിർത്താതെ കരുതലോടെ ചേർത്തുപിടിക്കുകയാണ് വേണ്ടത്.

### ജീവിതസമരങ്ങളിലെ കരുത്ത്

മേയ് മാസത്തിൽ മാതാവിന്റെ വണക്കമാസവും ഒക്ടോബറിൽ ജപമാല മാസവും കൊണ്ടാടപ്പെടുന്നു. ചരിത്ര




ത്തിലെ പ്രശസ്തമായ 'ബാറ്റിൽ ഓഫ് ലെപാന്റോ' നടക്കുമ്പോൾ പയസ് അഞ്ചാമൻ മാർപാപ്പ ജപമാല ചൊല്ലി പ്രാർഥിച്ചാണ് കത്തോലിക്കാ നാവികസേനയ്ക്ക് വലിയ വിജയം നേടിക്കൊടുത്തത്. ജപമാല കൈകളിൽ പിടിച്ചു നിൽക്കുന്ന അദ്ദേഹത്തിന്റെ ചിത്രങ്ങൾ പ്രശസ്തമാണ്. 'ക്രിസ്ത്യാനികളുടെ സഹായമായ അമ്മ'യുടെ മാധ്യസ്ഥ്യംതേടി ആ യുദ്ധം ജയിച്ച ഒക്ടോബർ മാസം അങ്ങനെ കൊന്തമാസമായി മാറി. പയസ് അഞ്ചാമൻ മാർപാപ്പ 1572 മെയ് 1-ന് മരണമടയുകയും, നൂറു വർഷങ്ങൾക്കു ശേഷം 1672 മെയ് 1-ന് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. ഈ മേയ് മാസം പിൽക്കാലത്ത് അമ്മയുടെ വണക്കമാസമായി ആഗോളതലത്തിൽ സഭ നീക്കിവെച്ചു.

ജീവിതം ഒരു യുദ്ധമായി കാണുന്ന 'ജെൻ സി' തലമുറയ്ക്ക് അമ്മയോടുള്ള ഭക്തിയും ജപമാലയുടെ കരുത്തും ഇതുപോലെ നമ്മൾ പകർന്നു നൽകണം. മാർത്താണ്ഡവർമ്മയുടെ കുളച്ചൽ യുദ്ധവും പ്രതിസന്ധികളിൽ ക്രൂശിതനിൽനിന്ന് ശക്തിയാർജിച്ച വിശുദ്ധ ദേവസഹായം പിള്ളയുടെ സാക്ഷ്യവുമെല്ലാം നമ്മുടെ കുട്ടികൾക്ക് ആത്മവീര്യം നൽകുന്ന മികച്ച ചരിത്രങ്ങളാണ്.

### തുറന്നിട്ട പള്ളിവാതിലുകൾ

കടലിലെ നാവികർക്കായി പോർട്ട് സിറ്റികളിൽ സ്ഥാപിച്ചിട്ടുള്ള 'സ്റ്റെല്ല മാരിസ്' (Stella Maris - കടലിലെ നക്ഷത്രമായ മറിയം) പള്ളികളുടെ ഒരു വലിയ പ്രത്യേകതയുണ്ട്. ആ പള്ളികളുടെ ഗേറ്റുകളോ വാതിലുകളോ ഒരിക്കലും പൂട്ടാറില്ല. പണ്ട് കടലിൽവെച്ച് മരിക്കുന്ന നാവികരെ അവിടെത്തന്നെ സംസ്കരിക്കുകയോ അല്ലെങ്കിൽ ഫണ്ട് ശേഖരിച്ച് നാട്ടിലേക്ക് അയക്കുകയോ ഒക്കെ ചെയ്തിരുന്നത് ഈ സംവിധാനത്തിലൂടെയാണ്.

എന്നാൽ, നമ്മുടെ നാട്ടിലെ പല പള്ളികളിലും വണ്ടികൾ കയറ്റാത്ത വിധം ഗേറ്റുകൾ പൂട്ടിയിടാ

റുണ്ട്. പ്രായമായവർക്കും രോഗികൾക്കും ഓട്ടോറിക്ഷയിൽ വന്ന് പള്ളിയുടെ ആനവാതിൽ വരെ ഇറങ്ങാൻ തക്കവിധം നമ്മുടെ പള്ളിവാതിലുകളും ഗേറ്റുകളും നമ്മൾ തുറന്നിടണം. വല്യപ്പനെയും വല്യമ്മയെയും പള്ളിയിൽ സുഖമായി കൊണ്ടുവരാൻ സാധിച്ചാൽ നമ്മുടെ കുട്ടികളും പള്ളിയോടും പള്ളിസംവിധാനങ്ങളോടും കൂടുതൽ അടുക്കും.

## ഗലീലി എന്ന അഞ്ചാം സുവിശേഷം

കാസർഗോഡ് മുതൽ പാറശാല വരെയുള്ള ഏതാണ്ട് 600 കിലോമീറ്റർ തീരദേശത്തിന്റെ സുരക്ഷാ ചുമതലയുള്ള ഒരാളാണ് ഞാൻ. നമ്മുടെ അതിരൂപതയുടെ അതിർത്തിയിൽ ഏതാണ്ട് 72 കിലോമീറ്ററോളം തീരദേശമുണ്ട്. ഇസ്രായേലിന്റെ ഭൂപ്രകൃതി നോക്കിയാൽ നമ്മുടെ ചങ്ങനാശേരി പോലെ തന്നെയാണ് – കുന്നുകളുണ്ട്, സമതലമുണ്ട്, ഗലീലി പോലെയുള്ള തീരപ്രദേശവുമുണ്ട്. ചിലർ ഏശയ്യാ പ്രവാചകന്റെ പുസ്തകത്തെയും അപ്പസ്തോല പ്രവർത്തനങ്ങളെയും ഒക്കെ 'അഞ്ചാം സുവിശേഷം' എന്ന് വിളിക്കാറുണ്ട്. എന്നാൽ എന്നെപ്പോലൊരു നാവികന്റെ ചിന്തയിൽ, ഇസ്രയേലിന്റെ ഭൂപ്രകൃതി തന്നെയാണ് അഞ്ചാം സുവിശേഷം!

പട്ടാളത്തിൽ ഒരു തത്വമുണ്ട്; എത്ര വലിയ ഡ്രോണുകളും മിസൈലുകളും വന്നാലും, അവസാനം ഒരു പടയാളി അവിടെ നടന്ന് കാലുകുത്തിയാൽ മാത്രമേ ആ പ്രദേശം കീഴടക്കാൻ സാധിക്കൂ (Victory is still measured on foot). അതുപോലെ, നമ്മുടെ മാതാപിതാക്കളും ഇടയന്മാരും 'ജെൻ സി'യുടെ ജീവിതത്തിലേക്ക്, അവരുടെ മനസ്സിലേക്ക് നേരിട്ട് നടന്ന് കാലുകുത്തണം. ക്രിസ്തു ഗലീലി തിരഞ്ഞെടുത്തത് അത് കേവലം മത്സ്യത്തൊഴിലാളികളുടെ സ്ഥലമായതുകൊണ്ടല്ല; അതൊരു വലിയ പോർട്ട് സിറ്റിയായിരുന്നു. അവിടെ കറുത്തവനും വെളുത്തവനും, ചൈനീസ് മുഖമുള്ളവരും, കച്ചവടക്കാരും പാവപ്പെട്ടവരും യാചകരുമെല്ലാം അടങ്ങുന്ന ഒരു വലിയ സങ്കരസംസ്കാരമുണ്ടായിരുന്നു.

ഇന്നത്തെ നമ്മുടെ കുട്ടികൾ ജീവിക്കുന്ന ഡിജിറ്റൽ ലോകവും ഇത്തരമൊരു ഗലീലിയാണ്. ക്രിസ്തുവിന്റെ സ്വർഗാരോഹണംപോലും മനോഹരമായ ജറുസലേം ദേവാലയത്തിൽ വെച്ചല്ല, മറിച്ച് ഈ സങ്കരസംസ്കാരത്തിന്റെ ഗലീലിയിൽവെച്ചാണ് എന്നത് ശ്രദ്ധേയമാണ്.

'ജെൻ സി'യെ നേടാൻവേണ്ടി തോമാശ്ലീഹാ പറഞ്ഞതുപോലെ നമുക്കും അവന്റെ കൂടെപ്പോകാം, അവനെപ്പോലെയാകാം. ഇന്ന് ചങ്ങനാശേരി അതിരൂപതാംഗങ്ങളായ നമുക്ക് നമ്മുടെ ഇടയൻ മാർ തോമസ് തറയിൽ പിതാവിന്റെ കൂടെ ഈ പുതിയ തലമുറയെയും കൂട്ടി ഗലീലിയിലേക്ക് യാത്ര തിരിക്കാം. 340-ാം വാർഷികത്തിലും നമ്മുടെ അതിരൂപത ഈ മണ്ണിൽ പ്രൗഢിയോടെ നിലനിൽക്കാൻ നമുക്ക് ഒന്നിച്ച് ഇറങ്ങിത്തിരിക്കാം. ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

○



- **പേര്: കമഡോർ വർഗീസ് മാത്യു** (Commodore Varghese Mathew)
- **വീട്ടുപേര്:** കറുകക്കളം (കണ്ടങ്കരി)
- **പദവി:** ഇന്ത്യൻ നാവികസേനയിലെ ഉന്നത ഉദ്യോഗസ്ഥൻ (Commodore). കേരള തീരദേശ സുരക്ഷയുടെയും നാവികസേനാ പ്രവർത്തനങ്ങളുടെയും ഓഫീസർ ഇൻ ചാർജ്
- **വിദ്യാഭ്യാസം:** തിരുവനന്തപുരം കഴക്കൂട്ടം സൈനിക് സ്കൂൾ, നാഷണൽ ഡിഫൻസ് അക്കാദമി
- **നാവികസേനാ സർവീസ്:** 1996-ൽ ഇന്ത്യൻ നാവികസേനയിൽ കമ്മീഷൻ ചെയ്യപ്പെട്ടു. ഗണ്ണറി, മിസൈൽ വാർഫെയർ എന്നീ അത്യാധുനിക യുദ്ധമേഖലകളിൽ മൂന്ന് പതിറ്റാണ്ടോളമായി സമാനതകളില്ലാത്ത വൈദഗ്ധ്യം തെളിയിച്ചു.

# സീറോമലബാർ പ്രവാസത്തിന്റെ ആത്മീയ പരിണാമം

ഫാ. ടോം ഓലിക്കരോട്ട്



അറബിക്കടലിന്റെ തീരത്ത് മാർതോമ്മാ ശ്ലീഹായിൽനിന്ന് പകർന്നുകിട്ടിയ വിശ്വാസത്തിന്റെ കനൽ, ഇന്ന് ആഗോള ഭൂപടത്തിലെ ഹൃദയവീഥികളിൽ ജ്വലിച്ചു നിൽക്കുകയാണ്. സീറോമലബാർ സമുദായത്തിന്റെ പ്രവാസം എന്നത് വെറുമൊരു ഭൗതിക പലായനമല്ല; മറിച്ച്, അതൊരു പൗരസ്ത്യ സഭയുടെ തനിമയെ ആഗോളതലത്തിൽ പ്രതിഷ്ഠിക്കാനുള്ള ചരിത്രപരമായ നിയോഗമാണ്. കേരളത്തിലെ ഗ്രാമീണ പശ്ചാത്തലത്തിൽനിന്ന് വികസിത രാജ്യങ്ങളിലേക്കും മെട്രോപൊളിറ്റൻ നഗരങ്ങളിലേക്കുമുള്ള ഈ കുടിയേറ്റം സമുദായത്തിന്റെ സാമൂഹിക ബോധത്തിലും ആത്മീയ അടിത്തറയിലും വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്.

## 1. സാമ്പത്തിക ഉന്നതിയും ഭൗതിക പരിവർത്തനവും

പ്രവാസം സീറോമലബാർ സമുദായത്തിനു നൽകിയ ഏറ്റവും പ്രകടമായ മാറ്റം സാമ്പത്തിക ഭദ്രതയാണ്. കഠിനാധ്വാനികളായ ഈ സമൂഹം യൂറോപ്പിലും അമേരിക്കയിലും മിഡിൽ ഈസ്റ്റിലും നഴ്സിംഗ്, എഞ്ചിനീയറിംഗ്, ഐടി തുടങ്ങിയ മേഖലകളിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചു. പ്രവാസത്തിലൂടെ കൈവന്ന സാമ്പത്തിക ഭദ്രത സീറോമലബാർ സമുദായത്തെ കേവലം ഒരു പ്രാദേശിക ജനവിഭാഗത്തിൽനിന്ന് ആഗോളതലത്തിൽ സ്വാധീനമുള്ള ഒരു ശക്തിയായി പരിവർത്തനപ്പെടുത്തി. യൂറോപ്പിലെയും അമേരിക്കയിലെയും ആരോഗ്യമേഖലകളിൽ, പ്രത്യേകിച്ച് നഴ്സിംഗ് രംഗത്ത്, ഈ സമുദായത്തിലെ അംഗങ്ങൾ നടത്തിയ മുന്നേറ്റം കേരളത്തിലേക്ക് വിദേശനാണ്യത്തിന്റെ വൻതോതിലുള്ള ഒഴുക്കിന് കാരണമായി. ഈ സാമ്പത്തിക സ്രോതസ്സ് പരമ്പരാഗത കാർഷിക പശ്ചാത്തലമുള്ള സമുദായത്തെ ആധുനികമായ ഒരു പ്രൊഫഷണൽ സമൂഹമാക്കി മാറ്റുകയും, കേരളത്തിലെ ഉൾനാടൻ ഗ്രാമങ്ങളിൽപ്പോലും ആധുനിക ജീവിതസൗകര്യങ്ങൾ ലഭ്യമാക്കാനും സഹായിച്ചു.



ഇങ്ങനെ ലഭ്യമായ വരുമാനം വിദ്യാഭ്യാസ രംഗത്ത് വലിയ നിക്ഷേപമായി മാറിയതോടെ, അടുത്ത തലമുറ ഐടി, ഭരണനിർവ്വഹണം, സാങ്കേതികവിദ്യ എന്നീ മേഖലകളിൽ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തപ്പെട്ടു. കേരളത്തിലെ മെഡിക്കൽ കോളേജുകൾ, എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവയുടെ നിർമ്മാണത്തിലും വളർച്ചയിലും പ്രവാസി നിക്ഷേപം നിർണ്ണായക പങ്ക് വഹിച്ചു. ഈ ഭൗതിക വളർച്ച സമുദായത്തിന്റെ സാമൂഹിക പദവി ഉയർത്തുക മാത്രമല്ല, അന്താരാഷ്ട്ര തലത്തിൽ നയരൂപീകരണങ്ങളിലും സാമൂഹിക മാറ്റങ്ങളിലും ഇടപെടാൻ ശേഷിയുള്ള ഒരു 'ഗ്ലോബൽ ഇൻഫ്ലുവൻസിംഗ് കമ്മ്യൂണിറ്റി'യായി അവരെ മാറ്റുകയും ചെയ്തു. ഇത്തരത്തിൽ പ്രവാസം നൽകിയ സാമ്പത്തിക അടിത്തറയാണ് സമുദായത്തിന്റെ ആത്മീയവും സാംസ്കാരികവുമായ പുരോഗതിക്ക് കരുത്തുറ്റ പിൻബലമേകുന്നത്.

## 2. സ്വത്വബോധത്തിന്റെ ഉണർവ്

സീറോമലബാർ സമുദായത്തിന്റെ പ്രവാസ ചരിത്രത്തിലെ ഏറ്റവും വിപ്ലവകരമായ മാറ്റം അത് നൽകിയ ഭൗതിക നേട്ടങ്ങളല്ല, മറിച്ച് വിശ്വാസികൾക്കിടയിൽ ഉണ്ടായ ആത്മീയവും സാംസ്കാരികവുമായ പുനരുജ്ജീവനവും, അതിന്റെ ആത്മീയ വേരുകളിലേക്കുള്ള (Syriac Revival) മടക്കയാത്രയുമണ്. കേരളത്തിന്റെ അതിരുകൾക്കുള്ളിൽ ആയിരുന്നപ്പോൾ സമുദായത്തിന്റെ തനതായ ആരാധനക്രമത്തെയും സുറിയാനി പൈതൃകത്തെയും പലപ്പോഴും 'ലത്തീൻ വൽക്കരിക്കപ്പെട്ട' രീതികളുടെ നിഴലിലാണ് വിശ്വാസികൾ കണ്ടിരുന്നത്. എന്നാൽ വിദേശ മണ്ണിലെ വൈവിധ്യമാർന്ന ക്രൈസ്തവ സമൂഹങ്ങളുമായുള്ള സമ്പർക്കം, തങ്ങളുടെ സഭയുടെ പൗരസ്ത്യ പാരമ്പര്യം ലോകത്തിലെ തന്നെ ഏറ്റവും പുരാതനവും അമൂല്യവുമാണെന്ന തിരിച്ചറിവ് അവർക്ക് നൽകി.

### *a. സ്വത്വത്തിന്റെ വീണ്ടെടുപ്പ്*

പാശ്ചാത്യ സഭകളുടെ മധ്യത്തിൽ തങ്ങൾ 'ലത്തീൻ കത്തോലിക്കർ' അല്ലെന്നും, മറിച്ച് പൗരസ്ത്യ സുറിയാനി ആരാധനക്രമം പിന്തുടരുന്നവരാണെന്നുമുള്ള തിരിച്ചറിവ് പ്രവാസികളിൽ ശക്തമായി. കേരളത്തിലെ പരിമിതമായ ചുറ്റുപാടുകളിൽനിന്ന് ആഗോള ക്രൈസ്തവ സമൂഹങ്ങളുമായി സംവദിക്കാൻ അവസരം ലഭിച്ചപ്പോൾ, തങ്ങളുടെ സഭയുടെ പൗരസ്ത്യ പാരമ്പര്യം ലോകസഭയ്ക്ക് നൽകുന്ന സവിശേഷമായ സംഭാവനകളെക്കുറിച്ച് പ്രവാസി വിശ്വാസികൾക്ക് പുതിയൊരു ബോധോദയമുണ്ടായി. തങ്ങളുടെ പൂർവികർ പിന്തുടർന്നിരുന്ന അസ്സൽ സുറിയാനി ആരാധനക്രമമാണ് സ്വന്തം വ്യക്തിത്വത്തിന്റെ കാതൽ എന്നവർ തിരിച്ചറിഞ്ഞു. ഇത് ആരാധനക്രമ നവീകരണത്തിന് (Liturgical Restoration) വലിയ ഊർജം നല്കി. പൗരസ്ത്യ സഭയുടെ ഗാംഭീര്യമുള്ള ബലിയർപ്പണ രീതികളിലേക്കും നോമ്പുകളിലേക്കും അനുഷ്ഠാനങ്ങളിലേക്കും തിരിച്ചുപോകാൻ പ്രവാസി സമൂഹം വലിയ പിന്തുണയാണ് നൽകുന്നത്. ലോകത്തിന്റെ ഏത് ഭാഗത്തായിരുന്നാലും തങ്ങളുടെ സഭയുടെ തനതായ നിയമസംഹിതയും ഭരണക്രമവും സംരക്ഷിക്കപ്പെടണമെന്ന് വിശ്വാസികൾ ആഗ്രഹിക്കുന്നു. സ്വന്തമായി രൂപതകൾ വേണമെന്ന വാദവും, പൗരസ്ത്യ പൈതൃകം കാത്തുസൂക്ഷിക്കാനുള്ള പോരാട്ടവും പ്രവാസ മണ്ണിൽ നിന്നാണ് കൂടുതൽ ശക്തിപ്രാപിച്ചത്.





**b. സുറിയാനി പൈതൃകം**


പ്രാർഥനകളിലും ഗാനങ്ങളിലും സുറിയാനി ഭാഷയോടും സംഗീതത്തോടും കാണിക്കുന്ന പുതിയ താൽപര്യം കേവലം ഗൃഹാതുരത്വമല്ല, മറിച്ച്, തങ്ങളുടെ അപ്പസ്തോലിക പാരമ്പര്യത്തെ ഉറപ്പിച്ചു നിർത്താനുള്ള ശ്രമമാണ്. 'മാർത്തോമ്മാ നസ്രാണി' എന്ന സ്വത്വം ഇന്ന് പ്രവാസികൾക്ക് ഒരു ആഭിമാന ചിഹ്നമാണ്. പുരാതനമായ സുറിയാനി പൈതൃകം പേറുന്ന 'മാർത്തോമ്മാ നസ്രാണികൾ' എന്ന സ്വത്വം ഉറക്കെ പ്രഖ്യാപിക്കുന്നത് പ്രവാസി സമൂഹത്തിന് അന്താരാഷ്ട്ര തലത്തിൽ വലിയൊരു ആത്മവിശ്വാസവും സാംസ്കാരികമായ ആഴവും നൽകുന്നുണ്ട്. മാർ തോമാ ശ്ലീഹായിൽനിന്ന് നേരിട്ട് ലഭിച്ച ഈ വിശ്വാസ പാരമ്പര്യം ലോകത്തിലെ ത്തന്നെ ഏറ്റവും പുരാതനമായ ക്രൈസ്തവ പൈതൃകങ്ങളിൽ ഒന്നാണ്. യൂറോപ്പിലും അമേരിക്കയിലുമുള്ള ക്രൈസ്തവ സമൂഹങ്ങളോടു സംവദിക്കുമ്പോൾ, മിശിഹായുടെ അപ്പസ്തോലനിൽനിന്നു നേരിട്ട് പൈതൃകം സ്വീകരിച്ചവരാണെന്ന ബോധ്യം പ്രവാസികൾക്ക് വലിയ ആത്മവിശ്വാസം നല്കുന്നു. ഈ 'അപ്പസ്തോലിക സ്വത്വം' അവരുടെ വിശ്വാസ ജീവിതത്തിന് പുതിയൊരു ആഴവും അർഥവും നൽകുന്നു.

തങ്ങളുടെ വേരുകൾ എവിടെയാണെന്നു വ്യക്തമായി അറിയുന്ന ഒരു ജനതയ്ക്കു മാത്രമേ ആധുനിക ലോകത്ത് പതറാതെ നിൽക്കാൻ സാധിക്കൂ. പ്രവാസത്തിലെ ഏകാന്തതകളിലും വെല്ലുവിളികളിലും 'മാർത്തോമ്മാ നസ്രാണി' എന്ന ബോധം അവർക്കൊരു സംരക്ഷണ കവചമായി മാറുന്നു. സ്വന്തം പാരമ്പര്യത്തെക്കുറിച്ച് അഭിമാനിക്കുന്ന ഒരു സമൂഹം സ്വാഭാവികമായും സാംസ്കാരികമായ ആഴം പ്രകടിപ്പിക്കുകയും, അത് വരുംതലമുറകളിലേക്ക് ആത്മവിശ്വാസത്തോടെ കൈമാറാൻ സജ്ജരാകുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, സുറിയാനി പൈതൃകത്തിലേക്കുള്ള ഈ മടക്കയാത്ര പ്രവാസികളെ സംബന്ധിച്ചിടത്തോളം ഭാവിയെ നേരിടാനുള്ള കരുത്താണ്. തങ്ങളുടെ പുരാതനമായ വേരുകളിൽനിന്ന് ഊർജം ഉൾക്കൊള്ളുന്നതിലൂടെ മാത്രമേ ലോകത്തിന്റെ ഏത് കോണിലും ഒരു 'നസ്രാണി'യായി തലയുയർത്തി നിൽക്കാൻ തങ്ങൾക്ക് സാധിക്കൂ എന്ന് അവരിന്നു തിരിച്ചറിയുന്നു.

### 3. വെല്ലുവിളികളും ആധുനിക പ്രതിസന്ധികളും

പ്രവാസം ചില നിഴലുകളും സമുദായത്തിനുമേൽ വീഴ്ത്തിയിട്ടുണ്ട്. വിദേശങ്ങളിലെ അമിതമായ വ്യക്തി സ്വാതന്ത്ര്യവും ഉപഭോഗസംസ്കാരവും കുടുംബബന്ധങ്ങളിൽ വിള്ളലുകൾ സൃഷ്ടിക്കുന്നു. പാശ്ചാത്യ രാജ്യങ്ങളിലെ ഉപഭോഗസംസ്കാരം ജീവിതത്തെ പൊരുത്തക്കേടുകളില്ലാത്ത ഒരു ആഘോഷമാക്കി മാറ്റാൻ പ്രേരിപ്പിക്കുമ്പോൾ, പരസ്പര വിട്ടുവീഴ്ചകളിലൂടെ നിലനിന്നിരുന്ന പഴയ കുടുംബഘടനയ്ക്ക് ഉലച്ചിൽ തട്ടുന്നു. മാതാപിതാക്കളുടെ ജോലിത്തിരക്കും കുട്ടികളുടെ സാംസ്കാരികമായ സ്വതന്ത്ര ചിന്താഗതിയും തമ്മിലുള്ള പൊരുത്തക്കേടുകൾ പല സീറോമലബാർ കുടുംബങ്ങളിലും വൈകാരികമായ അകലം വർധിപ്പിക്കുകയാണ്. ആത്മീയ മൂല്യങ്ങളെക്കാൾ ഭൗതിക നേട്ടങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്നതോടെ, തലമുറകളായി കൈമാറിവന്ന കൂട്ടായ പ്രാർഥനാജീവിതവും ആഴത്തിലുള്ള സ്നേഹബന്ധങ്ങളും ശിഥിലമാകുന്നു.



***a. തലമുറകൾ തമ്മിലുള്ള വിടവ്***

കേരളീയ സംസ്കാരത്തിൽ വളർന്ന മാതാപിതാക്കളും പാശ്ചാത്യ രീതികളിൽ വളരുന്ന മക്കളും തമ്മിലുള്ള ആശയവിനിമയത്തിലെ തടസ്സം സഭയോടുള്ള ആഭിമുഖ്യത്തെയും ബാധിക്കുന്നു. കേരളീയ ഗ്രാമങ്ങളിലെ പള്ളിക്കൂടങ്ങളിലും ഇടവക സമൂഹങ്ങളിലും വളർന്നുവന്ന മാതാപിതാക്കൾക്ക് സഭയെന്നത് ജീവിതത്തിന്റെ അവിഭാജ്യഘടകമാണെങ്കിൽ, പാശ്ചാത്യ യുക്തിചിന്തകളിൽ വളരുന്ന മക്കൾക്ക് അത് പലപ്പോഴും കേവലം ഒരു ആചാരമായി മാത്രം അനുഭവപ്പെടുന്നു. വിശ്വാസത്തെ ചോദ്യം ചെയ്യപ്പെടാത്ത സത്യമായി കാണുന്ന മാതാപിതാക്കളുടെ മനോഭാവവും, എല്ലാറ്റിനെയും യുക്തിസഹമായി വിശകലനം ചെയ്യുന്ന പുതിയ തലമുറയുടെ രീതിയും തമ്മിലുള്ള സംഘർഷം കുടുംബങ്ങളിലെ സ്വസ്ഥതയെ ബാധിക്കുന്നുണ്ട്. മലയാളം അടിസ്ഥാനമാക്കിയുള്ള ആരാധനക്രമത്തോടും പൗരാണിക ചിഹ്നങ്ങളോടുമുള്ള വിമുഖതമൂലം രണ്ടാം തലമുറ പ്രവാസികൾ സഭാപരമായ കൂട്ടായ്മകളിൽനിന്ന് ക്രമേണ അകന്നുപോകുന്ന പ്രവണത ദൃശ്യമാണ്. ഈ ആശയവിനിമയവിടവ് പരിഹരിക്കാൻ സഭയുടെ പാരമ്പര്യങ്ങളെ ആധുനിക ഭാഷയിലും കാഴ്ചപ്പാടിലും അവതരിപ്പിക്കാൻ സാധിക്കാത്തത് മാതാപിതാക്കളും മക്കളും തമ്മിലുള്ള ആത്മീയമായ അകലം വർധിപ്പിക്കുന്നു.

***b. രീതികളുടെ കൂടിച്ചേരൽ***

പ്രാദേശിക കത്തോലിക്കാ രൂപതകളുടെ കീഴിൽ സ്വന്തം റീത്ത് നിലനിർത്തുക എന്നത് വലിയൊരു പോരാട്ടമാണ്. വ്യത്യസ്തമായ ആരാധനക്രമങ്ങളും പാരമ്പര്യങ്ങളും ഒരേ വിശ്വാസത്തിന്റെ കുടക്കീഴിൽ ഒന്നിച്ചുചേരുമ്പോൾ, അത് ആഗോള സഭയ്ക്കു നൽകുന്നത് അതിമനോഹരമായ ഒരു വൈവിധ്യമാണ്. വിദേശ മണ്ണിലെ പ്രാദേശിക കത്തോലിക്കാ രൂപതകളുമായി ചേർന്നുപ്രവർത്തിക്കുമ്പോൾ, സീറോമലബാർ വിശ്വാസികൾ തങ്ങളുടെ പൗരസ്ത്യ തനിമയെ ആധുനിക ലോകത്തിനു പരിചയപ്പെടുത്തുന്ന ഒരു 'സാംസ്കാരിക അംബാസഡർ' ആയി മാറുകയാണ് ചെയ്യുന്നത്. തങ്ങളുടെ തനിമ നിലനിർത്താൻ വിശ്വാസികൾ നടത്തുന്ന പരിശ്രമങ്ങൾ യഥാർഥത്തിൽ ആഗോള സഭയുടെ 'രണ്ടു ശ്വാസകോശങ്ങളും' (പൗരസ്ത്യവും പാശ്ചാത്യവും) ഒരുപോലെ പ്രവർത്തനക്ഷമമാണെന്ന് തെളിയിക്കുന്നു.

വിദേശ മണ്ണിൽ സീറോമലബാർ മിഷനുകളും രൂപതകളും സ്ഥാപിക്കപ്പെടുന്നത് ആഗോള സഭയുടെ വിശാലതയെയാണ് കാണിക്കുന്നത്. പ്രാദേശിക രൂപതകളുമായി സഹകരിച്ചുകൊണ്ടുതന്നെ സ്വന്തം ആരാധനക്രമം പിന്തുടരുന്നത്, സഭയെന്നത് വൈവിധ്യങ്ങളുടെ കൂട്ടായ്മയാണെന്ന് ലോകത്തിനു കാണിച്ചു കൊടുക്കുന്നു. തങ്ങളുടെ പൗരസ്ത്യ തനിമ കാത്തുസൂക്ഷിക്കാൻ മാതാപിതാക്കൾ കാണിക്കുന്ന താൽപര്യം കുട്ടികളിൽ വലിയ സ്വാധീനം ചെലുത്തുന്നു. ഇത് തങ്ങളുടെ വേരുകൾ പ്രത്യേകതയുള്ളതാണെന്നും, അത് സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്നുമുള്ള തിരിച്ചറിവ് പുതിയ തലമുറയിൽ വളർത്താൻ സഹായിക്കുന്നു.

**4. ഐക്യത്തിന്റെ ചരട്: സഭ എന്ന സങ്കേതം**

പ്രവാസ ലോകത്ത് ചിതറിക്കിടക്കുന്ന വിശ്വാസികളെ കോർത്തിണക്കുന്ന പ്രധാന ഘടകം സഭതന്നെയാണ്. ഈ സഭാപരമായ കൂട്ടായ്മയാണ് പ്രവാസത്തിലെ ഏകാന്തതയിൽനിന്നും സാംസ്കാരിക അപചയത്തിൽനിന്നും സമുദായത്തെ സംരക്ഷിക്കുന്ന കവചം. പ്രവാസലോകത്തെ സീറോമലബാർ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇടവക എന്നത്, ഒരു ആത്മീയ കേന്ദ്രം എന്നതിലുപരി, അവരുടെ സാംസ്കാരിക അസ്തിത്വത്തിന്റെ നട്ടെല്ലായി മാറുന്നു. വിദേശ രാജ്യങ്ങളിലെ അപരിചിതമായ സാമൂഹിക ചുറ്റുപാടുകളിൽ ഒറ്റപ്പെട്ടു



പോകുമ്പോൾ, സ്വന്തം ഭാഷയിലും പരിചിതമായ ഈണത്തിലും പ്രാർഥിക്കാൻ സാധിക്കുന്ന പള്ളിമുറ്റങ്ങൾ അവർക്കു നൽകുന്നത് വലിയൊരു മാനസിക പിൻബലമാണ്. വിശ്വാസപരമായ ചടങ്ങുകൾക്കപ്പുറം, പെരുന്നാളുകളും സ്നേഹവിരുന്നുകളും ഒത്തുചേരലുകളുംവഴി കേരളത്തിലെ ഗ്രാമീണ തനിമയെ പ്രവാസികൾ പുനഃസൃഷ്ടിക്കുന്നു; ഇത് അന്യനാട്ടിലും ഒരു 'വീട്ടിലെന്ന' അനുഭവം (Sense of belonging) അവർക്കു പ്രദാനം ചെയ്യുന്നു. ഈ ആത്മീയ-സാംസ്കാരിക കവചമാണ് യുവതലമുറയെ മദ്യപാനം, ലഹരി തുടങ്ങിയ സാമൂഹിക വിപത്തുകളിൽനിന്നും പാശ്ചാത്യ ലോകത്തെ തീവ്രമായ ഉപഭോഗസംസ്കാരത്തിൽനിന്നും ഒരു പരിധിവരെ സംരക്ഷിച്ചു നിർത്തുന്നത്. ചുരുക്കത്തിൽ, ഭൂഖണ്ഡങ്ങൾക്കപ്പുറം ചിതറിക്കിടക്കുന്ന ഒരു ജനതയെ തങ്ങളുടെ വേരുകളുമായും മൂല്യങ്ങളുമായും ചേർത്തുനിർത്തുന്ന ഏറ്റവും ശക്തമായ ജൈവബന്ധമായി സഭ പ്രവാസ മണ്ണിൽ പ്രവർത്തിക്കുന്നു.

### 5. പ്രവാസി സമൂഹങ്ങൾക്കിടയിലുള്ള അജപാലന ശൈലി

പ്രവാസി സമൂഹങ്ങൾക്കിടയിലുള്ള അജപാലന ശൈലി, കേവലം നിയമകേന്ദ്രീകൃതമാകാതെ, വ്യക്തിപരമായ കരുതലിനും പങ്കുവെക്കലിനും മുൻഗണന നൽകുന്ന 'അനുഗമനത്തിന്റെ ശൈലി' (Style of Accompaniment) ആയിരിക്കണം. വ്യത്യസ്ത സംസ്കാരങ്ങളുമായി ഇടപഴകുന്ന പ്രവാസികളുടെ സവിശേഷമായ മാനസികാവസ്ഥയും വെല്ലുവിളികളും മനസ്സിലാക്കി, സഭ അവർക്ക് കേവലം ഒരു സ്ഥാപനമല്ല, മറിച്ച് ഒരു 'രണ്ടാം വീടാണെന്ന' അനുഭവം നൽകാൻ അജപാലകർക്കു സാധിക്കണം. പുതിയ തലമുറയുടെ യുക്തിചിന്തകളെയും സാംസ്കാരിക മാറ്റങ്ങളെയും തുറന്ന മനസ്സോടെ സ്വീകരിക്കുകയും, അതേസമയംതന്നെ, സഭയുടെ പൗരസ്ത്യ സുറിയാനി പൈതൃകത്തെ കാലാനുസൃതമായ ഭാഷയിൽ അവർക്ക് പകർന്നു നൽകുകയും ചെയ്യുന്ന വൈവിധ്യമാർന്ന അജപാലന മാർഗങ്ങളാണ് ആവിഷ്കരിക്കേണ്ടത്. ഡിജിറ്റൽ സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടുള്ള ആശയവിനിമയവും അജപാലന ശുശ്രൂഷകളിൽ വിശ്വാസികളുടെ സജീവപങ്കാളിത്തം ഉറപ്പാക്കുന്ന പങ്കാളിത്ത ഭരണശൈലിയും (Synodal Approach) പ്രവാസി സഭയുടെ വളർച്ചയ്ക്ക് അനിവാര്യമാണ്.

### ഉപസംഹാരം

സീറോമലബാർ സമുദായത്തിന്റെ പ്രവാസം ഒരു വലിയ പരിണാമ പ്രക്രിയയിലൂടെയാണ് കടന്നുപോകുന്നത്. അത് ദാരിദ്ര്യത്തിൽ നിന്നുള്ള മോചനമായി തുടങ്ങി, ഇന്ന് സ്വത്വബോധത്തിന്റെ വീണ്ടെടുക്കലുകളിൽ എത്തിനിൽക്കുന്നു. സാങ്കേതികമായി മുന്നേറുമ്പോഴും തങ്ങളുടെ പുരാതനമായ സുറിയാനി വേരുകളിലേക്ക് വിശ്വാസികൾ ആഴ്ന്നിറങ്ങുന്നത് ശുഭസൂചനയാണ്. വിശ്വപൗരന്മാരായി വളരുമ്പോഴും നസ്രാണി പാരമ്പര്യത്തിന്റെ നന്മകൾ കാത്തുസൂക്ഷിക്കുന്ന ഒരു ജനതയായി നിലകൊള്ളുക എന്നതാണ് ഈ പ്രവാസ കാലഘട്ടം സമുദായത്തിനു നൽകുന്ന ഏറ്റവും വലിയ ദൗത്യം. ഭാഷയ്ക്കും ഭൂഖണ്ഡങ്ങൾക്കും അപ്പുറം, മിശിഹായിലുള്ള വിശ്വാസവും മാർ തോമ്മാ ശ്ലീഹായുടെ പാരമ്പര്യവുമാണ് ഈ സമൂഹത്തെ ഇന്നും ഒന്നായി നിലനിർത്തുന്നത്. ○



സാമൂഹികം

# ഒറ്റച്ചിറകിലെ അഗ്നിശോഭ

മരീറ്റ എം. വടക്കേക്കളം

അതിരൂപതാ കോർഡിനേറ്റർ, യൂദിത്ത്-നവോമി ഫോറം

**നമ്മുടെ കണക്കുകൂട്ടലുകൾക്കും തീരുമാനങ്ങൾക്കുമപ്പുറം സംഭവിക്കുന്ന ഒരു അവസ്ഥാവിശേഷം എന്ന നിലയിൽ ഭർത്താവിന്റെ വേർപാട് ഏൽപ്പിക്കുന്ന മുറിവുകൾ ആഴമേറിയതാണ്. ജീവിതയാത്രയുടെ പാതിവഴിയിൽ ഇത്തരത്തിൽ കടുത്ത ഏകാന്തതയിലേക്ക് എറിയപ്പെട്ട അനേകം സഹോദരിമാർക്കുള്ളതാണ് ഈ കുറിപ്പ്.**

**ജീ**വിതം എന്നത് സ്രഷ്ടാവ് കരുതിവെച്ചിരിക്കുന്ന വലിയ വിസ്മയങ്ങളുടെയും അപ്രതീക്ഷിതമായ വഴിത്തിരിവുകളുടെയും ഒരു കലവറയാണ്. ആത്മീയമായി ചിന്തിക്കുന്നവർ ജീവിതത്തിന്റെ ഓരോ സ്പന്ദനത്തിലും ദൈവത്തിന്റെ കയ്യൊപ്പു ദർശിക്കുന്നു. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം 'വൈധവ്യം' വെറുമൊരു അവസ്ഥയല്ല; മറിച്ച്, ദൈവികമായ ഇടപെടൽ ആവശ്യമായ പുതിയൊരു ജീവിതാവസ്ഥയും സങ്കീർണ്ണമായൊരു യാത്രാപഥവുമാണ്.

നമ്മുടെ കണക്കുകൂട്ടലുകൾക്കും തീരുമാനങ്ങൾക്കുമപ്പുറം സംഭവിക്കുന്ന ഒരു അവസ്ഥാവിശേഷം എന്ന നിലയിൽ ഭർത്താവിന്റെ



വേർപാട് ഏൽപ്പിക്കുന്ന മുറിവുകൾ ആഴമേറിയതാണ്. ജീവിതയാത്രയുടെ പാതിവഴിയിൽ ഇത്തരത്തിൽ കടുത്ത ഏകാന്തതയിലേക്ക് എറിയപ്പെട്ട അനേകം സഹോദരി മാർക്കുള്ളതാണ് ഈ കുറിപ്പ്.

## തളർന്നുപോകാനല്ല, കരുത്തോടെ തളിർക്കാൻ

ഒരുമിച്ച് കെട്ടിപ്പടുത്ത ജീവിതത്തിൽനിന്ന് ജീവിതപ ങ്കാളി അപ്രതീക്ഷിതമായി കടന്നുപോകുമ്പോൾ ഉണ്ടാ കുന്ന ആഘാതം വിവരണാതീതമാണ്. എന്നാൽ, ആ നോവിൽ മാത്രം തളച്ചിടപ്പെടേണ്ടവരല്ല നിങ്ങൾ. ഭർത്താ വ് ബാക്കിവെച്ച ഉത്തരവാദിത്തങ്ങളും സ്വപ്നങ്ങളും പൂർത്തിയാക്കേണ്ട നിയോഗങ്ങളുമുണ്ട്. മരണം ഒരു സത്യമാണ്; എന്നാൽ, അതിനേക്കാൾ വലിയ യാഥാ ർഥ്യമാണ് നിങ്ങൾ ജീവിച്ചിരിക്കുന്നു എന്നത്.

നിങ്ങളുടെ ഭാവി നിർണ്ണയിക്കേണ്ടതും രൂപപ്പെടു ത്തേണ്ടതും നിങ്ങൾ തന്നെയാണ്. പ്രിയപ്പെട്ടവരുടെ വേർപാടോടെ കുടുംബത്തിന്റെ ഒരു വലിയ വാതിൽ നമുക്കു മുമ്പിൽ അടഞ്ഞുപോകുമ്പോഴും പ്രതീക്ഷയുടെയും പ്രാർഥനയുടെയും ആത്മ വിശ്വാസത്തിന്റെയും ഒട്ടനവധി വാതിലുകൾ ദൈവം നിങ്ങൾക്കായി തുറന്നുവെച്ചിട്ടുണ്ട്.

## വേദനകളിൽനിന്നും പുത്തൻ നാമ്പുകളിലേക്ക്

അപ്രതീക്ഷിതമായ ഒറ്റപ്പെടലുകൾ പല പ്പോഴും വ്യക്തികളെ സമൂഹത്തിൽനിന്ന് ഉൾവലിയാനും ഭയത്തോടെ ജീവിതത്തെ നോക്കിക്കാണാനും പ്രേരിപ്പിക്കാറുണ്ട്. മാ നസികവും ശാരീരികവും സാമൂഹികവുമായ കടുത്ത ഏകാന്തതയിലേക്ക് വൈധവ്യം ഒരുവളെ തള്ളിവിട്ടേക്കാം. ജീവിതത്തിലെ വലിയ ഇടിമുഴക്കങ്ങൾ നമ്മെ ഭയപ്പെടു ത്തുമ്പോൾ ഓർക്കുക; വലിയ ഇടിമുഴക്ക ങ്ങൾക്കും പേമാരിക്കും ശേഷമാണ് മണ്ണിൽ പുതുനാമ്പുകൾ കരുത്തോടെ മുളപൊട്ടുന്നത്.

വൈധവ്യം നിങ്ങളുടെ ജീവിതത്തെ പിടി ച്ചുലച്ച ഒരു ഇടിമുഴക്കമായിരിക്കാം. പക്ഷെ, അതിനു പിന്നാലെ നിങ്ങളുടെ ജീവിതത്തിലും പുതിയ നാമ്പുകൾ പൊട്ടിമുളയ്ക്കും എന്നത് തീർച്ച. അതിനായി നാം ഹൃദയമൊരുക്കണം, കണ്ണീരു തുടച്ച് മുന്നോട്ടു നടക്കാൻ തയ്യാറാ കണം. വൈധവ്യം കേവലം ഒരു കിതപ്പല്ല, മറിച്ച് ജീവിതത്തിലെ വലിയൊരു കുതിപ്പി നുള്ള മുന്നൊരുക്കമാണ്.

## ദൈവവചനത്തിന്റെ വെളിച്ചത്തിൽ

*'അൽമന'* എന്ന ഹെബ്രായ പദമാണ് പഴ യനിയമത്തിൽ 'വിധവ' എന്ന അർഥത്തിൽ ഉപയോഗിച്ചിരിക്കുന്നത്. പഴയനിയമത്തിൽ 56 തവണയും പുതിയനിയമത്തിൽ 26 തവണയും വിധവകളെ പരാമർശിക്കുന്നു ണ്ട്. വിധവകൾ ആരാണെന്നും അവർക്കു സമൂഹത്തിലുള്ള സ്ഥാനമെന്തെന്നും അവർ എങ്ങനെ ജീവിക്കണമെന്നും വ്യക്തമായ മാർഗനിർദേശങ്ങൾ (1 തിമോത്തി 5:3-16) ബൈബിൾ നൽകുന്നുണ്ട്.

വിധവകൾ സമൂഹത്തിൽ പ്രത്യേക പരി ഗണന അർഹിക്കുന്ന വിഭാഗമാണെന്ന് ബൈബിൾ അടിവരയിട്ടു പറയുന്നു. അവർ ദൈവത്താൽ പ്രത്യേകം സംരക്ഷിക്കപ്പെട്ടവ രാണ്. അവർക്കു ലഭ്യമാകേണ്ട അവകാശ ങ്ങളെക്കുറിച്ചും അവരോടു കാണിക്കേണ്ട കരുണയെക്കുറിച്ചും തിരുവചനം വാചാല മാകുന്നുണ്ട്.



പുതിയനിയമത്തിൽ പലയിടങ്ങളിലും വിധവകളായ സ്ത്രീകളെ ക്രിസ്തു ചേർത്തുപിടിക്കുന്നത് നമുക്കു കാണാനാകും. നായിനിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്ന സംഭവം, ന്യായാധിപനും വിധവയും എന്ന ഉപമ, വിധവയുടെ കാണിക്ക എന്നിവ ഉദാഹരണങ്ങളാണ്. വിധവയായിരുന്ന അന്ന പ്രവാചിക (ലൂക്കാ 2:36-38) രാപ്പകൽ ഭേദമന്യേ ദൈവാലയത്തിൽ പ്രാർഥനനയോടെ കഴിഞ്ഞിരുന്നവളായിരുന്നു. ഈശോയുടെ കരുണയും പ്രശംസയും പിടിച്ചുപറ്റിയവരായിരുന്നു ഈ സ്ത്രീകൾ.

## സഭയുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്തം

ആദിമ ക്രൈസ്തവസമൂഹത്തിൽ വിധവകളുടെ സംരക്ഷണം ഏറെ ശ്രദ്ധയോടെ കൈകാര്യം ചെയ്തിരുന്ന ഒരു സുപ്രധാന മേഖലയായിരുന്നു. വിധവകളെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ മുഴുവൻ കൂട്ടുത്തരവാദിത്തമാണെന്ന് അവർ നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ ഇടവകകളിലും കുടുംബക്കൂട്ടായ്മകളിലും വിധവകൾക്കു പ്രത്യേക പരിഗണനയും സ്നേഹപൂർണ്ണമായ ചേർത്തുപിടിക്കലും അത്യന്താപേക്ഷിതമാണ്.

സഭയും സമൂഹവുംചേർന്ന് അവർക്കാവശ്യമായ മാനസികവും സാമ്പത്തികവുമായ പിന്തുണ ഉറപ്പാക്കണം. വൈകാരികമായ പിൻബലത്തോടൊപ്പം സാമ്പത്തികമായ സ്വയംപര്യാപ്തതകൂടി കൈവരിക്കുമ്പോഴാണ് അവരുടെ അതിജീവനം പൂർണ്ണമാകുന്നത്. ജീവിതം കൂടുതൽ അർഥവത്തായി മുന്നോട്ട് കൊണ്ടുപോകാൻ അവർക്കു കൃത്യമായ ആത്മീയപരിശീലനവും മാർഗനിർദേശങ്ങളും നൽകേണ്ടതുണ്ട്.

## ഫീനിക്സ് പക്ഷിയെപ്പോലെ ഉയർന്നെഴുന്നേൽക്കാൻ

ഒറ്റച്ചിറകിൽ പറക്കുമ്പോഴും ഉള്ളിൽ അഗ്നിയുടെ കരുത്ത് സൂക്ഷിക്കുന്നവരാണ് ഈ അമ്മമാർ. മക്കളുടെ ജീവിതമാകുന്ന പായ്ക്കപ്പലിന്റെ ചുക്കാൻ പിടിച്ച് അവരെ സുരക്ഷിത തീരത്ത് എത്തിക്കേണ്ട പൂർണ്ണ ഉത്തരവാദിത്തം വഹിച്ച് ഒരേ സമയം അപ്പന്റെയും അമ്മയുടെയും റോൾ അവൾക്ക് ഏറ്റെടുക്കേണ്ടി വരുന്നു. ഇതൊരു വലിയ വെല്ലുവിളിയാണ്. അപ്പനില്ലാത്ത മക്കളെ എങ്ങനെ വളർത്തി വലുതാക്കും എന്ന ചിന്തയോടെ അവർക്കായി എരിഞ്ഞുനിൽക്കുന്ന കെടാവിളക്കുകളാണ് ഈ അമ്മമാർ.

മക്കളുമായി ആഴമേറിയ സ്നേഹബന്ധം സ്ഥാപിക്കുക എന്നതാണ് ഈ ഘട്ടത്തിൽ ഏറ്റവും പ്രധാനം. അവരെ യാഥാർഥ്യബോധമുള്ളവരായി വളർത്തുക. കുടുംബത്തിന്റെ ജീവിതസാഹചര്യങ്ങൾ എന്താണെന്ന് മക്കൾ മനസ്സിലാക്കി വളരട്ടെ. ഭാവി സുരക്ഷിതമാക്കാൻ അവരെ പ്രാപ്തരാക്കുന്നതിനൊപ്പം, അവർക്കൊരു താങ്ങായി എപ്പോഴും പിന്നിൽ നിൽക്കുക. ചിലപ്പോഴെങ്കിലും സ്വന്തം മക്കളിൽ നിന്നുതന്നെ ഹൃദയഭേദകമായ അനുഭവങ്ങൾ അവർക്ക് നേരിടേണ്ടി വന്നേക്കാം. അവരുടേതായ ഇടം അവർക്കു നൽകുകയും, ദൈവാനുഭവത്തിലും ദൈവകൃപയിലും അവരെ വളർത്തുകയും ചെയ്യുക.

ആധുനികതയുടെ അതിപ്രസരത്തിൽ കുടുംബത്തിന്റെ നേതൃത്വം മാതാപിതാക്കളിൽനിന്ന് മക്കളിലേക്ക് വഴിമാറുന്നു. വഴി തെളിക്കേണ്ട മാതാപിതാക്കളെ മാറ്റിനിർത്തി ആ നിയന്ത്രണം മക്കൾ ഏറ്റെടുക്കുന്ന കാഴ്ചയും വിരളമല്ല. എന്നിരുന്നാലും, നമ്മുടെ മക്കൾക്കായി നാം ജീവിക്കുകയും,

## അതിജീവനത്തിനായുള്ള പ്രായോഗിക നിർദ്ദേശങ്ങൾ

- ഒറ്റപ്പെടലുകളെ ഭയക്കാതെ, അതിനെ ക്രിയാത്മകമായി ഉപയോഗിക്കാൻ പഠിക്കുക.
- സ്വന്തം ജീവിതത്തിന്റെ കപ്പിത്താൻ നിങ്ങളാണെന്ന് തിരിച്ചറിയുക.
- സമാന ചിന്താഗതിക്കാരുമായുള്ള കൂട്ടായ്മകളിൽ സജീവമായി പങ്കെടുക്കുക.
- സാമ്പത്തിക സുരക്ഷിതത്വവും സ്വയംപര്യാപ്തതയും കണ്ടെത്താൻ ശ്രമിക്കുക.
- കുടുംബങ്ങളിലും സമൂഹങ്ങളിലും സഭയിലും ഒരു അനുഗ്രഹമായി മാറാൻ ശ്രമിക്കുക.
- ദൈവവിശ്വാസത്തിൽ അടിയുറച്ചു നിൽക്കുക.
- വിവിധങ്ങളായ പരിശീലന പരിപാടികളിൽ ഭാഗമാകുകയും സ്വയം പര്യാപ്തതയിലേക്ക് നടന്നുനീങ്ങുകയും ചെയ്യുക.
- ഇടവക തലങ്ങളിൽ വിധവകളുടെ ഉന്നമനത്തിനായി വിവിധ കർമ്മപദ്ധതികളും, ആത്മീയ പരിപാടികളും, സെമിനാറുകളും സംഘടിപ്പിക്കുക.

വെണ്ണീറിൽനിന്നും ചിറകടിച്ചുയരുന്ന 'ഫീനിക്സ് പക്ഷിയെ'പ്പോലെ പ്രതിസന്ധികളിൽനിന്ന് നാം ഉയർന്നെഴുന്നേൽക്കണം.

### ദൈവാശ്രയത്വത്തിന്റെ കരുത്ത്

അസാധ്യതകളെ സാധ്യതകളാക്കി മാറ്റാൻ കഴിവുള്ള ദൈവത്തിൽ ആശ്രയിക്കുമ്പോൾ നമ്മുടെ കാൽപ്പാടുകൾ വെളിച്ചം കണ്ടെത്തും. ദൈവം തന്റെ ഉന്നതമായ ഏതോ നിയോഗത്തിനായി ഉപയോഗിക്കാൻ ഒട്ടനവധി കഴിവുകൾ നമ്മിൽ ഓരോരുത്തരിലും നിക്ഷേപിച്ചിട്ടുണ്ട്. അത് കണ്ടെത്തി, നിറമാർന്ന ജീവിതത്തിന് ഉടമയാകാൻ നമ്മെ വിളിക്കുന്ന ദൈവസ്വരത്തിന് കാതോർക്കാം. വൈധവ്യത്തിന്റെ മരുഭൂമികളെ തളിരണയിച്ച് തണൽ പരത്താൻ നിങ്ങൾക്കു സാധിക്കും. ജീവിതപ്രതിസന്ധികളുടെ ഉൾക്കടലിൽ നട്ടംതിരിയാതെ, പ്രത്യാശയുടെ കരതേടി ആത്മവിശ്വാസത്തിന്റെ കൊടിയുയർത്തി, ഉറച്ച മനസ്സോടെ യാത്ര ചെയ്യാൻ നിങ്ങൾക്ക് സാധിക്കും. കാലത്തിനൊപ്പം നടക്കുവാനും കാലത്തിനപ്പുറം കാണാനും നിങ്ങൾക്കാകും.

### യുദിത്ത് – നവോമി ഫോറം

ബൈബിളിലെ യുദിത്ത്, നവോമി എന്നീ ധീരവനിതകളുടെ നാമധേയത്തിലുള്ള കൂട്ടായ്മയാണ് 'യുദിത്ത് - നവോമി ഫോറം'. വിധവകൾക്കുവേണ്ടി വിധവകൾത്തന്നെ നടത്തുന്ന ഈ ശുശ്രൂഷ, ജീവിതപങ്കാളിയുടെ മരണശേഷം ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകൾക്ക് വലിയൊരു താങ്ങാണ്. ആത്മവിശ്വാസം വീണ്ടെടുക്കാനും, ദൈവത്തിൽ പുതിയ ജീവിതം കണ്ടെത്താനും, പരസ്പരം ശാക്തീകരിക്കാനും ഈ കൂട്ടായ്മ സഹായിക്കുന്നു. സമൂഹത്തിൽ അവർക്ക് ഉത്തരവാദിത്തങ്ങൾ നൽകുകയും ഏതു പ്രതിസന്ധിയെയും ധീരതയോടെ നേരിടാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

വൈധവ്യം അർഥപൂർണ്ണമാക്കാൻ സഹായിക്കുന്ന പരിശീലനങ്ങളും ഒത്തുചേരലുകളും പങ്കുവെക്കലുകളും ഫാമിലി അപ്പോസ്റ്റലേറ്റിന്റെ കീഴിലുള്ള ഈ പ്രസ്ഥാനം ചെയ്തുവരുന്നു.

### ലോക വിധവാ ദിനം – ജൂൺ 23

സമൂഹത്തിൽ വിധവകളുടെ പ്രാതിനിധ്യം ഉറപ്പാക്കുവാനും അവർക്ക് അർഹമായ അവകാശങ്ങൾ നേടിയെടുക്കാനുമുള്ള ഒരു ദിനമാണിത് - അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനും സംരക്ഷിക്കുവാനുമുള്ള ഓർമ്മപ്പെടുത്തൽ. അവർ നേരിടുന്ന പ്രതിസന്ധികളെ സമൂഹത്തിന്റെ മുമ്പിലേക്കു കൊണ്ടുവരുവാനും, അതിജീവനത്തിന്റെ കരുത്ത് പകർന്നുനൽകാനും ഈ ദിനം സഹായിക്കുന്നു.

യുദിത്തിനെപ്പോലെ അനേകർക്കു വിമോചകരാകാൻ നിങ്ങൾക്കു സാധിക്കട്ടെ. പുതിയനിയമത്തിൽ നാം കണ്ടുമുട്ടുന്ന വിധവകളായ സ്ത്രീകളെപ്പോലെ ദൈവപുത്രന്റെ പ്രശംസയ്ക്കു പാത്രമാകാൻ നിങ്ങൾക്കു കഴിയണം. ഓർക്കുക, വൈധവ്യം ഒരു ശാപമല്ല; ജീവിതത്തിന്റെ അവസാനവുമല്ല. അതൊരു പുതിയ ജീവിതത്തിന്റെ തുടക്കമാണ്, അതൊരു അനുഗ്രഹമാക്കി മാറ്റാൻ നിങ്ങൾക്കു സാധിക്കും.

നിങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കപ്പെടട്ടെ, നൊമ്പരങ്ങൾ മാഞ്ഞുപോകട്ടെ. തിളക്കമാർന്ന മണിമുത്തുകളായി നിറമാർന്ന ജീവിതത്തിന് നിങ്ങൾ ഉടമകളാകട്ടെ. പ്രകാശിത വൈധവ്യം പ്രശോഭിത സമൂഹത്തെ സൃഷ്ടിക്കട്ടെ. ○

കുടുംബം

# കുടുംബമേ, നീ എന്താകുന്നുവോ അതായിത്തീരുക!

ഫാ. ഡോ. ജോസ് ആലഞ്ചേരി



**ഞാ**ൻ ഏറെ അഭിമാനത്തോടെ ഓർക്കുന്ന ഒരു കുടുംബത്തിന്റെ കഥ പറഞ്ഞുകൊണ്ട് ഈ ചിന്തകൾ ആരംഭിക്കാം. ഡോക്ടർമാരായ ജോണും ശാലിനിയും. വൈവാഹിക ജീവിതത്തിന്റെ മധ്യദശയിൽ ഞാൻ അവരെ പരിചയപ്പെടുമ്പോൾ, തങ്ങൾക്കു ചുറ്റുമുള്ള ലോകത്തിനു പ്രകാശമേകുന്ന ഒരു ഉത്തമ മാതൃകയായിരുന്നു ആ ദമ്പതികൾ. നാലു മക്കളുടെ മാതാപിതാക്കളായ അവർ തങ്ങളുടെ തൊഴിൽ മേഖലയിലും ആത്മീയ-സാമൂഹിക കാര്യങ്ങളിലും ഒരുപോലെ വിജയിച്ചവരാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1981-ൽ നൽകിയ 'ഫമിലിയാരിസ് കൺസോർഷ്യോ' (Familiaris Consortio - കുടുംബം ഒരു കൂട്ടായ്മ) എന്ന ശ്ലൈഹിക പ്രബോധനത്തിലെ ആശയങ്ങൾ ജീവിതത്തിൽ പകർത്തിയ ഒരു കുടുംബം എന്ന നിലയിലാണ് ഞാൻ അവരെ കാണുന്നത്.

കുടുംബങ്ങളുടെ 'മാഗ്നാകാർട്ട' എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ പ്രബോധനത്തിലെ മൂന്നാം ഭാഗത്തിന്റെ തലക്കെട്ടാണ് ഈ ലേഖനത്തിനു ഞാൻ സ്വീകരിച്ചിരിക്കുന്നത്: "കുടുംബമേ, നീ എന്താകുന്നുവോ അതായിത്തീരുക." ദൈവവിളിയനുസരിച്ച് കുടുംബത്തിനു ലഭിച്ചിരിക്കുന്ന നാല് സുപ്രധാന ദൗത്യങ്ങളെ മാർപാപ്പ ഇതിൽ അക്കമിട്ടു നിരത്തുന്നു. ആ ദൗത്യങ്ങൾ താഴെപ്പറയുന്നവയാണ്:



## 1. വ്യക്തികളുടെ കൂട്ടായ്മ വളർത്തുക

മനഃശാസ്ത്രപരമായ കാഴ്ചപ്പാടിൽ, കുടുംബം എന്നത് കേവലം വ്യക്തികളുടെ കൂട്ടമല്ല, മറിച്ച് വ്യക്തിബന്ധങ്ങളുടെ ഒരു വലിയ ശൃംഖലയാണ്. അഞ്ച് അംഗങ്ങളുള്ള ഒരു കുടുംബത്തിൽ അവർ തമ്മിൽ ഏതാണ്ട് ഇരുപതോളം തലങ്ങളിൽ ബന്ധങ്ങൾ നിലനിൽക്കുന്നുണ്ട്. ഇതിൽ ഒരു ബന്ധത്തിനുണ്ടാകുന്ന വിള്ളൽ പോലും മറ്റെല്ലാ അംഗങ്ങളെയും ബാധിക്കും.

കുടുംബത്തിലെ വ്യാപാരങ്ങൾ ഒരു ചക്രകാര കാര്യകാരണ ബന്ധത്തിന്റെ (Circular Causality) അടിസ്ഥാനത്തിലാണ് നടക്കുന്നത്. അതായത്, ഒരാളുടെ പ്രവൃത്തി മറ്റെല്ലാവരെയും സ്വാധീനിക്കുന്നു. ഈ ബന്ധങ്ങളുടെ കരുത്താണ് കുടുംബത്തിന്റെ ആരോഗ്യം നിശ്ചയിക്കുന്നത്. ഈ കൂട്ടായ്മ വളർത്താൻ പല മാർഗങ്ങളും ദമ്പതിമാർ സ്വീകരിക്കാറുണ്ട്. ജോണും ശാലിനിയും ഇതിനായി സ്വീകരിച്ച ലളിതമായ മാർഗങ്ങൾ ശ്രദ്ധേയമാണ്:

- ***ഗുണനിലവാരമുള്ള സമയം:*** ആഴ്ചയിലൊരിക്കലെങ്കിലും സാധനങ്ങൾ വാങ്ങാനോ പള്ളിയിലെ കർമ്മങ്ങൾക്കോ ബന്ധുക്കളെ സന്ദർശിക്കാനോ അവർ ഒരുമിച്ച് പുറത്തുപോകും. ദിവസവും ചുരുങ്ങിയത് അരമണിക്കൂറെങ്കിലും അവർ പരസ്പരം വിശേഷങ്ങൾ പങ്കുവെക്കും.

- **കൂട്ടായ പ്രവർത്തനങ്ങൾ:** മക്കളോടൊപ്പം അവർ ഒരുമിച്ചു പലകാര്യങ്ങളും ചെയ്തിരുന്നു. കുടുംബപ്രാർഥന, ഒരുമിച്ചുള്ള ഭക്ഷണം, കുട്ടികളുടെ പഠനകാര്യങ്ങളിൽ മാതാപിതാക്കളുടെ ശ്രദ്ധ എന്നിവ ഇവർ കൃത്യമായി പാലിച്ചിരുന്നു. തിരക്കുകൾക്കിടയിലും ഇത് സാധ്യമായത് എല്ലാവരുംചേർന്നു തയ്യാറാക്കിയ ഒരു 'ടൈംടേബിൾ' അനുസരിച്ചു ജീവിച്ചതുകൊണ്ടാണ്.

## 2. ജീവന്റെ സംരക്ഷണം

സന്താനോൽപാദനം കുടുംബജീവിതത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണല്ലോ. സന്താനങ്ങൾ ഉണ്ടാകാത്തത് ദൈവകോപം മൂലമാണെന്ന ചിന്ത പഴയനിയമകാലത്തു വളരെ ശക്തമായിരുന്നു. ഇന്നും മക്കളില്ലാത്ത അവസ്ഥ ദമ്പതികളെ ഏറെ നിരാശപ്പെടുത്താറുണ്ട്. കുടുംബത്തിന്റെ പൂർണ്ണതയിൽ മക്കൾ ഒരു അവിഭാജ്യഘടകമാണ്. ജീവദാതാവായ ദൈവത്തെ ആരാധിക്കാനും സ്തുതിക്കാനും അവിടുത്തേക്ക് നന്ദി പ്രകാശിപ്പിക്കാനുമുള്ള പ്രാർഥനകൾ നമ്മുടെ ആരാധനക്രമത്തിൽ ഏറെയുണ്ട്. സന്താനലബ്ധിക്കായുള്ള പ്രാർഥനകളും കുറവല്ല. സാമുവേലിന്റെ ഒന്നാം പുസ്തകത്തിലെ ഹന്നായുടെ പ്രാർഥന ഇതിന് ഉത്തമ ഉദാഹരണമാണല്ലോ (1 സാമുവേൽ 1:10-11). മക്കളെ സംരക്ഷിക്കാനും വളർത്താനുമുള്ള ഉത്തരവാദിത്തം ദൈവം ഭരമേൽപ്പിച്ചിരിക്കുന്നത് കുടുംബങ്ങളെയാണ്. മാതാപിതാക്കൾ ഈ കടമ അതീവ ശ്രദ്ധയോടെ നിർവഹിക്കണം.

കുട്ടികളുടെ വളർച്ച, വിദ്യാഭ്യാസം, വ്യക്തിത്വവികാസം, സംരക്ഷണം, ആത്മീയ ശിക്ഷണം തുടങ്ങിയ കാര്യങ്ങളെല്ലാം കുടുംബസാഹചര്യത്തിൽത്തന്നെ നടക്കേണ്ടവയാണ്. ഓരോ കുഞ്ഞും വളരുന്നത് കുടുംബത്തിലൂടെയും കുടുംബത്തിനു വേണ്ടിയുമാണ്. 'ജീവസംരക്ഷണം' എന്നതുകൊണ്ട് അർഥമാക്കുന്നത് വെറും ശാരീരിക സംരക്ഷണമല്ല, മറിച്ച് കുട്ടികളു



ടെ സമഗ്രമായ വളർച്ചയാണ്. ഡോക്ടർമാരായ ജോണും ശാലിനിയും ദൈവം അവർക്കു നൽകിയ നാലു മക്കളെയും വളർത്തുന്നതിൽ മാതൃകാപരമായ ശ്രദ്ധ പുലർത്തിയവരാണ്. സൽസ്വഭാവികളും ആത്മീയ കാര്യങ്ങളിൽ തല്പരരും പഠനത്തിൽ മികവു പുലർത്തുന്നവരുമായ മക്കൾ ആ കുടുംബത്തിന്റെ വിജയത്തിന്റെ പ്രതീകങ്ങളാണ്.

### 3. സമൂഹ നിർമ്മാണം

മനുഷ്യസമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം. കുടുംബങ്ങളുടെ ആരോഗ്യത്തെ ആശ്രയിച്ചാണ് ഒരു സമൂഹത്തിന്റെ ആരോഗ്യം നിലനിൽക്കുന്നത്. ചുരുക്കത്തിൽ, സുരക്ഷിതമായ കുടുംബങ്ങളാണ് സുശക്തമായ സമൂഹത്തിന്റെ അടിസ്ഥാനം.

സമൂഹത്തിന്റെ വളർച്ചയും പുരോഗതിയും കുടുംബങ്ങളുമായി അവിഭാജ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. ജനക്ഷേമത്തിനായി പ്രവർത്തിക്കാൻ നാം തിരഞ്ഞെടുക്കുന്ന സർക്കാരുകൾ നേരിട്ടും വിവിധ വകുപ്പുകളിലൂടെയും ഇതര സന്നദ്ധസംഘടനകളിലൂടെയും സമൂഹത്തിന്റെ വികസനത്തിനായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ, കഴിഞ്ഞ പത്തു വർഷക്കാലം കേരളം ഭരിച്ച സർക്കാർ ഈ മേഖലയിൽ വലിയ പരാജയമായിരുന്നെന്നാണ് എന്റെ അഭിപ്രായം.

കേരളത്തിൽ മദ്യവും മയക്കുമരുന്നും സുലഭമായി ഒഴുക്കിയപ്പോൾ തകർന്നടിഞ്ഞത് നമ്മുടെ കുടുംബസംസ്കാരമാണ്. കുടുംബത്തിനകത്തും പുറത്തും നടക്കുന്ന കൊലപാതകങ്ങളും ആത്മഹത്യകളും സംഘർഷങ്ങളും ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ എത്രത്തോളം വർധിച്ചുവെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനെല്ലാം പ്രധാന കാരണം ലഹരിവസ്തുക്കളുടെ അനിയന്ത്രിതമായ ലഭ്യതയാണെന്ന് പോലീസ് റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തുന്നു.

അടുത്തിടെ നടന്ന ചില ദാരുണമായ സംഭവങ്ങൾ നോക്കുക:



- **മലയാറ്റൂർ സംഭവം (2024 ഡിസംബർ):** ഒരു പത്തൊമ്പതുകാരിയെ മദ്യലഹരിയിൽ യുവാവ് കല്ലുകൊണ്ട് തലയ്ക്കടിച്ചു കൊലപ്പെടുത്തിയ സംഭവം നടുക്കത്തോടെയാണ് നാം കേട്ടത്.
- **വെഞ്ഞാറമൂട് സംഭവം (2025 ഫെബ്രുവരി):** സ്വന്തം കുടുംബത്തിലെ അഞ്ചുപേരെ അതിദാരുണമായി കൊലപ്പെടുത്തിയ ഇരുപത്തിമൂന്നുകാരനായ യുവാവ് കഞ്ചാവിന് അടിമയായിരുന്നുവെന്ന് എഫ്ഐആർ വ്യക്തമാക്കുന്നു.

കുടുംബങ്ങളിൽ നടപ്പിലാക്കേണ്ട 'ജീവസംരക്ഷണം' എന്നത് ഗർഭസ്ഥ ശിശുക്കൾ മുതൽ വാർധക്യത്തിലെത്തിയവർ വരെ നീണ്ടുനിൽക്കുന്ന ഒരു നിരന്തര പ്രക്രിയയാണ്. ഓരോ ഘട്ടത്തിലും ജീവൻ സംരക്ഷിക്കപ്പെടേണ്ടത് കുടുംബത്തിന്റെ പ്രാഥമിക ബാധ്യതയാണ്. ഡോക്ടർ ജോണും ശാലിനിയും സ്വന്തം മക്കളെ സന്മാർഗത്തിൽ വളർത്തുന്നതിൽ മാത്രമല്ല ശ്രദ്ധിച്ചത്; തങ്ങളുടെ അറിവും ബോധ്യങ്ങളും മറ്റുള്ളവരിലേക്ക് പകർന്നു നൽകി സമൂഹനിർമ്മാണത്തിനായി അവർ സജീവമായി പരിശ്രമിച്ചു. വിവിധ ഗ്രൂപ്പുകൾക്കായി അവർ നയിച്ച സെമിനാറുകളും



**വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിഭാവനം ചെയ്ത ഈ നാലു ദൗത്യങ്ങൾ കേവലം നിർദേശങ്ങളല്ല, മറിച്ച് ഒരു ഉത്തമ കുടുംബത്തിന്റെ അടിത്തറയാണ്. ഈ സവിശേഷ ഗുണങ്ങൾ ഒത്തുചേരുമ്പോഴാണ് ഒരു കുടുംബം അതിന്റെ ആത്മീയവും സാമൂഹികവുമായ പൂർണ്ണത കൈവരിക്കുന്നത്.**

ക്ലാസുകളും സമൂഹത്തിൽ ക്രിയാത്മകമായ വലിയ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നത് എടുത്തു പറയേണ്ട കാര്യമാണ്.

### 4. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും പങ്കുചേരൽ

കത്തോലിക്കാ വിശ്വാസവും ആത്മീയതയും സ്വകാര്യമായി മാത്രം സൂക്ഷിച്ചുവയ്ക്കാനുള്ള ഒന്നല്ല. "വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല; പീഠത്തിന്മേലാണു വയ്ക്കുക" (മത്തായി 5:15). സഭയുടെ സുവിശേഷ പ്രവർത്തനങ്ങളിലും സാമൂഹിക ഇടപെടലുകളിലും സജീവമായി പങ്കുചേരുക എന്നത് ഓരോ വിശ്വാസിയുടെയും മൗലികമായ ധർമ്മമാണ്. വിശ്വാസാധിഷ്ഠിതമായ ഈ ഉത്തരവാദിത്തം പൂർത്തിയാക്കാൻ സഭാമക്കൾക്കു കടമയുണ്ട്.

നമ്മുടെ സീറോമലബാർ സഭയിലെ വിശ്വാസികൾ ഈ ദൗത്യം ഏറെ സ്തുത്യർഹമായ രീതിയിൽ നിർവഹിക്കുന്നുണ്ടെന്നത് സന്തോഷകരമായ കാര്യമാണ്. സഭയുടെ വിവിധ പദ്ധതികളുടെ സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കുന്നതിലും അവയുടെ നിർവഹണത്തിലും സഭാംഗങ്ങൾ വലിയ താൽപര്യമാണ് പ്രകടിപ്പിക്കാറുള്ളത്. ആഗോള കത്തോലിക്കാ സഭയിൽത്തന്നെ ഇത്തരം പ്രവർത്തനങ്ങളിൽ നമ്മുടെ സഭ മുൻപന്തിയിൽ നിൽക്കുന്നു. ഈ സഭാസ്നേഹത്തിൽ അഭിമാനിക്കുന്നതിനോടൊപ്പംതന്നെ, വരുംതലമുറയിലെ ഓരോ കുടുംബങ്ങളും ഈ സഭാദൗത്യങ്ങളിൽ സജീവപങ്കാളികളാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

### ഉപസംഹാരം

വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിഭാവനം ചെയ്ത ഈ നാലു ദൗത്യങ്ങൾ കേവലം നിർദേശങ്ങളല്ല, മറിച്ച് ഒരു ഉത്തമ കുടുംബത്തിന്റെ അടിത്തറയാണ്. ഈ സവിശേഷ ഗുണങ്ങൾ ഒത്തുചേരുമ്പോഴാണ് ഒരു കുടുംബം അതിന്റെ ആത്മീയവും സാമൂഹികവുമായ പൂർണ്ണത കൈവരിക്കുന്നത്. "കുടുംബമേ, നീ എന്താകുന്നുവോ അതായിത്തീരുക" എന്ന മാർപാപ്പയുടെ ഉജ്ജ്വലമായ ആഹ്വാനം നമ്മുടെ ജീവിതത്തിൽ അന്വർഥമാകണമെങ്കിൽ, ഈ കടമകൾ ഹൃദയപൂർവം ഏറ്റെടുക്കാൻ നാം തയ്യാറാകണം.

സഭയ്ക്കും സമൂഹത്തിനും പ്രകാശമേകുന്ന സ്നേഹക്കൂട്ടായ്മകളായി നമ്മുടെ കുടുംബങ്ങൾ മാറട്ടെ. ○

ചെറുകഥ




# പൊയ്മുഖം

ജോസിമ ജോസഫ്

**ക**ഥാകാരിയുടെ വീട് ഒരു ഗ്രാമപ്രദേശത്തായിരുന്നു. ഈ വർഷത്തെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം നേടിയ അനന്യ പ്രസാദുമായി ഒരു അഭിമുഖം തരപ്പെടുത്തണം. അതിനായി അവർ എവിടെയുണ്ടെന്ന് അറിയണം. പൊതുവെ അന്തർമുഖിയായ അനന്യയ്ക്ക് ആരുമായും വലിയ സമ്പർക്കമില്ല. കേരളത്തിലെ പ്രമുഖ മാസികകളിലൊന്നും അവരുടെ ഒരു കഥയും ഇതിനുമുമ്പ് പ്രത്യക്ഷപ്പെട്ടിട്ടുമില്ല. പക്ഷേ, പതിനഞ്ച് കഥകൾ അടങ്ങുന്ന 'മകളെ നിനക്കുവേണ്ടി' എന്ന കഥാസമാഹാരം കഴിഞ്ഞ ഫെബ്രുവരിയിലാണ് പുറത്തിറങ്ങിയത്. അവരുടെ ആദ്യത്തെ കഥാസമാഹാരവും ഇതുതന്നെ.

എല്ലാ കഥകളിലും മാതൃത്വത്തിന്റെ നോവ് അനുഭവിക്കാൻ വായനക്കാരന് കഴിയും. നഷ്ടപ്പെട്ട കുഞ്ഞിനുവേണ്ടി കണ്ണീരൊഴുക്കുന്ന അമ്മയുടെ വേദനകളാണ് ആദ്യകഥയിൽ. കളിക്കാൻ പോയ മകൾ അപർണ്ണയെ കാണാതായ വാർത്ത... ആ മകൾക്കുവേണ്ടി കാത്തിരിക്കുന്ന അമ്മയുടെ വേദനയും പ്രത്യാശയും നിരാശയും എല്ലാം ശരിയായ രീതിയിൽ കോർത്തിണക്കിയിരിക്കുന്നു. പിന്നീടുള്ള 14 കഥകളിലും കഥാപാത്രമായി ഏതെങ്കിലും ഒരു കുഞ്ഞ് പ്രത്യക്ഷപ്പെടുന്നുണ്ട്.




കഥാകാരിക്ക് കുട്ടികൾ ഒരു ദൗർബല്യമാണെന്ന് തോന്നും; അല്ലെങ്കിൽ അവരുടെ സ്വന്തം കുഞ്ഞ് നഷ്ടപ്പെട്ടിരിക്കാനും വഴിയുണ്ട്. അത്രയേറെ ഹൃദയവ്യഥ എല്ലാ കഥകളിലുമുണ്ട്. തീർച്ചയായും കേന്ദ്ര സാഹിത്യ അക്കാദമിക്ക് ഈ അവാർഡ് നിർണയത്തിൽ പാളിച്ച പറ്റിയിട്ടില്ല. നിലവാരമുള്ള കഥകൾ... ഹൃദയത്തെ തൊട്ടുണർത്തുന്ന ഭാഷ. വായിക്കുന്നവർക്ക് ഒന്നുകൂടി വായിക്കാൻ തോന്നിപ്പോകും. ഇതാണ് പെൺകഥകളുടെ ശക്തി. ബുദ്ധിപരമായ പ്രയോഗങ്ങളില്ല; മനുഷ്യഹൃദയങ്ങളുമായി എളുപ്പത്തിൽ സംവേദനം ചെയ്യുന്ന ലളിതസുന്ദരമായ ഭാഷ. തീർച്ചയായും കഥാകാരി ലാളിത്യത്തിന്റെയും വിനയത്തിന്റെയും മാതൃത്വത്തിന്റെയും ആൾരൂപമായിരിക്കും. ഇതുവരെ ആരും അവരുമായി അഭിമുഖം നടത്തിയിട്ടില്ല. ആ ഭാഗ്യം തനിക്ക് കിട്ടിയിരുന്നെങ്കിൽ!

ലതിക ഓർക്കുകയായിരുന്നു. ഇത്രദൂരം യാത്ര ചെയ്തിട്ടും ഒട്ടും ക്ഷീണം തോന്നുന്നതേയില്ല. പരന്നുകിടക്കുന്ന പാടത്തിന്റെ ഭംഗി ബസിലിരുന്ന് അവൾ ആസ്വദിച്ചു. താൻ യാത്ര ചെയ്യുന്ന പ്രൈവറ്റ് ബസിന് 'അമ്മേ! മഹാമായേ' എന്ന് പേരിട്ടത് ആരായിരിക്കും? ഈ പ്രപഞ്ചം മുഴുവൻ ആരാധിക്കുന്ന ശക്തി-അമ്മ! അമ്മയെപ്പറ്റി അവൾ ഓർത്തുപോയി. തനിക്ക് രണ്ടു വയസ്സുള്ളപ്പോൾ മരിച്ചതാണ്. ട്യൂമർ അമ്മയുടെ തലച്ചോറിനെ കാർന്നുതിന്നു. ഓർമയില്ലാതെ അനക്കമില്ലാതെ ഒരാഴ്ചയോളം ബ്രെയിൻ ഡെത്ത് ആയി, ഹൃദയമിടിപ്പ് മാത്രം അവശേഷിപ്പിച്ച് കിടന്നപ്പോഴും രണ്ടു കണ്ണുകളിൽനിന്നും കണ്ണുനീർ ഒഴുകിയിരുന്നത്രേ! ചിറ്റ പറഞ്ഞതാണ്. ബ്രെയിൻ ഡെത്ത് ആയി എന്നൊക്കെ ഡോക്ടർമാർ വെറുതെ പറഞ്ഞതാവാം; അവസാന നിമിഷംവരെ അമ്മ തന്നെ ഓർത്തിട്ടുണ്ടാകും. അമ്മയുടെ മരണം അച്ഛനെ ആകെ തകർത്തുകളഞ്ഞു.

'മകളെ നിനക്കുവേണ്ടി' എന്ന കഥ വായിച്ച് എത്ര വട്ടം കരഞ്ഞു! അമ്മയുടെ ചിത്രമാണ് ആ കഥ വായിച്ചപ്പോൾ തെളിഞ്ഞുവന്നത്. എന്നും 'അമ്മയില്ലാത്ത കുട്ടി' എന്ന സഹതാപം ഏറ്റുവാങ്ങിയവൾ. കോൺവെന്റ് സ്കൂളിലും ബോർഡിങ്ങിലും അമ്മയെപ്പോലെ സ്നേഹിച്ച ടീച്ചർമാരും സിസ്റ്റർമാരും ഉണ്ടായിരുന്നു. കോളജിൽ പഠിച്ചപ്പോൾ ചിറ്റയുടെ വീട്ടിൽ നിന്നു. ചിറ്റയ്ക്ക് രണ്ട് പെൺമക്കളായിരുന്നു, തന്നെക്കാൾ ഇളയവർ. അവർക്ക് തന്നെ ഇഷ്ടമില്ലായിരുന്നു; എപ്പോഴും വഴക്കും കുശുമ്പും. കരഞ്ഞുകരഞ്ഞ് അഞ്ചു വർഷം അവിടെ തള്ളിനീക്കി. തന്റെ ജീവിതത്തിലെ ഓർക്കാൻ ഇഷ്ടമില്ലാത്ത അഞ്ചു വർഷങ്ങൾ!

ജേർണലിസത്തിന് ചേർന്നപ്പോൾ തൊട്ടാവാടി എന്ന സ്വഭാവമൊക്കെ മാറി. തന്നെക്കാൾ കഷ്ടത അനുഭവിക്കുന്നവരെ നോക്കിക്കാണാൻ മനസ്സിനെ ശീലിപ്പിച്ചു. വിഷാദത്തിന് വിട്ടുകൊടുക്കാതെ വികാരത്തെ നിയന്ത്രിച്ച്, സമൂഹത്തിലെ വ്യത്യസ്ത ജീവിതങ്ങളെക്കുറിച്ച് പഠിച്ച് ലേഖനങ്ങളെഴുതി. ഇപ്പോൾ താൻ ആയിരിക്കുന്ന അവസ്ഥ ആസ്വദിക്കുകയാണ്. തനിക്ക് കിട്ടിയ ജോലി ചെറുപ്പം മുതലുള്ള ഒരു സ്വപ്നമായിരുന്നു.

ഇറങ്ങേണ്ട സ്റ്റോപ്പ് ആയെന്ന് കണ്ടക്ടർ പറഞ്ഞപ്പോൾ ലതിക ചുറ്റും കണ്ണോടിച്ചു. ഒരു വൃദ്ധൻ വേച്ചുവേച്ച് എഴുന്നേൽക്കുന്നു. ഭാഗ്യം... താൻ ഒറ്റയ്ക്കല്ല. ബസ് സ്റ്റോപ്പിൽ രണ്ടുമൂന്ന് യുവാക്കൾ ആത്മാവിന് പുക കൊടുക്കുന്നു. ഒരു തൊഴിലും ചെയ്യാൻ ഇഷ്ടപ്പെടാത്ത ഈ കൂട്ടരാണ് നാടിന്റെ ശാപം. ഏത് ദിക്കിലേക്കാണ് നീങ്ങേണ്ടത്? വൃദ്ധ

നോടുതന്നെ ചോദിക്കാം. "ഈ വടക്കേ വാര്യത്തേക്കുള്ള വഴി ഒന്ന് പറഞ്ഞുതരുമോ മുത്തച്ഛാ?" 'മുത്തച്ഛാ' എന്ന വിളി വൃദ്ധന് നന്നേ ബോധിച്ചെന്നു തോന്നുന്നു.

"അവിടെ ആരെ കാണാനാ കുട്ട്യേ?" അല്പം വിറ ബാധിച്ച ശബ്ദത്തിൽ അയാൾ ചോദിച്ചു.

"അനന്യ പ്രസാദ്. വലിയ എഴുത്തുകാരിയാണ്... അവാർഡൊക്കെ കിട്ടിയ വലിയ എഴുത്തുകാരി. മുത്തച്ഛന് അറിയാമോ?" വൃദ്ധന്റെ ചുണ്ടിന്റെ കോണിലായി ഒരു ചിരി പ്രത്യക്ഷപ്പെട്ടു.

"എന്തേ! എന്തേ മുത്തച്ഛൻ ചിരിക്കുന്നത്? പരിചയമുണ്ടോ ആ അമ്മയെ?"

"മോളേ! അവളെ കണ്ടിട്ട് എന്തിനാ? എന്ത് കാര്യത്തിനാ?" തീരെ ബഹുമാനമില്ലാത്തതുപോലെയാണല്ലോ ഈ വൃദ്ധൻ തന്റെ പ്രിയ കഥാകാരിയെ-അല്ല, അമ്മയെപ്പോലെ തന്റെ മനസ്സിൽ കരുതിയിരിക്കുന്ന ആ എഴുത്തുകാരിയെപ്പറ്റി പറയുന്നത്. പ്രായത്തിന്റെ വൈകല്യമാകാം.

"എനിക്ക് കുറെ കാര്യങ്ങൾ ചോദിച്ചറിയണം. ഈ വർഷത്തെ മികച്ച കഥാകാരിയാണവർ. അവരോട് ഹൃദയം തുറന്ന് സംസാരിക്കണം. അവരുടെ കുടുംബം, മക്കൾ... എല്ലാം..." അവൾ വികാരാധീനയാകുകയായിരുന്നു.

"ഞാൻ പറഞ്ഞുതന്നാൽ മതിയോ?" വൃദ്ധൻ നരച്ച പുരികം വളച്ച് അവളെ നോക്കി.

"മുത്തച്ഛന് അവരെപ്പറ്റി എല്ലാം അറിയാമോ? അമ്മയെ നേരിട്ട് കാണാനും അനുമോദനങ്ങൾ അറിയിക്കാനും ഒക്കെ ആഗ്രഹമുണ്ട്. അവർ ഇപ്പോൾ എവിടെയാണ്?" വൃദ്ധൻ ഉറക്കെയുറക്കെ ചിരിച്ചു.

"കുട്ടി പറയുന്ന ഈ അനന്യ പ്രസാദ് എന്റെ മകളാണ്. സരസ്വതി എന്ന് ഞാൻ പേരിട്ട എന്റെ മകൾ. അനന്യ അവളുടെ സ്വന്തം ഇഷ്ടപ്രകാരം മാറ്റിയ പേരാണ്." വൃദ്ധന്റെ വാക്കുകൾ ഉൾക്കൊള്ളാൻ ലതികയ്ക്ക് കുറച്ചുസമയം വേണ്ടിവന്നു.

"മുത്തച്ഛാ, അങ്ങ് ഭാഗ്യവാനാണ്. നല്ലൊരു സാഹിത്യകാരിയുടെ പിതാവ്! ഞാൻ അങ്ങയുടെ പാദത്തിൽ ആദ്യം നമസ്കരിക്കട്ടെ." എന്നാൽ, അവളുടെ ഉദ്യമത്തെ വൃദ്ധൻ തടഞ്ഞു.

"നിങ്ങൾക്ക് അവൾ വലിയ എഴുത്തുകാരി! നല്ല സാഹിത്യകാരി! എനിക്ക് അവൾ നിത്യദുഃഖം. കുട്ടിക്കറിയാമോ, അവൾ വിവാ




ഹബന്ധമൊക്കെ വേർപ്പെടുത്തി ഇപ്പോൾ മറ്റൊരു ചെറുപ്പക്കാരന്റെ കൂടെ കൊച്ചിയിൽ ഒരു ഫ്ലാറ്റിൽ താമസിക്കുന്നു. 'ലിവിങ് ടുഗെദർ' ആണത്രേ! പുതിയ സമ്പ്രദായം."

അനന്യ പ്രസാദ് എന്ന വലിയ ബിംബം തനിക്ക് മുൻപിൽ ഉടഞ്ഞുവീഴുന്നതുപോലെ ലതികയ്ക്ക് തോന്നി. മുന്നോട്ടുനടക്കാനാവാതെ അവൾ അവിടെത്തന്നെ നിന്നു. വൃദ്ധനും കിതച്ചുകൊണ്ട് അവിടെ നിലയുറപ്പിച്ചു. "അപ്പോൾ അവർക്ക് കുട്ടികൾ?" അല്പം വിറയാർന്ന ശബ്ദത്തിലാണ് അവൾ ചോദിച്ചത്.

ഇക്കുറി വൃദ്ധൻ ചിരിച്ചില്ല. അനന്തതയിലേക്ക് ദൃഷ്ടികൾ ഉറപ്പിച്ചുകൊണ്ട് അയാൾ പറഞ്ഞു: "കുട്ടികൾ? അവൾക്ക് കുഞ്ഞുങ്ങളെ ഇഷ്ടമല്ല. കുഞ്ഞുങ്ങളെ ഗർഭം ധരിക്കാനും നൊന്തു പ്രസവിക്കാനും ഒന്നും അവൾ തയ്യാറല്ല. കുഞ്ഞുങ്ങൾ തനിക്കും സമൂഹത്തിനും എല്ലാം ബാധ്യതയാണെന്ന് അവൾ പറയുന്നു. ആദ്യ ഭർത്താവ്... പാവം... ഒത്തിരി സഹിച്ചു, ഒന്നും പുറത്തു പറയാതെ."

"വേണ്ട, ഇനി ഒന്നും കേൾക്കണ്ട. മതിയായി!" 'മകളെ നിനക്കുവേണ്ടി' എന്ന കഥയിലെ കഥാകാരി വെറുമൊരു പൊയ്മുഖമാണ്. അവർ നാഗരികതയുടെ ഉല്പന്നമാണ്. ഗ്രാമവിശുദ്ധിയില്ലാത്ത, അവരുടെ ആത്മാർഥതയില്ലാത്ത അക്ഷരങ്ങൾ ആവേശത്തോടെ വായിച്ച് കണ്ണുനിറയ്ക്കുന്ന സഹൃദയർ അറിയണം, ഈ എഴുത്തുകാരി ഒരു മായയാണെന്ന്. വൃദ്ധനോട് യാത്ര പറഞ്ഞ് അവൾ ബസ് സ്റ്റോപ്പിലേക്ക് തിരിഞ്ഞുനടന്നു. അവൾക്ക് വല്ലാത്ത ക്ഷീണം അനുഭവപ്പെടുന്നുണ്ടായിരുന്നു. ○





'നമ്മുടെ വിരൽത്തുമ്പിലുള്ള
സാങ്കേതികവിദ്യ ഒരു
ഉപകരണം മാത്രമാകണം;
അത് ഒരിക്കലും
കുടുംബത്തിലെ
സ്നേഹസംവാദങ്ങൾക്ക്
പകരമാകരുത്.
മുതിർന്നവരുടെ
കണ്ണുകളിലേക്ക് നോക്കി
സംസാരിക്കാൻ മറന്നുപോകുന്ന
കുട്ടികൾക്ക് ഹൃദയമില്ലാത്ത
വിജ്ഞാനം മാത്രമേ ലഭിക്കൂ.'
**- ഫ്രാൻസിസ് പാപ്പ**

### പഴഞ്ചൻ V/S ന്യൂജെൻ

# മാറിയ കാലത്തെ മുത്തശ്ശിക്കഥകൾ



**മു**റ്റത്തെ മരച്ചുവട്ടിലിരുന്ന് അമ്പിളിമാമനെയും കാക്കച്ചിയെയും കാട്ടി അമ്മമാർ കൊച്ചുകുഞ്ഞുങ്ങൾക്ക് ചോറുവാരിക്കൊടുത്തിരുന്ന ഒരു കാലം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് സ്ക്രീനിൽ മിന്നിമറയുന്ന നിറപ്പകിട്ടാർന്ന കാഴ്ചകളിൽ കണ്ണുനട്ടിരിക്കുന്ന കുഞ്ഞിന്റെ വായിലേക്ക് യന്ത്രംപോലെ ഭക്ഷണം വെച്ചുകൊടുക്കുന്ന വല്യപ്പച്ചന്മാരും വല്യമ്മച്ചിമാരുമാണ് കേരളത്തിലെ മിക്ക വീടുകളിലെയും കാഴ്ച.

ഭൂരിഭാഗം വീടുകളിലും ഇന്ന് പാരന്റിംഗ് നടക്കുന്നത് വല്യപ്പന്മാരിലൂടെയും വല്യമ്മച്ചിമാരിലൂടെയുമാണ്. മക്കൾ വിദേശത്തോ ദൂരസ്ഥലങ്ങളിലോ ജോലി ചെയ്യുന്നതുകൊണ്ടോ, ദമ്പതികൾ ഇരുവരും ജോലിക്കു പോകുന്നതുകൊണ്ടോ കുട്ടികളെ വളർത്താനുള്ള സമയം ഇന്നത്തെ മാതാപിതാക്കൾക്ക് ലഭിക്കാറില്ല. അവിടെയാണ് 'മുത്തശ്ശനും മുത്തശ്ശിയും' എന്ന സ്നേഹത്തണൽ കുടുംബങ്ങൾക്ക് കാവലാകുന്നത്. എന്നാൽ, കാലം മാറിയതനുസരിച്ച് കുട്ടികളുടെ ചിന്താഗതികളും രീതികളും മാറി. പഴയ തലമുറയിലെ രീതികൾവെച്ച് ഇന്നത്തെ 'ജെൻ സി' കുട്ടികളെ വളർത്തുമ്പോൾ വീടുകളിൽ പലവിധത്തിലുള്ള മാനസിക സംഘർഷങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഉടലെടുക്കാറുണ്ട്.

## ഡിജിറ്റൽ നാനി: ഗതികേടോ ശീലമോ?

പണ്ടൊക്കെ കുട്ടികൾ മുറ്റത്തിറങ്ങി ഓടിക്കളിക്കുമ്പോൾ അവർക്കു പിന്നാലെ ഓടാൻ നമ്മുടെ അപ്പച്ചന്മാർക്കും അമ്മച്ചിമാർക്കും ആരോഗ്യമുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ അതല്ല. ശാരീരികമായ അവശതകളും പ്രായത്തിന്റേതായ ആരോഗ്യപ്രശ്നങ്ങളും അലട്ടുന്ന മുതിർന്നവർക്ക്, ഇന്നത്തെ കുട്ടികളുടെ അമിതമായ ഊർജത്തിനൊപ്പം ഓടിയെത്തുകയെന്നത് വലിയൊരു വെല്ലുവിളിയാണ്. ഇവിടെയാണ് മൊബൈൽ ഫോൺ ഒരു 'രക്ഷകനായി' അവതരിക്കുന്നത്. കുട്ടിയെ ഒരിടത്ത് അടക്കിയിരുത്താൻ ഇതിലും എളുപ്പമുള്ള മറ്റൊരു മാർഗമില്ല.

മക്കൾ ജോലിക്കു പോയിക്കഴിഞ്ഞാൽ വീട്ടിലെ ജോലികൾക്കിടയിൽ കുട്ടി കരയാതിരിക്കാൻ അമ്മച്ചിമാർ അറിയാതെ ഫോൺ നൽകിപ്പോകുന്നു. എന്നാൽ, ഈ താൽക്കാലിക ആശ്വാസം ഒരു ശീലമായി മാറുന്നത് നാം അറിയുന്നില്ല. സ്മാർട്ട്ഫോൺ ഇന്ന് പല വീടുകളിലും ഒരു 'ഡിജിറ്റൽ നാനി' ആയി മാറിയിരിക്കുകയാണ്. കുട്ടിയെ നോക്കാൻ മറ്റൊരാളെ കിട്ടാത്ത സാഹചര്യത്തിൽ ഫോൺ ആ ഉത്തരവാദിത്തം ഏറ്റെടുക്കുന്നു.

ഇത് സൃഷ്ടിക്കുന്ന ആഘാതം എത്ര വലുതാണെന്ന് നാം ചിന്തിച്ചിട്ടുണ്ടോ? സ്ക്രീനിലേക്ക് നോക്കി ഭക്ഷണം കഴിക്കുമ്പോൾ, താൻ കഴിക്കുന്നത് എന്താണെന്നോ അതിന്റെ രുചിയോ കുട്ടി അറിയുന്നില്ല. ഇത് കുട്ടികളുടെ ദഹനപ്രക്രിയയെയും ശാരീരിക വളർച്ചയെയും സാരമായി ബാധിക്കുന്നു. അതിലും ഗൗരവമാണ് കുട്ടികൾ അപ്പച്ചനോടും അമ്മച്ചിയോടും സംസാരിക്കേണ്ട സമയത്ത് സ്ക്രീനിലെ അന്യഭാഷാ ശബ്ദങ്ങളോടാണ് സംവദിക്കുന്നത്. ഇത് ഭാഷാപരമായ വളർച്ചയെ (Language Development) തടസ്സപ്പെടുത്തുന്നുണ്ടെന്ന് വൈദ്യശാസ്ത്രം മുന്നറിയിപ്പ് നൽകുന്നു.

രണ്ടുവയസ്സിന് താഴെയുള്ള കുട്ടികൾക്ക് അമിതമായി മൊബൈൽ നൽകുന്നത് അവരെ സാമൂഹികമായി ഉൾവലിയുന്നവരാക്കി മാറ്റുന്നു. അവർക്ക് ചുറ്റുമുള്ള മനുഷ്യരോടല്ല, മറിച്ച് ചലിക്കുന്ന ഡിജിറ്റൽ ചിത്രങ്ങളോടാണ് താൽപര്യം കൂടുന്നത്. അമ്മച്ചിയുടെ സ്നേഹപ്രകടനങ്ങളെക്കാൾ ഫോണിലെ വെർച്വൽ കൂട്ടുകാരെ കുട്ടി സ്നേഹിച്ചു തുടങ്ങുമ്പോൾ മനുഷ്യബന്ധങ്ങൾ അവർക്ക് അപരിചിതമാകുന്നു.



## അറിവും അധികാരവും വിരൽത്തുമ്പിലാകുമ്പോൾ

മുമ്പൊക്കെ ഒരു കുടുംബത്തിലെ അവസാന വാക്ക് അപ്പച്ചനും അമ്മച്ചിയുമായിരുന്നു. ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ അവർ പകർന്നു നൽകിയിരുന്ന പാഠങ്ങൾക്കായിരുന്നു അന്ന് വില. എന്നാൽ ഇന്ന് അമ്മച്ചിയോട് ഒരു സംശയം ചോദിക്കുന്നതിനു പകരം ഗൂഗിളിൽ തിരയുന്ന കുട്ടികളാണ് ഇന്നത്തെ അത്ഭുതം. "അപ്പച്ചന് ഇതൊന്നും അറിയില്ല, ഇതിങ്ങനെയാ ചെയ്യേണ്ടത്" എന്ന് നാലാം ക്ലാസുകാരൻ പറയുമ്പോൾ ആ വൃദ്ധമനസ്സ് നേരിടുന്ന ഒരു അവഗണനയുണ്ട്. വർഷങ്ങളോളം ജീവിതം പഠിപ്പിച്ച പാഠങ്ങളെക്കാൾ 'സെർച്ച് റിസൾട്ടിന്' വില ലഭിക്കുമ്പോൾ, മുതിർന്നവർ സ്വന്തം വീട്ടിൽത്തന്നെ പ്രസക്തിയില്ലാത്തവരായി മാറുന്നു.

ഇവിടെ അറിവ് മാത്രമല്ല, കുടുംബത്തിലെ സ്വാഭാവികമായ അധികാരശ്രേണിയുമാണ് ചോദ്യം ചെയ്യപ്പെടുന്നത്. ടെക്നോളജി അറിയില്ല എന്ന ഒരൊറ്റ കാരണത്താൽ മുതിർന്നവരുടെ വാക്കുകൾക്ക് വിലയില്ലാതാകുന്നു. ഇത് കേവലം അറിവിന്റെ പ്രശ്നമല്ല, മറിച്ച് തലമുറകൾ തമ്മിലുള്ള ബഹുമാനത്തിന്റെ വിള്ളലാണ്.

മറ്റൊരു പ്രധാന വെല്ലുവിളി പ്രവാസലോകത്തോ ദൂരസ്ഥലങ്ങളിലോ ഇരുന്നുകൊണ്ട് മാതാപിതാക്കൾ നടത്തുന്ന 'റിമോട്ട് കൺട്രോൾ' പാരന്റിംഗ് ആണ്.



വീഡിയോ കോളിലൂടെ മാതാപിതാക്കൾ നൽകുന്ന അമിത സ്വാതന്ത്ര്യം നാട്ടിലിരുന്ന് കുട്ടികളെ വളർത്തുന്ന അപ്പച്ചന്റെയും അമ്മച്ചിയുടെയും അധികാരത്തെ ദുർബലപ്പെടുത്തുന്നു. 'അപ്പച്ചൻ ഫോൺ തന്നില്ലെങ്കിൽ ഞാൻ പപ്പയോട് പറയും' എന്ന കൊച്ചിന്റെ ഭീഷണികൾക്കു മുന്നിൽ പലപ്പോഴും അവർക്ക് മുട്ടുമടക്കേണ്ടി വരുന്നു. അച്ചടക്കത്തിന്റെ അതിർവരമ്പുകൾ മായുകയും, മനുഷ്യരെക്കാൾ ഉപരിയായി ഉപകരണങ്ങളെ സ്നേഹിക്കുന്ന ഒരു തലമുറ വളരുകയും ചെയ്യുമ്പോൾ നഷ്ടമാകുന്നത് നമ്മുടെ കുടുംബങ്ങളുടെ ആത്മീയവും ധാർമ്മികവുമായ അടിത്തറയാണ്.

## ഉത്തരവാദിത്തമുണ്ട്, എന്നാൽ അധികാരമില്ല!

പല വീടുകളിലും ഇന്ന് കുട്ടികളെ നോക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം മുത്തശ്ശനും മുത്തശ്ശിക്കുമായിരിക്കും. എന്നാൽ അവരെ ഒന്ന് ശാസിക്കാനോ അച്ചടക്കം പഠിപ്പിക്കാനോ ഉള്ള 'അധികാരം' ഇവർക്കില്ല. കുട്ടികൾക്ക് സ്മാർട്ട്ഫോൺ വാങ്ങി നൽകുന്ന മാതാപിതാക്കൾ അതിന്റെ നിയന്ത്രണമോ മേൽനോട്ടമോ വീട്ടിലുള്ള മുതിർന്നവരെ ഏൽപ്പിക്കാറില്ല. ഫലമോ, അപ്പച്ചൻ കുട്ടിയെ ഒന്ന് തിരുത്താൻ ശ്രമിക്കുമ്പോൾ അത് വലിയ തർക്കങ്ങളിലേക്കും കലഹങ്ങളിലേക്കും നീങ്ങുന്നു. 'നിങ്ങൾ പഴയകാലത്തെ മനുഷ്യരാണ്, നിങ്ങൾക്ക് ഇന്നത്തെ രീതികൾ അറിയില്ല' എന്ന മാതാപിതാക്കളുടെ നിസ്സാരമായ ഒരു കുറ്റപ്പെടുത്തൽപോലും ആ മനസ്സുകളിൽ വലിയ മുറിവുകളാണ് ഉണ്ടാക്കുന്നത്.

ഒരു കുട്ടി ഹെഡ്ഫോണുംവെച്ച് മുറിയിൽ കതകടച്ചിരിക്കുമ്പോൾ അത് മുതിർന്നവരോടുള്ള അവഗണനയോ അനാദരവോ ആയി മുത്തശ്ശനും മുത്തശ്ശിക്കും തോന്നാം. എന്നാൽ കുട്ടികളെ സംബന്ധിച്ച് അത് അവരുടെ വിനോദോപാധി മാത്രമാണ്.

ഇന്നത്തെ പല അപ്പനമ്മമാരും കുട്ടികളെ അപ്പച്ചന്റെയും അമ്മച്ചിയുടെയും അടുത്ത് ഏൽപ്പിച്ച് തങ്ങളുടെ ഉത്തരവാദിത്തം കഴിഞ്ഞു എന്ന് വിചാരിക്കുന്നവരാണ്. ഓഫീസ് കഴിഞ്ഞു വന്നാൽ കുട്ടികളുടെ പരാതി കേൾക്കാനും, മാതാപിതാക്കളുടെ കുറ്റങ്ങൾ തിരുത്താനും അവർ മധ്യസ്ഥരായി മാറുന്നു. മാതാപിതാക്കളും വല്യപ്പനും വല്യമ്മയും രണ്ട് തട്ടിലാണെന്ന് കുട്ടികൾക്ക് തോന്നാൻ ഇടവരരുത്. വല്യപ്പൻ ഒരു കാര്യം വിലക്കിയാൽ, മാതാപിതാക്കൾ അതിനെ പിന്തുണയ്ക്കണം. അല്ലാത്തപക്ഷം കുട്ടികൾ ഈ വിടവ് മുതലെടുക്കുകയും മുതിർന്നവരുടെ വാക്കിന് വീട്ടിൽ യാതൊരു വിലയും ഇല്ലാതാകുകയും ചെയ്യും.

## നിയമത്തിന്റെ കാവലും ശാസ്ത്രത്തിന്റെ മുന്നറിയിപ്പും

അടുത്തിടെ പുറത്തുവന്ന ഒരു പഠനറിപ്പോർട്ട് നമ്മെ ഞെട്ടിക്കുന്നതാണ്: കേരളത്തിലെ 69% വീടുകളിലും കുട്ടികളെ ഭക്ഷണം കഴിപ്പിക്കാനോ ഒന്ന് അടക്കിയിരുത്താനോ മാതാപിതാക്കളും മുതിർന്നവരും ആശ്രയിക്കുന്നത് മൊബൈൽ ഫോണിനെയാണ്! 'കുട്ടി കരയുമ്പോൾ ഒരു ഫോൺ എടുത്തു കൊടുത്താൽ തീരുന്ന പ്രശ്നമല്ലേ ഉള്ളൂ?' എന്ന് ചോദിക്കുന്നവരോട് എനിക്ക് ഒന്നേ പറയാനുള്ളൂ: നമ്മൾ നൽകുന്നത് വെറുമൊരു കളിപ്പാട്ടമല്ല, മറിച്ച് അവരുടെ തലച്ചോറിന്റെ സ്വാഭാവികമായ വളർച്ചയെ തടസ്സപ്പെടുത്തുന്ന ഒരു 'ഡിജിറ്റൽ ലഹരി'യാണ്.

## ചില പുതിയ പാഠങ്ങൾ

ഡിജിറ്റൽ ഉപകരണങ്ങളെ പൂർണ്ണമായി ഉപേക്ഷിക്കുക എന്നത് ഇന്നത്തെ കാലത്ത് അസാധ്യമാണ്. എന്നാൽ അവയെ നിയന്ത്രിക്കാനും സ്നേഹത്തിന്റെ പാലമായി മാറ്റാനും അപ്പച്ചന്മാർക്കും അമ്മച്ചിമാർക്കും സാധിക്കും. അതിനായി ചില ലളിതമായ കാര്യങ്ങൾ നമുക്ക് ശീലിക്കാം:

- **ഫോണിൽ നിന്ന് കഥകളിലേക്ക്:**

ഫോണിൽ വെറുതെ കാർട്ടൂൺ കാണിച്ചു കൊടുക്കുന്നതിനു പകരം, അതിലെ ഫോട്ടോ ഗാലറി തുറന്ന് കുട്ടിയുടെ പപ്പയുടെയോ മമ്മിയുടെയോ ചെറുപ്പകാലത്തെ ചിത്രങ്ങൾ കാണിച്ചു കൊടുക്കുക. ആ ചിത്രങ്ങളിലെ കഥകൾ പറഞ്ഞു തുടങ്ങുമ്പോൾ കുട്ടി സ്ക്രീനിലെ ചിത്രത്തേക്കാൾ നിങ്ങളുടെ വാക്കുകളെ ശ്രദ്ധിച്ചു തുടങ്ങും.

- **ഡിജിറ്റൽ ഉപവാസം:**

ഭക്ഷണസമയത്തും പ്രാർഥനാസമയത്തും വീട്ടിൽ ആരും മൊബൈൽ ഉപയോഗിക്കില്ല എന്ന് ഉറപ്പുവരുത്തുക. ഈ നിയമം കുട്ടിക്കു മാത്രമല്ല, വീട്ടിലെ എല്ലാവർക്കും ബാധകമാക്കണം.

- **പകരത്തിനു പകരം:**

കുട്ടി ഫോൺ ചോദിക്കുമ്പോൾ പകരം നൽകാൻ ഒരല്പം സമയം നിങ്ങളുടെ പക്കലുണ്ടാകണം. അവരെ കൂട്ടി മുറ്റത്തിറങ്ങാനോ, ചെടികൾ നനയ്ക്കാനോ, ഒരു ചെറിയ കളിക്കോ തയ്യാറായാൽ ഫോണിനേക്കാൾ വലിയ അത്ഭുതം നിങ്ങളാണെന്ന് അവർ തിരിച്ചറിയും.

- **അറിവ് പങ്കുവെക്കാം:**

സ്മാർട്ട്ഫോണിലെ ഒരു പുതിയ കാര്യം പേരക്കുട്ടിയിൽ നിന്ന് പഠിക്കാൻ ശ്രമിക്കുക. 'ഇതെങ്ങനെയാ മോനേ ചെയ്യുന്നത്?' എന്ന നിങ്ങളുടെ ചോദ്യം അവരിലെ അധ്യാപകരെ ഉണർത്തും.

കുട്ടികൾ അപ്പച്ചനെ പുതിയ ഫീച്ചറുകൾ പഠിപ്പിക്കട്ടെ, ഇത് ഇരുവർക്കുമിടയിലെ സൗഹൃദം വർധിപ്പിക്കും.

കുട്ടികളുടെ തലച്ചോറിന്റെ വികാസം ഏറ്റവും വേഗത്തിൽ നടക്കുന്നത് ആദ്യത്തെ അഞ്ചു വർഷങ്ങളിലാണ്. ഈ പ്രായത്തിൽ സ്ക്രീനിലെ കൃത്രിമമായ വെളിച്ചവും ശബ്ദവും കുട്ടിയുടെ ശ്രദ്ധയെ (Attention span) തകർക്കുന്നു. 'ഡിജിറ്റൽ അഡിക്ഷൻ' എന്നത് കേവലം ഒരു ശീലമല്ല, മറിച്ച് മയക്കുമരുന്ന് നൽകുന്നതിന് തുല്യമായ ആഘാതമാണ് കുരുന്നുമനസ്സുകളിൽ ഉണ്ടാക്കുന്നതെന്ന് ലോകാരോഗ്യ സംഘടന (WHO) മുന്നറിയിപ്പ് നൽകുന്നു. കേരളത്തിലെ പല ക്ലിനിക്കുകളിലും 'വെർച്വൽ ഓട്ടിസം' ലക്ഷണങ്ങളുമായി എത്തുന്ന കുട്ടികളുടെ എണ്ണം വർധിക്കുന്നത് ഒരു വലിയ സാമൂഹിക വിപത്തിന്റെ സൂചനയാണ്.

ഈയടുത്ത കാലത്ത് കേരള ബാലാവകാശ കമ്മീഷൻ സർക്കാരിനു നൽകിയ ഒരു ശുപാർശ നാം ഗൗരവത്തോടെ കാണേണ്ടതുണ്ട്. കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗം നിയന്ത്രിക്കാൻ കർശനമായ നിയമനിർമ്മാണം വേണമെന്നാണ് കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്നത്. വിദ്യാലയങ്ങളിൽ മൊബൈൽ ഫോൺ നിരോധിച്ചതുപോലെ, വീടുകളിലും കുട്ടികളുടെ സ്ക്രീൻ ടൈം ക്രമീകരിക്കാൻ മാതാപിതാക്കൾക്കും മുതിർന്നവർക്കും അവബോധം നൽകുന്ന പദ്ധതികൾ വരാനിരിക്കുന്നു.

### ഉപസംഹാരം


പ്രിയപ്പെട്ടവരേ, കുട്ടികൾക്ക് നാം നൽകുന്ന ഏറ്റവും വലിയ സമ്മാനം വിലകൂടിയ ഗാഡ്ജെറ്റുകളല്ല, മറിച്ച് നമ്മുടെ സമയമാണ്. അമ്മച്ചിയുടെ മടിയിലിരുന്ന് കേൾക്കുന്ന കഥകളിലൂടെ ലഭിക്കുന്ന സുരക്ഷിതബോധം മറ്റൊരു ഡിജിറ്റൽ സ്ക്രീനും നൽകില്ല.

അപ്പച്ചനും അമ്മച്ചിയും ഒരു കുടുംബത്തിന്റെ വേരുകളാണ്. ഇന്നത്തെ കുട്ടികൾ ആ വേരുകളിൽനിന്ന് വളരുന്ന ശാഖകളും. വേരുകൾക്ക് ശാഖകളുടെ ഉയരത്തെയും, ശാഖകൾക്ക് വേരുകളുടെ ആഴത്തെയും മനസ്സിലാക്കാൻ സാധിക്കുമ്പോഴാണ് ഒരു കുടുംബം പൂർണ്ണമാകുന്നത്. മാതാപിതാക്കൾ തങ്ങളുടെ സ്വന്തം ഉത്തരവാദിത്തങ്ങളിൽനിന്ന് ഒളിച്ചോടാതെ മുതിർന്നവർക്കു പിന്തുണ നൽകണം. അപ്പച്ചനും അമ്മച്ചിയും തങ്ങളുടെ വിശ്രമകാലം മാറ്റിവെച്ചാണ് പേരക്കുട്ടികൾക്കായി ജീവിക്കുന്നത് എന്ന ബോധ്യം എപ്പോഴും നമുക്കുണ്ടാകണം.

സസ്നേഹം,

**കുട്ടിച്ചായൻ**

**Home Theatre**





# ചിരിയും ചിന്തയും നിറച്ച്

# വാഴ II



ഫാ. മിന്റോ മൂന്നുപറയിൽ

**വി**പിൻ ദാസിന്റെ ശക്തമായ തിരക്കഥയിൽ സവിൻ സംവിധാനം ചെയ്ത 'വാഴ 2' തിയേറ്ററുകളിലും ഇപ്പോൾ ഓടിടിയിലും വൻ വിജയമായി മുന്നേറുകയാണ്. സാമ്പത്തികമായി മലയാള സിനിമയിലെ സർവകാല റെക്കോർഡുകൾ ഭേദിക്കുന്ന പ്രകടനമാണ് ഈ ചിത്രം കാഴ്ചവെച്ചത്. ഹാഷിർ, വിനായകൻ, അലൻ, അജിൻ തുടങ്ങിയ പുതുമുഖങ്ങളുടെ ഗംഭീര പ്രകടനംകൊണ്ട് സമ്പന്നമായ സിനിമ, പ്രേക്ഷകരെ ഒരുപോലെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ഒപ്പം കണ്ണുകളെ ഈറനണിയിക്കുകയും ചെയ്യുന്നു. വിദ്യാർഥികൾ, മാതാപിതാക്കൾ, അധ്യാപകർ, സുഹൃത്തുക്കൾ തുടങ്ങി സമൂഹത്തിലെ

എല്ലാ തലങ്ങളിലുള്ളവർക്കും കൃത്യമായൊരു കാഴ്ചപ്പാട് നൽകുന്ന, എല്ലാ തലമുറകളും ഒന്നിച്ച് കണ്ടിരിക്കേണ്ട ഒരു മികച്ച ചിത്രമാണിത്.



## ഹൃദയബന്ധങ്ങളുടെ കഥാപരിസരം

ഹാഷിർ, അലൻ, വിനായകൻ, അജിൻ എന്നീ നാല് സുഹൃത്തുക്കളുടെ ആഴമേറിയ സൗഹൃദത്തിൽ നിന്നാണ് സിനിമയുടെ യാത്ര ആരംഭിക്കുന്നത്. എന്നാൽ കേവലമൊരു സൗഹൃദകഥ എന്നതിനപ്പുറം, അലനും അച്ഛനും തമ്മിലും വിനായകനും അച്ഛനും തമ്മിലുമുള്ള പിതൃ-പുത്ര ബന്ധത്തിന്റെ സങ്കീർണ്ണതകളിലേക്ക് ചിത്രം സഞ്ചരിക്കുന്നു. കൂടാതെ, ഹാഷിറും നാഷിറും, അജിനും സജിനും തമ്മിലുള്ള സാഹോദര്യവും അലനും അനിയത്തിയും തമ്മിലുള്ള ഹൃദയസ്പർശിയായ ബന്ധവും ഈ സിനിമ വളരെ മനോഹരമായി ചർച്ച ചെയ്യുന്നുണ്ട്.

ഒരു കുട്ടിയുടെ വളർച്ചയിൽ മാതാപിതാക്കൾ, സഹോദരങ്ങൾ, അധ്യാപകർ, മതം, സമൂഹം, സംഘടനകൾ എന്നിവർക്കെല്ലാം കൃത്യമായ പങ്കുണ്ടെന്ന യാഥാർത്ഥ്യം വളരെ സരസവും വ്യത്യസ്തവുമായ രീതിയിലാണ് സംവിധായകൻ അവതരിപ്പിച്ചിരിക്കുന്നത്.

## ഞാൻ അല്ലാതെ പിന്നെ ആര്?

ഈ സിനിമ സമൂഹത്തിനു നൽകുന്ന ഏറ്റവും വലിയ സംഭാവന ഒരുപക്ഷേ ഈ ഒറ്റവാചകമായിരിക്കും: 'ഞാൻ അല്ലാതെ പിന്നെ ആര്!' ഓരോ വ്യക്തിയും തന്റെ സഹോദരങ്ങളെ നോക്കി ഈ ചോദ്യം ചോദിക്കാൻ പ്രേരിപ്പിക്കുന്ന ശക്തമായൊരു വൈകാരികത സിനിമയിലുണ്ട്.

അലന്റെയും ഹാഷിറിന്റെയും കൂടപ്പിറപ്പുകൾക്കായുള്ള കാത്തിരിപ്പിൽ നിന്നാണ് സിനിമയുടെ തുടക്കം. എന്നാൽ കഥ അവസാനിക്കുമ്പോൾ, സ്വന്തം കൂടപ്പിറപ്പുകൾക്കുവേണ്ടി എരിഞ്ഞു തീരാൻപോലും മടിക്കാത്ത തരത്തിൽ അവരെ സ്നേഹിക്കുന്ന അജിനെയും അലനെയുമാണ് നമ്മൾ കാണുന്നത്.

“ഉമ്മച്ചിക്ക് വേദന വന്നേ...” - അമ്മയുടെ വേദനയിലും ഹാഷിറിന്റെ പ്രതീക്ഷ മുഴുവനും കളിക്കാൻ കൂട്ടു കിട്ടാൻ പോകുന്ന അനിയനെക്കുറിച്ചായിരുന്നു. പക്ഷെ അനിയൻ ജനിച്ചതോടെ വീട്ടിലെ സാഹചര്യം മാറുന്നു. വീട്ടുകാരുടെ ശ്രദ്ധയും സ്നേഹവും മുഴുവൻ അനിയന്. അതുവരെ വീട്ടിലെ 'മെയിൻ' ആയിരുന്ന ഹാഷിറിന് സ്വന്തം ആഗ്രഹങ്ങൾ മാറ്റിവെച്ച് കുഞ്ഞിന്റെ കാര്യങ്ങൾക്കായി ഓടേണ്ടി വരുന്നു. എന്നാൽ, അവൻ അറിയാതെ ആ അമ്മ ഹാഷിറിനെ തന്റെ കൂടപ്പിറപ്പിനു താങ്ങും തണലും ആകാൻ ഒരുക്കുകയായിരുന്നു എന്ന് സിനിമ കാണിച്ചുതരുന്നു.

രണ്ട് ബാഗുകൾ ഒരേസമയം ചുമക്കുന്നതും, അനിയൻ കളഞ്ഞ ചോറ്റുപാത്രത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതും, രാത്രിയിൽ ആ പാത്രം തിരിച്ചെടുക്കാൻ അവൻ നടത്തുന്ന സാഹസികതയുമെല്ലാം ഹാഷിർ എന്ന ചേട്ടന്റെ വളർച്ചയെ മനോഹരമായി വരച്ചുകാട്ടുന്നു. അവരുടെ പ്രായത്തിന്റെ മാറ്റം കാണിക്കുന്ന (Time-lapse) രംഗത്തിൽ, നിലത്തുവീണു കരയുന്ന ഹാഷിറിനെ എഴുന്നേൽപ്പിക്കാൻ ആരുമില്ലെന്ന തിരിച്ചറിവ്, സ്വയം എഴുന്നേൽക്കാൻ അവനെ പ്രേരിപ്പിക്കുന്ന രംഗം പ്രേക്ഷകരുടെ ഉള്ളുലയ്ക്കുന്നതാണ്.

## സ്കൂൾ കാലഘട്ടം

സംവിധായകന്റെ മികവ് ഏറ്റവും കൂടുതൽ പ്രകടമാകുന്നത് സ്കൂൾ പശ്ചാത്തലത്തിലുള്ള രംഗങ്ങളിലാണ്.



അനാവശ്യമായവ ഒഴിവാക്കി, പറയേണ്ട കാര്യങ്ങൾ മാത്രം കൃത്യമായി പറഞ്ഞാണ് കഥ ഇവിടെ മുന്നേറുന്നത്.

പ്രണയിനിയുടെ ഒരു നോട്ടത്തിനു വേണ്ടിയുള്ള കാത്തിരിപ്പ്, അസംബ്ലിയിലെ തലകറക്കം, ശ്രദ്ധ പിടിച്ചുപറ്റാനുള്ള വിദ്യകൾ, പേന തട്ടുകളി, 'രണ്ട് പേനയുണ്ടോ?' എന്ന സ്ഥിരം ചോദ്യം, സ്കൂൾ മൂത്രപ്പുരയിലെ 'ആദ്യ കല്യാണം രജിസ്റ്ററിങ്', മൂത്രപ്പുര ചുവരിലെ പ്രതികാര എഴുത്തുകൾ, തല്ലുപിടുത്തവും വെല്ലുവിളികളും, അനിയനുവേണ്ടി ചോദിക്കാൻ വരുന്ന ചേട്ടനും അവനു പിന്തുണ നൽകുന്ന കൂട്ടുകാരനും, അധ്യാപകരുടെ കൂട്ടത്തല്ല്, ഡെസ്കിലെ താളംപിടുത്തം... അങ്ങനെ 90's കിഡ്സിനു മുതൽ Gen-z പിള്ളേർക്കുവരെ നൊസ്റ്റാൾജിയ സമ്മാനിക്കുന്ന ഒരുപിടി മുഹൂർത്തങ്ങൾ കൃത്യതയോടെയും ചുരുക്കിയും അവതരിപ്പിച്ചത് വേറിട്ടൊരു തീയേറ്റർ അനുഭവമായി മാറുന്നു.

## സ്റ്റാഫ് മീറ്റിംഗ് രംഗം

ഒട്ടേറെ ചിന്തകൾക്ക് വഴിതുറക്കുന്ന ഒന്നാണ് ചിത്രത്തിലെ സ്റ്റാഫ് മീറ്റിംഗ് രംഗം. ഇവിടെ ഓരോരുത്തരും സ്വന്തം ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ പരസ്പരം പഴിചാരുന്നതായി കാണാം:

- സജിന്റെ അച്ഛൻ മകന്റെ കൂട്ടുകെട്ടിനെ കുറ്റപ്പെടുത്തുന്നു.
- അധ്യാപകനായ മുജീബ് മാതാപിതാക്കളെ പഴിക്കുന്നു.
- മറ്റൊരു അധ്യാപിക കുട്ടികളുടെ വസ്ത്രധാരണത്തെയാണ് കുറ്റപ്പെടുത്തുന്നത്.
- മുജീബ് വീണ്ടും പൊലീസിനെയും, പൊലീസ് മതത്തെയും പഴിചാരുന്നു.

വളരെ വ്യക്തമായൊരു സന്ദേശമാണ് ഈ രംഗം വിളിച്ചോതുന്നത് - കുട്ടികളെ വളർത്തേണ്ടത് എല്ലാവരും ഒന്നിച്ചുനിന്നാണ്. അതിനു സാധിക്കാതെ വരുമ്പോൾ തകരുന്നത് ഒരുപാടുപേരുടെ സ്വപ്നങ്ങളായിരിക്കും.

## മാതാപിതാക്കളോട്

ചിത്രത്തിലെ ഒരു 'സുന്നത്ത് കല്യാണ' രംഗത്തിൽ കുട്ടികൾക്ക് മദ്യപിക്കാനും അശ്ലീല സിനിമകൾ കാണാനും സൗകര്യമൊരുക്കി സ്വന്തം കാര്യം സാധിക്കാൻ നോക്കുന്ന അപ്പന്മാരായി ബിജുക്കുട്ടനും സുധീഷും വരുന്നുണ്ട്. 'കാറ്റു വിതച്ച് കൊടുങ്കാറ്റ് കൊയ്യുന്ന' മാതാപിതാക്കളുടെ പ്രതിനിധികളാണവർ. ചെറിയ തെറ്റുകൾക്കുനേരെ സൗകര്യപൂർവം കണ്ണടയ്ക്കുന്ന ഇവർ, പിന്നീട് മക്കളുടെ വലിയ തെറ്റുകൾ കണ്ട് ഞെട്ടേണ്ടി വരുന്നു.

അതുപോലെ അജിന്റെ അച്ഛനിലൂടെ തികച്ചും സ്വാർഥനായ ഒരു പിതാവിനെയാണ് വരച്ചുകാട്ടുന്നത്. കടം വീട്ടാനും പണിക്കു പോകാതിരിക്കാനും മക്കളെയും ഭാര്യയെയും ആയുധമാക്കുന്ന ആ കുടുംബനാഥൻ, മക്കളെ പഠിപ്പിക്കാതെ കാശുണ്ടാക്കാനായി പ്രവാസ ലോകത്തേക്ക് നിർബന്ധിച്ച് കയറ്റിവിടുന്നു. നന്നായി പഠിച്ച് പാസായിട്ടും ധനമോഹിയായ അച്ഛൻ സജിന് തുടർന്നു പഠിക്കാനുള്ള അവസരം നിഷേധിക്കുകയാണ്. കാലഘട്ടത്തിന്റെ മാറ്റങ്ങൾ അറിയാതെ മാതാപിതാക്കൾ അടിച്ചേൽപ്പിക്കുന്ന തീരുമാനങ്ങൾ മക്കളുടെ ജീവിതം എങ്ങനെ തകർക്കുന്നു എന്ന് എഴുത്തുകാരൻ വ്യക്തതയോടെ എഴുതി ഫലിപ്പിച്ചിരിക്കുന്നു.

## അധ്യാപകരോട്

അധ്യാപകരോടായി സ്റ്റാഫ് മീറ്റിംഗ് രംഗത്തിൽ അൽഫോൻസ് പുത്രൻ അവതരിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: "നിങ്ങൾ കുട്ടികളോട് സംസാരിച്ചിട്ടുണ്ടോ? അവരുടെ കാര്യങ്ങൾ കേട്ടിട്ടുണ്ടോ?" അതുമാത്രമാണ് ഇതിനുള്ള പരിഹാരം എന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

പാഠപുസ്തകം പഠിപ്പിക്കൽ മാത്രമാണ് തന്റെ ജോലി എന്ന് പറയുന്ന അധ്യാപികയെയും, സ്കൂളിലാണ് കുഴപ്പം എന്ന് പറഞ്ഞു കൈകഴുകുന്ന അച്ഛനെയും, എല്ലാം പ്രാർത്ഥനയിൽ അർപ്പിച്ച് കണ്ണടച്ചിരിക്കുന്ന സമർപ്പിതയെയും ചിത്രം കൃത്യമായി തിരുത്തുന്നുണ്ട്.

## പുതിയ തലമുറയ്ക്കുള്ള സന്ദേശം

ആണുങ്ങൾ പ്രശ്നങ്ങൾ തല്ലിത്തീർക്കണമെന്നും, പെണ്ണുങ്ങൾ പ്രശ്നങ്ങളിൽ നിന്ന് ആത്മഹത്യയിലൂടെ ഒളിച്ചോടണമെന്നുമുള്ള 'ഒറ്റബുദ്ധി' സംസ്കാരത്തെ സിനിമ ശക്തമായി എതിർക്കുന്നു. ഒടുവിൽ അലൻ കണ്ടെത്തുന്ന പേരില്ലാത്ത കഥാപാത്രം നൽകുന്ന സന്ദേശം പുതിയ തലമുറയ്ക്കുള്ളതാണ്: 'ജീവിതം ഒന്നേയുള്ളൂ, അത് ജീവിക്കണം.'

## ചില തിരുത്തലുകൾ

സിനിമയിൽ ചില തിരുത്തലുകൾ വരുത്താമായിരുന്നു എന്നു തോന്നിയ കാര്യങ്ങൾ ഇവയാണ്:

**1. സംഭാഷണങ്ങളിലെ അമിത അശ്ലീലം:** ന്യൂ ജനറേഷൻ വിദ്യാർഥികൾക്കിടയിൽ സാധാരണ സംസാരത്തിൽപ്പോലും തെറി പറയുന്ന ശൈലി തിരുത്തപ്പെടേണ്ടതുണ്ട്.

തീയേറ്ററിൽ ചിരി പടർത്തിയെങ്കിലും, ഒരു മുഴുനീള തെറി സീൻ ഉൾപ്പെടുത്തിയത് ഫാമിലി ഓഡിയൻസിന് ഒരു കല്ലുകടിയായി തോന്നി.

**2. ഉപദേശിക്കുന്നവരെ കോമാളികളാക്കൽ:** ഉപദേശിക്കുന്നവരെയെല്ലാം ശത്രുപക്ഷത്തോ കോമാളികളായോ ചിത്രീകരിക്കുന്ന ഇൻസ്റ്റാഗ്രാം പ്രെ ാപ്പഗണ്ട പോലെയുള്ള പ്രവണത സമൂഹത്തിൽ ആശയക്കുഴപ്പങ്ങൾക്കു കാരണമാകാം.

**3. ബന്ധുക്കൾ തമ്മിലുള്ള ശത്രുത:** ബന്ധുജന ശത്രുത തിരുത്തപ്പെടേണ്ട ഒന്നാണ്. കഥയുടെ ഒഴുക്കിന്റെ ഭാഗമായി അത് താമസ്കരിക്കപ്പെട്ടതായി തോന്നി.

## ഉപസംഹാരം

എല്ലാ രംഗങ്ങളിലും ഓരോ ഷോട്ടിലും തമാശകൾ കലർത്തി സരസമായി കഥ പറഞ്ഞതാണ് സിനിമയുടെ ജനപ്രിയതയ്ക്ക് കാരണം. എന്നാൽ ആദ്യ പകുതിയിൽ പ്രേക്ഷകരെ പൊട്ടിച്ചിരിപ്പിച്ച സിനിമ, അവസാന അരമണിക്കൂറിൽ തിയേറ്ററിൽ കണ്ണീരിന്റെ നനവ് പടർത്താനും വിജയിച്ചിട്ടുണ്ട്. തിയേറ്ററുകളിൽ വൻ ജനപ്രീതി നേടി മുന്നേറുന്ന 'വാഴ 2' കുടുംബത്തോടൊപ്പം കണ്ടിരിക്കേണ്ട ഒരു നല്ല ചിത്രമാണ്. ○





# വേലയും കൂലിയും



ബോബി ജോസ് കട്ടിക്കാട്

ഉത്ഥാനാനന്തരം ക്രിസ്തു നിരന്തരം പറഞ്ഞുകൊണ്ടിരുന്ന ഒരു ദൂതുണ്ട്: 'ഞാൻ ഭൂതമല്ല' എന്ന്. അതു തെളിയിക്കാൻ വേണ്ടി ക്കൂടിയാണ് അവൻ ശിഷ്യന്മാരോടൊപ്പം ഭക്ഷണത്തിരിക്കുന്നതും ഭക്ഷണം ആവശ്യപ്പെടുന്നതും. നമ്മുടെ ഭാവനയിലുള്ള ghost അല്ല ഈ ഭൂതം. 'ഭൂതകാലം' എന്ന രീതിയിൽ അതിനെ വായിച്ചെടുക്കുന്ന താവും കൂടുതൽ ഭംഗി. 'ഞാൻ നിങ്ങളുടെ കാലത്തിന്റെ past അല്ല, നിങ്ങളുടെ ഇന്നിന്റെ ഭാഗമാണ്' എന്നാണ് ക്രിസ്തു പറയുന്നത്. അപ്പോഴാണ് യേശു ജീവിക്കുന്നുവെന്ന ബോധം നമ്മുടെ ഓരോ കോശങ്ങളെയും കീഴടക്കാൻ തുടങ്ങുന്നത്.

ആ നിമിഷംതൊട്ട് നമ്മൾ സുവിശേഷം വായിക്കുന്നത് വർത്തമാനകാലത്തിലായിരിക്കും. രണ്ടായിരം വർഷം മുമ്പ് നടന്ന ഒന്നിന്റെ നാൾവഴിപ്പുസ്തകമായിട്ടല്ല, ദിനപത്രം വായിക്കുന്നതുപോലെ current ആയിട്ടാണ് ബൈബിൾ വായിക്കേണ്ടത്. അതു മനസ്സിലായ ഒരു നിമിഷം തൊട്ടാണ് ക്രിസ്തുവിന്റെ കഥകളുടെ ആഴവും ഭംഗിയും എനിക്ക് പിടികിട്ടിത്തുടങ്ങിയത്. ഏതോ കാലത്ത് ഏതോ ദേശത്തിരുന്ന് അവിടുന്ന് പറഞ്ഞ കഥകൾക്ക് പഴമയുടെ മണമേയില്ല. അതേ കാലത്തുണ്ടായ മറ്റു പല കഥകളും ഗുണപാഠങ്ങൾ മാത്രം നൽകി അന്തരീക്ഷത്തിൽ മാഞ്ഞുപോയപ്പോൾ, യേശു പറഞ്ഞ കഥകളുടെ എല്ലാ nook and corner-ഉം ഇന്നും പ്രസക്തമായി നിൽക്കുന്നു. അത്തരത്തിലൊന്നാണ് മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കാരെ തേടിപ്പോയ യജമാനന്റെ കഥ.

അഞ്ചു നേരങ്ങളിലായിട്ടാണ് ഈ മനുഷ്യൻ തന്റെ തോട്ടത്തിലേക്ക് ജോലിക്കാരെ കൂട്ടിക്കൊണ്ടുവരുന്നത്. പുറത്ത്, നഗരത്തിന്റെ ചത്വരത്തിൽ തൊഴിലാളികൾ കാത്തുനിൽക്കുന്നുണ്ട്. ഒരു പ്രഭാതയാത്ര നിങ്ങളുടെ ജീവിതക്രമത്തിന്റെ ഭാഗമാണെങ്കിൽ കൊച്ചിയിലെ കടവന്ത്രയിലും കലൂരിലും ഷിപ്പ്യാർഡിന്റെ ഭാഗത്തും, അല്പംകൂടി മാറിയാൽ പെരുമ്പാവൂരിലുമൊക്കെ ഈ കാഴ്ച ഇന്നും കാണാം. നമ്മൾ വിചാരിക്കുന്നു ഇത് നമ്മുടെ ഈ കാലത്തിന്റെ മാത്രം പ്രത്യേകതയാണെന്ന്. പക്ഷേ, പത്തുരണ്ടായിരം വർഷം മുമ്പും അതുണ്ടായിരുന്നു. മനുഷ്യരുടെ കഥയൊക്കെ എന്നും ഒന്നുതന്നെയാണ് - ജോലി അന്വേഷിക്കുന്നവർ, ജോലി കിട്ടാതെ പോകുന്നവർ, ജോലിക്ക് ആരും

വിളിക്കാതെ പോകുന്നവർ - ഇവരൊക്കെ ചരിത്രത്തിന്റെ ആരംഭം തൊട്ടേയുണ്ട്.

ഇന്ന് ജോലിക്കുവേണ്ടി നമ്മൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളുടെയൊക്കെ prototype ഈ കഥയിലുമുണ്ട്. ഒന്നാം മണിക്കൂർ (പ്രഭാതത്തിലെ ആറു മണി) തൊട്ട് യജമാനൻ പണിക്കാരെ ശേഖരിക്കുന്നുണ്ട്. പിന്നീട് ഓരോ ഇടവേളകളിലായി നാലു തവണകൂടി അവൻ വരുന്നു. അഞ്ചാമത്തെ തവണ വരുമ്പോൾ പണി തീരാൻ ഒരു മണിക്കൂറിന്റെ വ്യത്യാസമേയുള്ളൂ. അപ്പോഴും അവിടെ മനുഷ്യർ നിൽക്കുന്നുണ്ട്. ജോലിക്കാരെ അന്വേഷിക്കുന്ന ആ മനുഷ്യൻ അവരോട് ചോദിക്കുന്നു: 'നിങ്ങൾ എന്തിനാണ് ഇവിടെ അലസമായി നിൽക്കുന്നത്?'

പലപ്പോഴും നമ്മൾ ഈ വാക്കുപറഞ്ഞാണ് ജോലി നഷ്ടപ്പെട്ടുപോയവരുടെയൊക്കെ ആത്മാഭിമാനം മുറിവേൽപ്പിക്കുന്നത്. 'നിങ്ങൾക്ക് പണി ചെയ്തുകൂടേ? എന്തിനാ അലസരായിരിക്കുന്നത്?' ഏതെങ്കിലുമൊക്കെ ഘട്ടത്തിൽ എല്ലാവരും-പ്രത്യേകിച്ച് പുരുഷന്മാർ-അഭിമുഖീകരിക്കുന്ന ചോദ്യമാണിത്. വീടിനകത്തുനിന്നുപോലും ഈ ചോദ്യം കേൾക്കേണ്ടി വരാം. അത്രയും ആശങ്കകൾ ഉള്ളതുകൊണ്ടാവാം മുതിർന്നവർ ചെറുപ്പക്കാരോട് ഇത് ചോദിക്കുന്നത്. പക്ഷേ, ഈ ചോദ്യത്തിന് മുമ്പിൽ മനുഷ്യരിങ്ങനെ ചുരുണ്ടുപോകുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ഒടുവിൽ കൂലി കൊടുക്കുന്ന നേരമായി. 'ദനാറ' എന്നു പറയുന്നത് അന്നത്തെ പശ്ചാത്തലത്തിൽ ഒരു റോമൻ ഭടന് കിട്ടിക്കൊണ്ടിരുന്ന വലിയൊരു വേതനമാണ്. ഇവിടെ കൂലി കൊടുക്കുന്ന കാര്യത്തിൽ ഒരു വ്യത്യാസമുണ്ട്; അവസാനം വന്ന ജോലിക്കാരനാണ് ആദ്യം കൂലി കൊടുക്കുന്നത്. രാവിലെ ആറുമണി നേരത്തു വന്നയാൾക്കും വൈകുന്നേരം അഞ്ചുമണിക്ക് വന്നയാൾക്കും കൊടുത്തത് ഒരേ ദനാറയാണ്! നിങ്ങൾ എത്ര വൈകിയാണ് അവന്റെ തോട്ടത്തിലേക്ക് വരുന്നതെങ്കിലും അവൻ നൽകുന്ന ആത്മീയ ദനാറ ഒന്നുതന്നെയാണെന്ന സൂചനയായിരിക്കാം ഇതിൽ.

തൊഴിലുമായി ചേർത്ത് ഇതിനെ വായിച്ചെടുക്കുമ്പോൾ ഒരു കാര്യം വ്യക്തമാകും. കൂലി എന്നാൽ നമ്മൾ പൊതുവെ കരുതുന്നത് അയാളുടെ അധ്വാനത്തിന്റെ പ്രതിഫലമാണെന്നാണ്. നമ്മൾ വളരെ ridiculous ആയിട്ടാണ് പലപ്പോഴും കൂലി നിശ്ചയിക്കുന്നത്. ഇന്ന് ജോലിയുടെ രീതികൾ മാറിയിട്ടുണ്ട്. ഐടി സെക്ടറിൽ ഒറ്റനോട്ടത്തിൽ അവർ വളരെ freedom തരുന്നുണ്ട്; ഇഷ്ടമുള്ള സമയത്ത് ഇഷ്ടമുള്ള സ്ഥലത്തിരുന്ന് ജോലി ചെയ്യാം. പക്ഷേ, end of the day നിങ്ങൾ എത്ര piece ചെയ്തു എന്ന മട്ടിൽ ആ പഴയ കയർ ഫാക്ടറിയിലെ ചോദ്യങ്ങൾ തന്നെയാണ് അവരും നേരിടുന്നത്.



യേശുവിന്റെ സങ്കല്പത്തിൽ കൂലി എന്നത് വെറും അധ്വാനത്തിന്റെ പ്രതിഫലമല്ല. അധ്വാനിക്കാൻവേണ്ടി രാവിലെ മുതൽ കാത്തിരുന്നിട്ടും ഊഴം കിട്ടാതെ തലകുനിച്ചു നിൽക്കേണ്ടിവന്ന മനുഷ്യന്, അവന്റെ ആത്മാഭിമാനത്തിന് പരിക്കുപറ്റാതെ അത്താഴം ഉറപ്പുവരുത്തുന്ന പ്രക്രിയയുടെ പേരാണ് കൂലി. ആത്മാഭിമാനത്തോടെ അധ്വാനിക്കുന്ന ഒരാൾക്കും അയാളുടെ കുടുംബത്തിനും അത്താഴം ഭക്ഷിക്കാനുള്ള ഒരു social security-യുടെ പേര്. അതായിരിക്കണം ഏതൊരു തൊഴിൽ തർക്കത്തിലെയും നമ്മുടെ മാനദണ്ഡം.

മനുഷ്യോചിതമായി ജീവിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവർക്ക് ഉറപ്പുവരുത്തുന്നുണ്ടോ? 'അന്നന്നുവേണ്ടുന്ന ആഹാരം ഞങ്ങൾക്ക് തരണമേ' എന്ന് നമ്മൾ എന്നും പ്രാർഥിക്കാറുണ്ട്. ആ പ്രാർഥന പഴയനിയമത്തിലെപ്പോലെ ആകാശത്തുനിന്ന് മന്ന പൊഴിയുന്നതിനെക്കുറിച്ചല്ല; തൊഴിൽ മേഖലയിലെ



മനുഷ്യന്റെ നീതിബോധത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണത്. പക്ഷേ, പലപ്പോഴും കൃത്യമായി കൂലി കൊടുക്കാതിരിക്കുകയോ, വല്ലാതെ വൈകിക്കുകയോ ചെയ്യുന്നതാണ് നാം കാണുന്നത്. Sweat factor (വിയർപ്പ്) മാത്രം മാനദണ്ഡമാക്കാതെ, എത്ര മനുഷ്യോചിതമായി നിങ്ങൾ അപരന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നു എന്നതുതന്നെയാണ് കൂലിക്കു പിന്നിലുള്ള ഏറ്റവും കൃത്യമായ ദൈവശാസ്ത്രം.

യഥാർഥത്തിൽ, ക്രിസ്തീയ ധർമ്മം മുഴുവൻ അടിസ്ഥാനമാക്കിയിരിക്കുന്നത് ഒരു കൂലിപ്പണിക്കാരന്റെ ധർമ്മത്തിലാണ്. ഒരു മരപ്പണിക്കാരനും കുറേ മുക്കുവരും കൂടി രൂപപ്പെടുത്തിയതാണത്. അവരുടെ കൈകളിൽ തഴമ്പിന്റെ പാടുകളുണ്ടായിരുന്നു. അവരെ ക്രിസ്തു കണ്ടെത്തുന്നതുതന്നെ പണിസ്ഥലത്തുവെച്ചാണ്. മത്സ്യം പിടിക്കുന്നവരോട് അവൻ പറയുന്നു: 'നിങ്ങളെ ഞാൻ മനുഷ്യരെ പിടിക്കുന്നവരാക്കാം.' അപ്പോൾ നമ്മൾ കരുതുന്നത് ആ നിമിഷം തൊട്ട് അവർ ആ വലയൊക്കെ ഉപേക്ഷിച്ചുപോയെന്നാണ്. നമ്മൾ അതിനെ തെറ്റിദ്ധരിക്കാതിരിക്കാൻ വേണ്ടിയാകണം, സുവിശേഷം അവസാനിക്കുന്നത് അതിൽ ഒമ്പതുപേർ വീണ്ടും വലയെറിയുന്ന കാഴ്ചയോടെയാണ്. മൂന്നുവർഷത്തെ കൂടെനടപ്പിൽ നിന്ന് അവർ പഠിച്ച ഏറ്റവും വലിയ പാഠം 'വല ഉപേക്ഷിച്ചിട്ട് മനുഷ്യരെ പിടിക്കാം' എന്നല്ല, 'വലയെറിഞ്ഞുകൊണ്ടുതന്നെ മനുഷ്യരെ പിടിക്കാം' എന്നാണ്.

മനുഷ്യരുമായി ബന്ധപ്പെട്ട് അവനവനെത്തന്നെയും ലോകത്തെയും മെച്ചപ്പെടുത്താനുള്ള ഒരു window ആണ് തൊഴിൽ. ആദ്യനൂറ്റാണ്ടിൽ ക്രിസ്ത്യാനിറ്റിയിലേക്ക് വന്ന മനുഷ്യരെല്ലാം ചെറിയ ചെറിയ ജോലിക്കാരായ കൂലിപ്പണിക്കാരായിരുന്നു. അവർക്ക് സമൂഹത്തിൽ വലിയ മതിപ്പൊന്നും ഉണ്ടായിരുന്നില്ല.

എന്നാൽ ഈ മനുഷ്യർ ഉള്ളിൽ കൊണ്ടുനടന്ന ചില അടിസ്ഥാന മൂല്യങ്ങളും അവർ നങ്കൂരമിട്ടിരുന്ന പ്രത്യാശയും കണ്ടിട്ടാണ് പതുക്കെപ്പതുക്കെ upper level-ലുള്ള മനുഷ്യർ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുന്നത്.

കൂലിപ്പണി എന്ന ഘടകത്തെ വളരെ ഗൗരവമായിട്ടെടുക്കുക. മനുഷ്യന് ഇണങ്ങുന്ന ചില വേതന സങ്കല്പങ്ങളും, തൊഴിലിൽ ഏർപ്പെടുന്നവർക്ക് കൊടുക്കേണ്ടിവരുന്ന ആദരവും, എന്തെങ്കിലുമൊക്കെ manual labour-ൽ ഏർപ്പെടാനുള്ള നിങ്ങളുടെ സാധ്യതകളുമൊക്കെ പുനഃപരിശോധിക്കുകയായിരിക്കും ഈ പുതിയ ധർമ്മത്തിനുള്ള ഏറ്റവും നല്ല വാഴ്ത്ത്.

നമ്മൾ ഇന്ന് ഒരു തൊഴിൽ അന്വേഷിച്ചു ചെല്ലുമ്പോൾ എപ്പോഴും ചോദിക്കുന്നത്: 'നിങ്ങൾക്ക് ഈ തൊഴിലിൽ മുൻപരിചയമുണ്ടോ?' എന്നാണ്. എന്തൊരു ഫലിതമാണത്! ഏതെങ്കിലും തൊഴിലിൽ ഏർപ്പെടാൻ സാഹചര്യം കിട്ടാതെ നമുക്കെങ്ങനെയാണ് തൊഴിൽപരിചയം ഉണ്ടാകുന്നത്? അതുകൊണ്ടുതന്നെ ഓർക്കുക, ഒരാൾക്ക് ജോലി കണ്ടെത്താൻ സഹായിക്കുക എന്നത് ഈ ലോകത്തിലെ ഏറ്റവും വലിയ കരുണകളിലൊന്നാണ്.




50

പുതിയനിയമത്തിലെ കുടുംബദർശനം



റവ. ഡോ. തോമസ് വള്ളിയാനിപ്പുറം





# കുടുംബത്തിൽ പെണ്ണിന്റെ പദവി

**പെ**ണ്ണെഴുത്തുകാരിയായി പരക്കെ അറിയപ്പെടുന്ന സാറാ ജോസഫിന്റെ 'ആലാഹായുടെ മക്കൾ' എന്ന നോവലിൽ, പതിനഞ്ചാം വയസ്സിൽ നാല്പതുകാരനും രോഗിയുമായ ഇട്ടി എന്ന മനുഷ്യനെ വിവാഹം ചെയ്യാൻ നിർബന്ധിതയായ കുഞ്ഞില എന്ന സ്ത്രീയുടെ കണ്ണീരിൽ കുതിർന്ന കുടുംബജീവിതകഥ കോറിയിട്ടിട്ടുണ്ട്. ഇട്ടുമൂടാൻ സമ്പത്തുള്ള കുബേരനാണ് ഇട്ടി. എന്നാൽ, അയാൾ രോഗിയും മനോവിഭ്രമമുള്ളയാളുമായിരുന്നു. മരിക്കുംമുമ്പ് തന്റെ മകൻ ഒരു പെണ്ണിനെ അറിയട്ടെ എന്ന സ്വാർഥചിന്തകൊണ്ടു മാത്രമാണ് ഇട്ടിയുടെ അപ്പൻ ഈ വിവാഹത്തിന് പശ്ചാത്തലമൊരുക്കുന്നത്. ഉള്ളുമുഴുവൻ പൂതലിച്ച പാഴ്മരമായ ഇട്ടി വിവാഹത്തിന്റെ പിറ്റേ ആഴ്ച മരിച്ചു. വിധവയായിത്തീർന്ന കുഞ്ഞില അവർണ്ണനീയമായ ദുഃഖദുരിതങ്ങളാണ് അനുഭവിച്ചത്. പെണ്ണിനെ ഭോഗവസ്തുവാക്കുകയും ദുരിതക്കയത്തിലേക്ക് എറിയുകയും ചെയ്യുന്ന ആധുനിക സംസ്കാരത്തിന്റെ ജീർണ്ണതയ്ക്കെതിരെയുള്ള ശക്തമായ താക്കീതാണ് ഈ കഥ.

ഈ കഥ രചിക്കപ്പെടുന്നതിനു നൂറ്റാണ്ടുകൾക്കുമുമ്പേ സ്ത്രീയുടെ മഹത്വം ഉയർത്തിപ്പിടിക്കുകയും സ്ത്രീയുടെ തുല്യാവകാശങ്ങൾക്കുവേണ്ടി പോരാടുകയും ചെയ്ത കർത്താവായ യേശുക്രിസ്തുവിന്റെ ദർശനങ്ങളാണല്ലോ ലൂക്കായുടെ സുവിശേഷം അവതരിപ്പിക്കുന്നത്. യേശുനാഥനിൽനിന്ന് ആവേശം ഉൾക്കൊണ്ട യഥാർഥ ഫെമിനിസ്റ്റാണ് ലൂക്കാ സുവിശേഷകൻ എന്ന കാര്യം ഈ സുവിശേഷം ഒരാവർത്തി വായിക്കുമ്പോൾത്തന്നെ നമുക്കു ബോധ്യമാകും.

## സ്ത്രീ – ശിഷ്യത്വത്തിന്റെ പെരിക്കോപ്പ്

ലൂക്കായുടെ സുവിശേഷം എട്ടാം അധ്യായം 1 മുതൽ 3 വരെ വാക്യങ്ങൾ സ്ത്രീ-ശിഷ്യത്വത്തിന്റെ പാഠഖണ്ഡം (pericope) ആയി അറിയപ്പെടുന്നു: "അതിനുശേഷം യേശു പട്ടണങ്ങളിലും ഗ്രാമങ്ങ

ളിലും ചുറ്റിസഞ്ചരിച്ച് പ്രസംഗിക്കുകയും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുകയും ചെയ്തു. പന്ത്രണ്ടുപേരും അവനോടുകൂടെ ഉണ്ടായിരുന്നു. അശുദ്ധാത്മാക്കളിൽനിന്നും മറ്റു വ്യാധികളിൽനിന്നും വിമുക്തരാക്കപ്പെട്ട ചില സ്ത്രീകളും ഏഴു ദുഷ്ടാത്മാക്കൾ വിട്ടുപോയവളും മഗ്ദലേന എന്നു വിളിക്കപ്പെടുന്നവളുമായ മറിയവും ഹേറോദേസിന്റെ കാര്യസ്ഥനായ കൂസായുടെ ഭാര്യ യൊവാന്നയും സൂസന്നയും തങ്ങളുടെ സമ്പത്തുകൊണ്ട് അവരെ ശുശ്രൂഷിച്ചിരുന്ന മറ്റ് പല സ്ത്രീകളും അവരോടൊപ്പമുണ്ടായിരുന്നു."

മഗ്ദലേന മറിയം, യൊവാന്ന, സൂസന്ന എന്നീ സ്ത്രീകളുടെ പേരുകൾ ഇവിടെ എടുത്തുപറയുന്നുണ്ട്. മഗ്ദലേനയ്ക്ക് യേശുവിന്റെ വചനത്താൽ അശുദ്ധാത്മാക്കളുടെ അടിമത്തത്തിൽനിന്ന് മോചനം കിട്ടി. യേശുവിൽനിന്ന് സൗഖ്യം പ്രാപിച്ചവരും വിമോചനം കിട്ടിയവരുമായ സ്ത്രീകളാണ് അവിടുത്തെ അനുഗമിച്ചത്. തങ്ങളുടെ സമ്പത്ത് യേശുവിന്റെ പ്രേഷിതവേലയ്ക്കുവേണ്ടി ചെലവഴിക്കാൻ അവർ മടി കാണിച്ചില്ല. പന്ത്രണ്ടുപേരോടൊപ്പം അവരും യേശുവിനെ അനുഗമിച്ചു; യേശുവിന്റെ ശിഷ്യരായിത്തീർന്നവരാണവർ.

ക്രിസ്ത്യാനികളെല്ലാം, പുരുഷന്മാരും സ്ത്രീകളും, തുല്യമായി യേശുവിന്റെ ശിഷ്യരാണെന്നാണ് സുവിശേഷം പറഞ്ഞുവെയ്ക്കുന്നത്. സഭാസമൂഹങ്ങളിൽ പുരുഷന്മാരോടൊപ്പം തുല്യശിഷ്യരായി സ്ത്രീകളെ നാം പരിഗണിക്കുന്നുണ്ടോ? ഗാർഹികസഭയായ കുടുംബത്തിൽ സ്ത്രീക്കും പുരുഷനും തുല്യസ്ഥാനമുണ്ടോ?

## ബാല്യകാലസുവിശേഷത്തിലെ പ്രമുഖ സ്ത്രീകൾ

സ്ത്രീകൾക്ക് പ്രാമുഖ്യം നൽകുന്ന വേദഭാഗമാണ് ലൂക്കായുടെ ബാല്യകാലസുവിശേഷം (ലൂക്കാ 1-2). ഈ ഭാഗത്തെ നായിക പരിശുദ്ധ കന്യകാമറിയമാണ്. മറിയത്തിനു ലഭിച്ച മംഗളവാർത്തയാണ് (ലൂക്കാ 1:26-38) രക്ഷാകരചരിത്രത്തിന്റെ ദിശാമാറ്റം നിർണ്ണയിക്കുന്നത്. "ഇതാ കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" എന്ന മറിയത്തിന്റെ പ്രതിവചനം കേൾക്കാൻ വാനവും ഭൂമിയും കാതോർത്തു നിലകൊണ്ടു.



യൂദയായിലെ മലമ്പ്രദേശത്തുള്ള പട്ടണത്തിൽപ്പോയി എലിസബത്തിനെ ശുശ്രൂഷിക്കുന്നത് (ലൂക്കാ 1:39-45), തദവസരത്തിൽ മറിയം മൊഴിഞ്ഞ വിപ്ലവഗീതമായ മാഗ്നിഫിക്കാത്ത് (ലൂക്കാ 1:46-56), ഉണ്ണിയേശുവിന് കാലിത്തൊഴുത്തിൽ ജന്മം നൽകുന്നത് (ലൂക്കാ 2:6-7), ശിമയോന്റെ പ്രവചനമനുസരിച്ച് ഹൃദയത്തെ ഭേദിക്കുന്ന സഹനത്തിന്റെ വാൾ സ്വീകരിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്നത് (ലൂക്കാ 2:35), പന്ത്രണ്ടു വയസ്സുകാരന്റെ തിരോധാനം പിതാവിന്റെ ഹിതം നിറവേറ്റാനുള്ള ശുഷ്കാന്തിയിൽനിന്ന് ഉത്ഭവിച്ചതാണെന്ന് തിരിച്ചറിയുമ്പോഴുള്ള വിസ്മയം (ലൂക്കാ 2:49) മുതലായവയെല്ലാം മറിയത്തെ യേശുവിനോടൊപ്പം രക്ഷാകരചരിത്രത്തിന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നു. സഖറിയായുടെ ഭാര്യയും സ്നാപകയോഹന്നാന്റെ അമ്മയുമായ എലിസബത്ത്, പ്രവാചികയായ അന്നാ (ലൂക്കാ 2:36-38) മുതലായവരും ബാല്യകാലസുവിശേഷത്തിലെ പ്രധാന കഥാപാത്രങ്ങളാണ്. സ്ത്രീകൾക്ക് രക്ഷാചരിത്രത്തിലുള്ള നിർണ്ണായക പങ്കാണ് ഈ കഥാപാത്രങ്ങളിലൂടെ ലൂക്കാ എടുത്തുകാട്ടുന്നത്.

## അത്ഭുതങ്ങളിലെ സ്ത്രീകൾ

- പത്രോസിന്റെ അമ്മായിയമ്മയെ വചനത്താൽ യേശു സുഖപ്പെടുത്തുന്നു (ലൂക്കാ 4:38-39).
- നയീനിലെ വിധവയുടെ മകനെ പുനരുജ്ജീവിപ്പിച്ച്, അമ്മയെ ആശ്വസിപ്പിക്കുന്നു (ലൂക്കാ 7:11-17).
- രക്തസ്രാവക്കാരിയെ സുഖപ്പെടുത്തി, അവളെ വിശ്വാസത്തിന്റെ വലിയ സാക്ഷിയാക്കി മാറ്റുന്നു (ലൂക്കാ 8:43-48).
- സാബത്തുനിയമം ലംഘിച്ച്, പതിനെട്ടു വർഷക്കാലം കൂനിപ്പോയ സ്ത്രീക്ക് സൗഖ്യം നൽകി നിവർത്തി നിർത്തുന്നു (ലൂക്കാ 13:10-17).

ഈ അത്ഭുതങ്ങളിലെല്ലാം സ്ത്രീകളെ വിശ്വാസത്തിന്റെ മാതൃകകളായാണ് യേശു അവതരിപ്പിക്കുന്നത്. സ്ത്രീകളുടെ രക്ഷയും സൗഖ്യവും വിമോചനവും യേശുവിന്റെ പരസ്യശുശ്രൂഷയിലെ പ്രധാനപ്പെട്ട സംഭവങ്ങളായിരുന്നു. ആരോഗ്യത്തോടെയും സമാധാനത്തോടെയും ജീവിക്കുന്ന സ്ത്രീകളാണ് പുതിയ മാനവികതയുടെ ഊടും പാവുമായി വർത്തിക്കുന്നത്. സ്ത്രീകൾക്ക് വിമോചനം നൽകുന്നതിലൂടെ കാരുണ്യത്തിന്റെ അർഥവ്യാപ്തി അവിടുന്ന് പഠിപ്പിച്ചു.

*'റെഹാമീം'* എന്ന ഹീബ്രു പദമാണ് 'കരുണ' എന്ന് വിവർത്തനം ചെയ്യുന്നത്. *'റേഹെം'* എന്ന പദത്തിൽ നിന്നാണ് ഇതിന്റെ നിഷ്പത്തി. *'റേഹെമി'*-ന്റെ അർഥം ഗർഭപാത്രം എന്നാണ്. ഗർഭത്തിൽ കഴിയുന്ന ശിശു അനുഭവിക്കുന്ന കരുതലാണ് കരുണ. അമ്മ തന്റെ ജീവനും രക്തവും നൽകിയാണല്ലോ ഗർഭസ്ഥശിശുവിനെ പോറ്റുന്നത്. ഇതുപോലുള്ള തന്മയീഭാവവും കരുതലുമാണ് കരുണയുടെ അകക്കാമ്പ്. സ്ത്രീത്വത്തിനു മാത്രമേ കരുണയുടെ പൂർണ്ണ അടയാളങ്ങളാകാൻ കഴിയൂ. യേശുവിന്റെ സ്ത്രൈണതയുടെ കവിഞ്ഞൊഴുകലായിരുന്നു അവിടുത്തെ കരുണാർദ്രമായ അത്ഭുതങ്ങൾ; വിശിഷ്യാ സ്ത്രീകൾക്ക് നൽകിയ വിമോചനങ്ങൾ. സുവിശേഷത്തിൽ ഉപയോഗിച്ചിരിക്കുന്നത് 'സ്പ്ലാൻക്നോൺ' (Splagchnon) എന്ന ഗ്രീക്ക് നാമപദത്തിന്റെ ക്രിയാരൂപങ്ങളാണ് (ലൂക്കാ 7:13; 15:20). ഈ പദത്തിന് 'കരുണ' അഥവാ 'അനുകമ്പ' എന്നാണർഥം. സ്ത്രൈണതയുടെ ഭാവമുൾക്കൊള്ളുന്ന നാമമാണിത്.

## ഉപമകളിലെ സ്ത്രീകൾ

യേശുവിന്റെ ഉപമകളിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീകൾ ദൈവരാജ്യാഗമനത്തിന്റെ ശക്തമായ അടയാളങ്ങളാണ്. ഒരു സ്ത്രീ മൂന്നിടങ്ങഴി മാവിൽ ചേർത്തുവെച്ച പുളിപ്പുപോലെയാണ് ദൈവരാജ്യം (ലൂക്കാ 13:21). നഷ്ടപ്പെട്ട നാണയം കണ്ടുകിട്ടുവോളം തിരയുന്ന സ്ത്രീയുടെ അന്വേഷണപരതയ്ക്ക് സമാനമാണ് ദൈവത്തിന് പാപികളോടുള്ള സ്നേഹം (ലൂക്കാ 15:8-10). നീതിക്കുവേണ്ടി മടുപ്പുകൂടാതെ നിരന്തരം കേഴുന്ന വിധവയെപ്പോലെ സ്ഥൈര്യത്തോടെ പ്രാർഥിക്കുന്നവരാണ് ദൈവരാജ്യത്തിന്റെ



മക്കൾ (ലൂക്കാ 18:1-8).

ദീർഘമായി പ്രാർഥിക്കുന്നെന്നു നടിച്ചുകൊണ്ട് വിധവകളുടെ ഭവനം വിഴുങ്ങുന്ന ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യം തുറന്നുകാട്ടിക്കൊണ്ട്, ദേവാലയഭണ്ഡാരത്തിൽ രണ്ട് ചെമ്പുതുട്ടുകൾ നിക്ഷേപിക്കുന്ന ദരിദ്രയായ വിധവയെ പ്രശംസിക്കുന്നതിലൂടെ, സമൂഹം പുറന്തള്ളുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന പാവപ്പെട്ട സ്ത്രീകളുടെ മഹത്വമാണ് യേശു പ്രഘോഷിച്ചത് (ലൂക്കാ 20:47-21:1-4).

## പുരുഷന്റെ കപടസഞ്ചാരത്തിനെതിരെ സ്ത്രീയുടെ നിർമലമായ സ്നേഹം

യേശു ഫരിസേയപ്രമാണിയായ ശിമയോന്റെ ഭവനത്തിൽ അതിഥിയായി ഭക്ഷണത്തിനിരിക്കവേ, അവിടുത്തെ പാദം കണ്ണീരുകൊണ്ട് കഴുകി, തലമുടികൊണ്ട് തുടച്ച്, സുഗന്ധതൈലലേപനം നടത്തിയ പാപിനിയായ സ്ത്രീയെ സമൂഹമധ്യേ യേശു പ്രശംസിക്കുന്നു: "ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇവൾ അധികം സ്നേഹിച്ചു" (ലൂക്കാ 7:47). ഫരിസേയനായ ശിമയോന്റെ കപടവും വക്രവുമായ നിലപാടുകൾക്ക് നേർവിപരീതമായിരുന്നു ആ പാപിനിയായ സ്ത്രീയുടെ നിർമ്മലമായ സ്നേഹവും കൃതജ്ഞതാപ്രകാശനവും. ലോകത്തിൽ എവിടെയെല്ലാം സുവിശേഷം പ്രസംഗിക്കപ്പെടുമോ അവിടെയെല്ലാം ദൈവത്തിന്റെ കരുണയുടെയും സ്നേഹത്തിന്റെയും ഉദാത്തമായ അടയാളമായി ഈ സ്ത്രീ (എല്ലാ സ്ത്രീകളും) ഉയർന്നുനിൽക്കുന്നു. സ്ത്രീത്വത്തിന്റെ തിളക്കമാർന്ന സാക്ഷ്യമാണ് ഈ സംഭവം.

## ആതിഥ്യ മര്യാദയുടെയും ഏകാഗ്രമായ ശുശ്രൂഷയുടെയും മാതൃകകളായ സ്ത്രീകൾ

ലൂക്കാ സുവിശേഷകൻ മാത്രം രേഖപ്പെടുത്തുന്ന ബഥനിയിലെ മർത്താ-മറിയം സഹോദരിമാർ ആതിഥ്യമര്യാദയുടെയും ഏകാഗ്രമായ ശുശ്രൂഷയുടെയും മാതൃകകളാണ് (ലൂക്കാ 10:38-42). പുരുഷന്റെ പരുക്കൻ പ്രകൃതിക്ക് നേർവിപരീതമാണ്



സ്ത്രീയുടെ സ്നേഹമസൃണമായ ആതിഥ്യമേകൽ. മർത്താ എന്ന സഹോദരി ഈ ആതിഥ്യമര്യാദയുടെ പ്രതീകമായി നിലകൊള്ളുമ്പോൾ, മറിയം ഏകാഗ്രമായ ദൈവവചന ശുശ്രൂഷയുടെ മാതൃകയാണ്. അവൾ കർത്താവിന്റെ പാദത്തിലിരുന്ന് വചനം കേട്ടു.


യേശു മറിയത്തെയാണ് പ്രശംസിക്കുന്നതെങ്കിലും, പാഠഭാഗം ശ്രദ്ധാപൂർവം വായിച്ചാൽ പരോക്ഷമായി മർത്തായെയും പ്രശംസിക്കുന്നുണ്ട്. മർത്തായുടെ ഭൗതികമായ ശുശ്രൂഷകൾ കൂടാതെ ഒരു ഭവനത്തിനും നിലനിൽക്കാനാവില്ല. എന്നാൽ, ഈ ശുശ്രൂഷകളെല്ലാം ഏകാഗ്രമായ ദൈവശുശ്രൂഷയിലേക്ക് നയിക്കുന്നതും അതിന് വിധേയപ്പെട്ടിരിക്കുന്നതും ആയിരിക്കണമെന്നുമാത്രം. കുടുംബവും ലോകവും നിലനിൽക്കുന്നത് ആതിഥ്യശുശ്രൂഷകളിലൂടെയും ഏകാഗ്രമായ ദൈവശുശ്രൂഷയിലൂടെയുമാണ്. രണ്ടിന്റെയും മാതൃകകൾ സ്ത്രീകളാണ്.

## യേശുവിന്റെ മരണോത്ഥാനങ്ങളുടെ സാക്ഷികളും പ്രഘോഷകരും

യേശുവിന്റെ മരണോത്ഥാനങ്ങളാണ് മനുഷ്യരാശിക്ക് രക്ഷ പ്രദാനം ചെയ്തത്. ഈ രക്ഷാരഹസ്യങ്ങളിൽ പുരുഷന്മാരേ

ക്കാളധികം സ്ത്രീകളാണ് പങ്കാളിത്തം വഹിക്കുന്നത്. കുരിശും വഹിച്ച് കാൽവരിയിലേക്ക് യാത്രയായ യേശുവിന്റെ പിന്നാലെ കണ്ണീരൊഴുക്കി വിലപിച്ചുകൊണ്ട് അവിടുത്തേക്ക് ആശ്വാസം പകർന്നത് ജറുസലേമിലെ സ്ത്രീകളാണ്. യേശു അവർക്ക് വിലാപത്തിലൂടെ ലഭിക്കുന്ന വിമോചനത്തിന്റെ സദ്വാർത്തയാണ് നൽകുന്നത് (ലൂക്കാ 23:27-31). 'കരയുന്നവർ ഭാഗ്യവാന്മാർ' എന്ന സുവിശേഷവചനമാണ് അവരിൽ നിറവേറിയത്.

യേശുവിന്റെ കുരിശിന്റെ ചുവട്ടിൽ അവിടുത്തെ സഹനത്തിൽ പങ്കുചേർന്നുകൊണ്ട് സ്ത്രീകൾ നിലകൊണ്ടു (ലൂക്കാ 23:49). അരിമത്തിയാക്കാരനായ യൗസേപ്പിന്റെ നേതൃത്വത്തിൽ യേശുവിന്റെ ശരീരം സംസ്കരിച്ചപ്പോഴും സ്ത്രീകൾ അവിടെ സന്നിഹിതരായിരുന്നു (ലൂക്കാ 23:55-56). ഞായറാഴ്ച അതിരാവിലെ സുഗന്ധതൈലം പൂശാൻ പോയത് അവിടുത്തെ സ്നേഹിച്ചിരുന്ന സ്ത്രീകളാണ്. ശൂന്യമായ കല്ലറ ദർശിച്ചതും കർത്താവിന്റെ ഉത്ഥാനവാർത്ത ദൈവദൂതരിൽനിന്ന് ആദ്യം ശ്രവിച്ചതും അത് പതിനൊന്ന് ശ്ലീഹന്മാരെയും അറിയിച്ചതും സ്ത്രീകൾത്തന്നെ. ഈ സ്ത്രീകളിൽ പ്രധാനപ്പെട്ടവർ മഗ്ദലേന മറിയവും യൊവാന്നയും യാക്കോബിന്റെ അമ്മയായ മറിയവുമായിരുന്നു.




മിശിഹായുടെ ഉത്ഥാനമാണ് ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനമെങ്കിൽ ഇത് ആദ്യം വിശ്വസിച്ചതും പ്രഘോഷിച്ചതും സ്ത്രീകളാണ്. സ്ത്രീകളുടെ സാക്ഷ്യം കൂടാതെ വിശ്വാസജീവിതമില്ല, സഭയുടെ സ്ഥാപനവുമില്ല. ലൂക്കായുടെ സുവിശേഷം അത്യുന്നതമായ പദവിയിലാണ് സ്ത്രീകളെ പ്രതിഷ്ഠിക്കുന്നത്. ആധുനിക പെണ്ണെഴുത്തുകാരും സ്ത്രീവാദികളും ഫെമിനിസ്റ്റുകളും ലൂക്കാ സുവിശേഷകനു മുമ്പിൽ തോറ്റുപോകും.

## ഉത്തരാധുനിക സ്ത്രീകാണ്ഡം

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ശക്തിയിൽ ഊറ്റംകൊള്ളുന്ന പുതിയ തലമുറയിൽ സ്ത്രീയുടെ അന്തസ്സ് ഭദ്രമാണോ? ലോകവ്യാപകമായി ഓരോ മിനിറ്റിലും രണ്ടിലേറെ സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുന്നു; ചൂഷണം ചെയ്യപ്പെടുന്നു; പീഡിപ്പിക്കപ്പെടുന്നു. കുടുംബത്തിനുള്ളിൽ നടക്കുന്ന ഗാർഹിക പീഡനമാണ് ഏറ്റവും ജുഗുപ്സാവഹം. പെൺകുട്ടികൾ ഗർഭത്തിൽവെച്ച് കൊലചെയ്യപ്പെടുന്നു; കുടുംബത്തിൽ ആൺകുട്ടികൾക്ക് മുൻഗണനയും പെൺകുട്ടികൾക്ക് അവഗണനയും ലഭിക്കുന്നു. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകാനോ സമൂഹത്തിന്റെ മുഖ്യധാരയിലേക്കും അധികാരസ്ഥാനങ്ങളിലേക്കും അവരെ കൈപിടിച്ചുയർത്താനോ സമൂഹം ഇന്ന് വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല. മന്ത്രിമാരിൽ വിരലിലെണ്ണാവുന്ന സ്ത്രീകളേയുള്ളൂ; ഉദ്യോഗസ്ഥരംഗത്തും അങ്ങനെതന്നെ.

സുപ്രധാന സ്ഥാനങ്ങളൊക്കെ പുരുഷന്മാർ കൈയടക്കിവെക്കുകയും തങ്ങളുടെ ആജ്ഞാനുവർത്തികളും സുഖഭോഗോപകരണങ്ങളും മാത്രമായി സ്ത്രീകളെ കാണുകയും ചെയ്യുന്ന മനുഷ്യാവകാശനിഷേധപരമായ പ്രവർത്തനശൈലി തുടരുവോളം സ്ത്രീപീഡനങ്ങൾ പല രീതിയിൽ ആവർത്തിച്ചുകൊണ്ടിരിക്കും. സ്ത്രീയും പുരുഷനും തുല്യപങ്കാളികളാണെന്നും മനുഷ്യരെന്ന നിലയിൽ അവർ തുല്യ മഹത്വമുള്ളവരാണെന്നും പരസ്പരപൂരകങ്ങളാണെന്നുമുള്ള ക്രിസ്തുവിന്റെ ദർശനത്തിനു മാത്രമേ (മർക്കോ. 10:1-2) സ്ത്രീകൾക്കെതിരെയുള്ള വിവേചനങ്ങളെ നിശേഷം തോൽപ്പിക്കാനാവൂ. പുരുഷന്റെ മനസ്സിൽ കത്തിജ്വലിക്കുന്ന കാമാസക്തി അവനെ അന്ധനാക്കിയാൽ സ്ത്രീത്വത്തെ പിച്ചിച്ചീന്താൻ അവൻ തുനിയുകതന്നെ ചെയ്യും (മത്താ. 5:27-30).

കാമാസക്തിയെ ആത്മനിയന്ത്രണംകൊണ്ട് കീഴ്പ്പെടുത്തി, സ്ത്രീയെ സ്നേഹിച്ചാദരിക്കുന്ന പുതിയ സംസ്കാരത്തിന്റെ ഉണർത്തുപാട്ടാണ് ലൂക്കായുടെ സുവിശേഷം. ○

EXIT പുറം വാതിൽ



ജെ. മണക്കുന്നേൽ

# അലസന് അപ്പം ആഹരിക്കാമോ?

**മൂ**ന്നാനകൾക്ക് ഒരു തോട്ടിയോ? ഉള്ളിൽ അറിയാതെ ചോദിച്ചുപോയി! ബോഡിഷെയിമിംഗ് അല്ല! ഘടാഘടിയന്മാരായ മൂന്ന് ആൺപിള്ളേർ ചടഞ്ഞുകൂടിയിരിക്കുന്നു. ഇവർക്കു മൂത്തവളായി ഇലച്ചില്ലയ്ക്ക് ഇത്തിരി ഇറച്ചിവച്ചതുപോലെ എല്ലുംതോലുമായ് ഒരു പെൺകുട്ടി! അമ്പതു പിന്നിട്ട അപ്പനും അമ്മയ്ക്കും ആവശ്യത്തിലേറെ അസുഖങ്ങളുണ്ട്. എന്നിട്ടും ഏന്തിയും വലിഞ്ഞും അപ്പൻ ചില്ലറ ജോലികൾക്കു പോകുന്നുണ്ട്. മൂത്ത പെൺകുട്ടിയുടെ നഴ്സിംഗ് ജോലിയാണ് ഇപ്പോൾ വീട്ടിലെ ഏക സ്ഥിരവരുമാനം. ആൺപിള്ളേർ മൂന്നും പത്താംതരം കഷ്ടിച്ചു കടന്നുകൂടിയവർ. ഹയർസെക്കൻഡറിക്കു കയറിപ്പറ്റിയെങ്കിലും കടന്നുകൂടാനാവാതെ കിതച്ചു പിൻവാങ്ങിയവർ! ധ്യാനത്തിനെത്തിയ പെൺകുട്ടിയുടെ അഭ്യർഥന മാനിച്ച് അവരുടെ വീട്ടിലെത്തിയപ്പോൾ കണ്ട സ്ഥിതിവിശേഷമാണത്.

"അച്ചാ, നേരം വെളുക്കും മുതൽ വൈകും വരെ ഒരു പണിക്കും പോകാതെ ഇവന്മാർ ഇവിടെയിരുന്നാൽ എന്തു ചെയ്യും?" വല്ലാത്ത ചുമയ്ക്കിടയിൽ എല്ലുന്തിയ അമ്മ ചോദിച്ചു. പ്ലംബിംഗ് പണിയായുധങ്ങളുടെ ഒരു പഴകിയ സഞ്ചിയുമായി അയാൾ വിയർത്തൊലിച്ച് വന്നുകയറി. ഇളംതിണ്ണയുടെ അരമതിലിൽ ഇരിക്കുന്ന മൂവർഗുണ്ടകളെയും ഒരു മുഷിഞ്ഞ നോട്ടം നോക്കിയിട്ട് അയാൾ എനിക്ക് സ്തുതിതന്നു. "ഇവരെ ഇങ്ങനെയിരുത്താതെ കൂടെക്കൂട്ടി പണികളൊക്കെ പഠിപ്പിച്ചുകൂടെ?" "വന്നിട്ടു വേണ്ടേ അച്ചാ... മൂന്നിനും വിയർക്കാത്ത പണികിട്ടിയാലേ പോകുകയുള്ളൂ..." വിയർപ്പിന്റെ അസുഖമുള്ള മൂന്നു തടിയന്മാരും ഒരു മടിയും കൂടാതെ ഇതു കേട്ടിരിപ്പാണ്. "ഒരുത്തനെ വർക്ക്ഷോപ്പിൽ വിട്ടു... രണ്ടു ദിവസം കഴിഞ്ഞപ്പോൾ 'കരി പറ്റുമെന്നു' പറഞ്ഞു പുരയിലേക്കു പോന്നു. ഒരാളെ ഐറ്റിഐയ്ക്കു ചേർത്തതാ... പറ്റില്ലെന്നു പറഞ്ഞ് പിറ്റേ ആഴ്ച മുതൽ അവൻ പോയില്ല." നിസ്സഹായതയോടെ അപ്പൻ നീറിപ്പറഞ്ഞു. ഫിറ്ററു പണി തനിക്കു ഫിറ്റല്ല എന്നായിരുന്നു ആ ഫാറ്റിഫെല്ലോയുടെ നിലപാട്. "മൂന്നാമനു സിനിമാപിടുത്തം പഠിക്കാൻ പോകണമെന്നാ... അതിനുള്ള ഫീസിന് എവിടെ പോകും?" "മനസുവച്ചാൽ നടന്നേനെ" മൂന്നാമൻ മുഷിവോടെ മുറുമുറുത്തു. ഞാൻ അവനോട് അത് ഒന്നുറക്കെ പറയാൻ ആവശ്യപ്പെട്ടപ്പോൾ മടികൂടാതെ പറഞ്ഞു. "മനസ്സുവെച്ചാൽ നടക്കും" എന്ന്. "ഇതുതന്നെയാണ് എനിക്കു നിങ്ങളോടും പറയാനുള്ളത്. പത്താംതരം മാത്രം പാസായ നിങ്ങൾ കെട്ടിച്ചുവിടാറായ ഈ പെങ്ങളുടെ പറ്റിൽ പുട്ടടിച്ച് ഇങ്ങനെ ജീവിതം പാഴാക്കരുത്" ഞാനല്പം കടത്തിപ്പറഞ്ഞു. "പൊടി പറ്റാത്തതും വിയർപ്പൊലിക്കാത്തതുമായ ഒറ്റപ്പണിയേ ഉള്ളൂ. ലോട്ടറിക്കച്ചവടം! അതെങ്കിലും ചെയ്തുകൂടെ?" അയ്യേ എന്ന ഭാവത്തിൽ അവരെന്നെ നോക്കി. ഒടുവിൽ മൂവരുമൊത്ത് ഞാൻ വെളിയിലിറങ്ങി മുക്കാൽ മണിക്കൂറോളം സംസാരിച്ചു. കുത്തിനിറച്ച പാവപോലെ ഇങ്ങനെ ചത്തജീവിതം നയിക്കരുതെന്നും, എന്നും താങ്ങാൻ വീട്ടുകാരുണ്ടാകില്ലെന്നും ബോധ്യപ്പെടുത്തി. ഡിഗ്രി പാസായിട്ടുപോലും കൂലിപ്പണിക്കും, കേറ്ററിംഗ് ജോലിക്കും, ചുമടെടുപ്പിനും, വാർക്കപ്പണികൾക്കും, വണ്ടികഴുകലിനുമൊക്കെ പ്പോയി സ്വന്തമായി കുടുംബം പോറ്റുന്ന ചില ചെറുപ്പക്കാരെ അവർക്കു പരിചയപ്പെടുത്തി. എല്ലാ വേലയ്ക്കും ഒരേ ചേലാണെന്നും വിയർത്തുണ്ടാക്കിയതിൽ നിന്നും വിളമ്പിവിഴുങ്ങുമ്പോഴേ ശരിയായ വിലയുണ്ടാകൂ എന്നും അവർക്കു തിരിച്ചറിവു നൽകി. അപ്പനമ്മമാരെ പോറ്റേണ്ട പ്രായത്തിൽ അവരുടെ പറ്റിലും, സഹോദരിയുടെ സൗജന്യത്തിലും കഴിയേണ്ടിവരുന്നതിനോളം നാണക്കേട് നാട്ടുകാരുടെ മുമ്പിൽ മറ്റെന്താണ് എന്നവർ മനസ്സിലാക്കി. അടുത്ത ദിവസങ്ങളിൽത്തന്നെ അനുയോജ്യമായ ജോലികൾക്കു പോകാമെന്ന് അവർ തീരുമാനമെടുത്തു. മടിയന്മാരായ മൂന്നു മുടിയന്മാരെ മെരുക്കിയ മനസ്സന്തോഷത്തിൽ ഞാൻ ദൈവത്തിനു നന്ദിപറഞ്ഞു മടങ്ങി.

"മടിയനായ മനുഷ്യാ, എറുമ്പിന്റെ പ്രവൃത്തി കണ്ട് വിവേകിയാകുക" (സുഭാ. 6:6).

മക്കളെയാണെങ്കിലും, വിളമ്പുന്ന ഓരോ വറ്റിലും വിയർപ്പിന്റെ വിലയറിയിക്കണം. വിദ്യാഭ്യാസം ഏറെക്കുറഞ്ഞവരും, വിയർപ്പിന്റെ വിലയിൽ വിജയങ്ങൾ നേടി വിരാജിക്കുന്നുണ്ട്. അലസത അർബുദം പോലെയാണ്; ആരംഭത്തിലേ ചികിത്സിച്ചില്ലെങ്കിൽ അത് ആകെ പടർന്നുപിടിക്കും.

"സുവിശേഷം പ്രസംഗിക്കുമ്പോഴും നിങ്ങളിലാർക്കും ഭാരമായിത്തീരരുതെന്നു കരുതി ഞങ്ങൾ രാപ്പകൽ അധ്വാനിച്ചു" (1തെസ. 2:9). ○

Published by Fr. Jose Thekkepurathu • Owned by Family Apostolate, Pastoral Centre, Changanacherry • Phone: 0481 2424476 • Printed at St. Joseph Orphanage Press, Changanacherry
Chief Editor: Fr. Johnykutty Tharakunnel